ഡിസംബർ 2022

വില ₹30

# ജീവനും വെളിച്ചവും

**കോർപ്പറേറ്റുകൾക്കുവേണ്ടി
വർഗ്ഗീയ ശക്തികളെ
കൂട്ടുപിടിച്ച് അതിജീവന
ഭീഷണി നേരിടുന്ന
അടിസ്ഥാന വിഭാഗത്തെ
അടിച്ചമർത്തുന്നത്
ജനാധിപത്യ സർക്കാരിന്
ഭൂഷണമോ...?**



അനുദിന ദിവ്യബലിക്ക് ഒരുങ്ങുന്നതിനും
ആത്മീയ വളർച്ചയ്ക്ക് സഹായിക്കുന്നതിനും
പാഥേയമായ അനുദിനവചനങ്ങൾ, വിചിന്തനങ്ങൾ,
വിശുദ്ധർ എന്നിവയടങ്ങിയ ബൈബിൾ ഡയറി.

# വചനം 2023




**വില: ₹ 200**

50-ൽ കൂടുതൽ കോപ്പികൾ ഓർഡർ ചെയ്യുന്നവർക്ക് അഡ്രസ്സിൽ എത്തിക്കുന്നതാണ്

വെള്ളയമ്പലം അജപാലന ശുശ്രൂഷ കാര്യാലയത്തിലും, സെന്റ്. പോൾ ബുക്ക് സ്റ്റാളിലും ഡയറി ലഭ്യമാണ്.

**PASTORAL MINISTRY**
Samanwaya, Archbishop's House Compound
Vellayambalam, Trivandrum - 695 003
Ph. 0471 - 2724001, Mob. 94000 81767
E-mail - pastoralministrytvm@gmail.com

**ജീവനും വെളിച്ചവും**

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2022 ഡിസംബർ
പുസ്തകം - 46 ലക്കം - 12
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com
www.archtvmnews.com

**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. ലോറൻസ് കുലാസ്
ഫാ. ഡാർവിൻ പീറ്റർ
ഫാ. ഡാനിയേൽ ആർ.
ഫാ. ഡൈസൺ
ഫാ. ആഷ്‌ലിൻ ജോസ്
ഫാ. മൈക്കിൾ തോമസ്
ഫാ. സന്തോഷ്കുമാർ പനിയടിമ
ഫാ. ക്രിസ്റ്റിൽ റൊസാരിയോ
ഫാ. ഷാജിൻ ജോസ്
ഫാ. സിൽവസ്റ്റർ കുരിശ്
ഫാ. നിജു അജിത്
പി. ശശിധരൻ
**പത്രാധിപർ**
ഫാ. ദീപക് ആന്റോ
**സഹ പത്രാധിപർ**
ഫാ. ലെനിൻ ഫെർണാണ്ടസ്
ബർഗ്മാൻ തോമസ്
**മാനേജർ (പരസ്യവിഭാഗം)**
ഫാ. മനീഷ് പീറ്റർ
**പത്രാധിപ സമിതി**
മോൺ. ജെയിംസ് കുലാസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
സിന്ധുമരിയ നെപ്പോളിയൻ
**ആർട്ടിസ്റ്റ്**
വർഗീസ് ജോർജ്ജ്
**ഡിറ്റിപി & ലേ-ഔട്ട്**
സുനിൽകുമാർ
**ഓഫീസ് നിർവഹണം**
ടെൽമ ജെ.വി.

*Account Details:*
State Bank of India
A/C No. 57027220934
IFSC : SBIN0070308
A/C Name : Editor, Jeevanum Velichavum

## മുഖവിചാരം

# ഓഖിയിൽ നിന്നും വിഴിഞ്ഞത്തേക്കെത്ര ദൂരം

'കടലാഴങ്ങളിലേക്ക് പോയ മനുഷ്യരെന്തേ മടങ്ങിയെത്തുന്നില്ല... എന്ന നിസ്സഹായ നിലവിളികളോടെ കടൽത്തീരത്തു നിന്ന പിതാക്കന്മാരുടെ, അമ്മമാരുടെ, ഭാര്യമാരുടെ, മക്കളുടെ ആ ദിവസത്തിന്റെ ഓർമ്മകൾ വീണ്ടും തിരികെയെത്തുകയാണ്. അന്ന് ഇരുട്ടിൽ തപ്പിയ, അനാസ്ഥ കാണിച്ച മനുഷ്യരും കാലിന്മേൽ കാലിട്ടിരുന്നു സിനിമ കണ്ട സാംസ്കാരിക നായകരും തിരുവനന്തപുരത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ 'നിസ്സഹായത' എന്താണെന്ന് പഠിപ്പിച്ചു. നിസ്സഹായരാകുമ്പോൾ എങ്ങനെ കരയണമെന്ന് മന്ത്രിമാർ ക്ളാസ്സെടുത്തു.

പിന്നെ കോവിഡ് സമയത്ത് ഇന്ത്യാ മഹാരാജ്യത്താദ്യമായി റൂട്ട് മാർച്ച് നടത്തി അച്ചടക്കം സ്ഥാപിക്കാൻ ശ്രമിച്ച അധികാരികൾ പഠിപ്പിച്ചതാകട്ടെ നിങ്ങൾക്കെന്താണ് വേണ്ടതെന്ന് ഞങ്ങൾക്കറിയാമെന്നും അത് നിങ്ങളെ പഠിപ്പിക്കാനും നിങ്ങൾക്കായി അക്കാര്യം തീരുമാനിക്കാനും ഞങ്ങളുണ്ട് എന്നുമായിരുന്നു.

ടിയർ ഗ്യാസിന്റെ നീറ്റലടിച്ച്, ലാത്തിയടിയേറ്റ് പുറം പൊളിഞ്ഞ വൈദികർക്കൊപ്പം, ജാതിപ്പേര് ചേർത്ത് പോലീസേമാന്മാർ വിളിച്ച പുളിച്ച തെറിയും കേട്ട് വിഴിഞ്ഞത്ത് നിൽക്കുമ്പോഴും അതേ നിസ്സഹായതയും അപകർഷതയുമാണ് മനസ്സിലനുഭവിച്ചത്.

രക്ഷിക്കേണ്ട, രക്ഷകരാകേണ്ട നിയമവും നിയമപാലകരും അധികാരികളും ലാഭക്കൊതിമൂത്ത് നിൽക്കുന്നു. മറുവശം പറയേണ്ട മാധ്യമങ്ങളും സാംസ്കാരിക നായകന്മാരും, നല്ലൊരു വിഭാഗം ജനങ്ങളുമിനിയും വിശ്വസിക്കുന്നത് മത്സ്യത്തൊഴിലാളികൾക്ക് വിവരമില്ലെന്നും അവർ ചിന്തിക്കാൻ ശേഷിയില്ലാത്തവരും ജാതീയവും മതപരവുമായ 'ശക്തികളുടെ കൈകളിലെ ചട്ടുകങ്ങൾ മാത്രമാണെന്നുമാണ്. മാത്രമല്ല ഈ വാണിജ്യ തുറമുഖവും തീരനഷ്ടവും തൊഴിൽ നഷ്ടവും മത്സ്യത്തൊഴിലാളികൾക്ക് നല്ലതാണെന്ന് അധികാരികൾ മത്സ്യത്തൊഴിലാളികളെ വീണ്ടും വീണ്ടും പഠിപ്പിച്ചുകൊണ്ടിരിക്കുന്നു.

അധികാരികൾ മനസ്സിലാക്കേണ്ട ഒരു കാര്യം അധികാരത്തിലെ പങ്കാളിത്തവും ശാക്തീകരണവും സുതാര്യതയുമൊക്കെ ഞങ്ങളെയാരും പഠിപ്പിക്കാൻ വരണ്ട. മൂന്ന് ദശാബ്ദങ്ങളായി സാധാരണക്കാരായ മനുഷ്യരുടെ പങ്കാളിത്തത്തോടെ, ബി.സി.സി. ഘടനകളിലൂടെ സഭയിൽ അത് നടക്കുന്നുണ്ട്. കാരണഭൂതനെ നിലം തൊടാതെ വിഴുങ്ങുന്ന പാർട്ടിക്കാരുടെയും, നിരന്തരം ഓശാന പാടുന്ന നട്ടെല്ലില്ലാത്ത സാംസ്കാരിക പ്രവർത്തകരുടെയും കോർപ്പറേറ്റ് മണികിലുക്കം കണ്ട് കണ്ണ് മഞ്ഞളിക്കുന്ന മാധ്യമങ്ങളുടെയും ക്ലാസ്സുകൾ ഞങ്ങൾക്കാവശ്യമില്ല.

നമുക്കൊരുമിച്ച് മുന്നോട്ടുപോകാം. നമ്മുടെ കാലം അതാണ് നമ്മോട് ആവശ്യപ്പെടുന്നത്.

**- പത്രാധിപർ**

# പ്രതികരണങ്ങൾ




## അധികാരത്തിന്റെ എച്ചിൽ തീനികൾ

ജീവനും വെളിച്ചവും മാസികയിലെ നവംബർ ലക്കം മുഖവിചാരം വിഴിഞ്ഞം സമരത്തെക്കുറിച്ചെഴുതിയത് വളരെ നന്നായിരുന്നു. കണ്ണുമൂടി കെട്ടിയ നീതിന്യായവ്യവസ്ഥിതിയേയും കമ്മിഷൻ കൈപ്പറ്റിയ ഭരണനേതൃത്വങ്ങളെയും കരുണയില്ലാത്ത കോർപ്പറേറ്റ് കുത്തകകളെയും സാംസ്കാരിക പിമ്പുകളെയും ശക്തമായ ഭാഷയിൽ വിമർശിച്ചത് കാലോചിതം തന്നെ.

**ജോൺസൺ**, പൂന്തുറ

## ജീവിതമാണ് ലഹരി

**ശ്രീ**മതി ജയന്തി ടി. എഴുതിയ 'ജീവിതം ലഹരിയാക്കൂ...' എന്ന ലേഖനം കാലിക പ്രസക്തമാണ്. യുവതലമുറയിലെ നല്ലൊരുപങ്കും ലഹരിക്കടിമപ്പെടുകയും അതിക്രമങ്ങളിൽ ചെന്നുപെടുകയും ചെയ്യുന്നത് നാം നിത്യേന പത്രങ്ങളിലൂടെ വായിച്ചറിയുന്നു. ലഹരിയല്ല, ജീവിതമാണ് മഹത്തരം എന്നു പറയുന്നത് എത്ര അർഥവത്താണ്. ലേഖികയ്ക്കും ജീവനും വെളിച്ചവും മാസികയ്ക്കും എല്ലാ ഭാവുകങ്ങളും.

**സുജ**, മംഗലത്തുകോണം

## മായുന്ന തീരവും പെയ്തൊഴിയാത്ത കണ്ണീരും

**ന**വംബർ ലക്കം ജീവനും വെളിച്ചവും മാസികയിൽ വന്ന വിഴിഞ്ഞം തുറമുഖസമര സമിതി കൺവീനർ മോൺ. യൂജിൻ എച്ച്. പെരേരയുമായി നടത്തിയ അഭിമുഖം കൃത്യവും സത്യസന്ധതയും നിറഞ്ഞ തീരദേശവാസികൾ അനുഭവിക്കുന്ന അവഗണനകളെ ആഴത്തിൽ അടയാളപ്പെടുത്തുന്ന അനുഭവമായിമാറി. അഭിമുഖം വായിച്ചശേഷം എഴുതിയ കുറിപ്പാണിത്. ജനിച്ചനാട്ടിൽ ജീവിക്കുവാനുള്ള മത്സ്യത്തൊഴിലാളികളുടെ പോരാട്ടമാണ് വിഴിഞ്ഞം തുറമുഖസമരം. പ്രതികരിക്കുവാനോ മെഴുകുതിരിനാളമേന്തുവാനോ മലയാളിമനസ്സുകളേ നിങ്ങൾക്കാവുന്നില്ലെങ്കിൽ നിങ്ങൾ മനുഷ്യരാണോ? പഴങ്കഥയല്ല ഒരു പുതിയകഥ പറയാം. നാടറിഞ്ഞ നാട്ടാരറിഞ്ഞ നെറിവും നന്മയുമുള്ള കഥ. ഓഖിയുടെ മുറിവുണക്കാൻ കഴിയാതെ വിതുമ്പുന്ന നാളിലും സഹജീവിയോടുള്ള കരുണയെപ്രതി പ്രളയമുഖത്ത് ഓടിയെത്തി അസംഖ്യം ആളുകളെ കോരിയെടുത്തവരാണ് തീരദേശത്തെ മത്സ്യത്തൊഴിലാളികൾ. ഈ മനുഷ്യരാണ് ഇപ്പോൾ തെരുവീഥികളിൽ അലയുന്നത്. ഈ മനുഷ്യരെയാണ് ഇപ്പോൾ രാജ്യദ്രോഹികൾ എന്ന് മുദ്രകുത്തുന്നത്. അധികാരം തലയ്ക്കുപിടിച്ച്, വേഷങ്ങൾ പലതുമണിഞ്ഞ്, പകൽവെളിച്ചത്തിൽ മാന്യന്മാരാകുന്ന രാഷ്ട്രീയക്കാരാണ് യഥാർത്ഥ രാജ്യദ്രോഹികൾ. അറിയുക, കടൽവിട്ടുപോയാൽ ഞങ്ങൾക്കൊരു ജീവിതമില്ല. ജനിച്ചത് ഈ മണ്ണിൽ മരിക്കുന്നതും ഈ മണ്ണിൽ തന്നെ. കൊടിയുടെ നിറമോ രാഷ്ട്രീയമോ നോക്കിയല്ല ഞങ്ങളുടെ സമരം. മരണം വരെയും ഞങ്ങൾ പോരടിക്കും. കടൽ പഠിപ്പിച്ച കരുണയും കനിവും ഞങ്ങൾക്ക് കൂട്ടായുണ്ട്. ഞങ്ങൾ ചോദിക്കുന്നത് യാചനയല്ല പിറന്ന മണ്ണിൽ ജീവിക്കാനുള്ള അവകാശമാണ്. എന്നും തോറ്റുപോകാൻ വിധിക്കപ്പെട്ട ഒരു ജനതയ്ക്കുവേണ്ടിയാണ് ഞങ്ങൾ മുറവിളികൂട്ടുന്നത്.

**അലക്സി**, അഞ്ചുതെങ്ങ്

## വ്യതിരിക്തമായ സൃഷ്ടികൾ

**ക**ഴിഞ്ഞ ലക്കം ജീവനും വെളിച്ചവും മാസികയിൽ വന്ന ഷൈജു അലക്സിന്റെ സാധ്യതയും ഗ്ലേവിയസിന്റെ നെഞ്ചിടിയും വ്യതിരിക്തമായ രണ്ടുകവിതകളാണ്. ഭാഷ കൊണ്ടും പ്രമേയം കൊണ്ടും വേറിട്ട അനുഭവമായി.




അനന്തപുരിയുടെ ചരിത്രവഴികളിലൂടെ നിശബ്ദനായി നടന്നുനീങ്ങിയ മാത്യു പെരേരയെക്കുറിച്ചുള്ള ഓർമ്മകൾ...

നഗരപഴമയുടെ നേർസാക്ഷി

ശ്രീ. പ്രവീൺ പി. യുടെ തമ്പാളി എന്ന കഥയും മികച്ചതായി. കുമ്പാരിമാരെ, അവരുടെ കൂട്ടിനെ നന്നായി കഥയിൽ വിവരിക്കുന്നു. ശ്രീ. ഇഗ്നേഷ്യസ് തോമസിന്റെ ചരിത്രപഥത്തിൽ ഇപ്രാവശ്യം കണ്ടെത്തിയ മാത്യു പെരേരയെക്കുറിച്ചുള്ള ഓർമകൾ ഗംഭീരമായി. അനന്തപുരിയുടെ ചരിത്രവഴികളിലൂടെ നിശബ്ദനായി, എന്നാൽ കർമനിരതനായി നടന്നുനീങ്ങിയ ആ വലിയ മനുഷ്യനെ ഓർത്തെടുത്തത് ഉചിതമായി. ഇത്തരം ചില മനുഷ്യരെ കാലം കണ്ടെടുക്കുക തന്നെ ചെയ്യും എന്ന് ഓർമ്മക്കുറിപ്പ് വായിച്ചപ്പോൾ തോന്നി. എഴുത്തുകാർക്ക് പ്രത്യേക അഭിനന്ദനങ്ങൾ, ജീവനും വെളിച്ചവും മാസിക ഉന്നതനിലവാരം പുലർത്തുന്ന ഒന്നായി മാറുന്നതിൽ അതിയായി സന്തോഷിക്കുന്നു. ഭാവുകങ്ങൾ...

**സീറ്റ ഡിക്രൂസ്**, പേട്ട

# താളുകളിൽ


**അതിജീവന സമരവും ഉരുത്തിരിയുന്ന അല്മായ നേതൃത്വവും** 6
ഫാ. മൈക്കിൾ തോമസ്

**ബിസിസി, ഇടവക: സിനഡാത്മകതയുടെ രംഗവേദി** 12
ഫാ. നിക്കോളസ് താർസിയൂസ്

**കൈവിട്ടുപോയ ഇന്നലെകൾ** 20
സിസ്റ്റർ ലീമ രാജൻ

**ദൈവസമക്ഷം ഒരു വികാരിയച്ചന്റെ കത്ത്** 22

*കഥ:*
**ചോർച്ച** 24
വിൻസെന്റ് ലോപ്പസ്

*കവിത:*
**ആത്മാവിന്റെ വേരുകൾ** 19
റോബ്സൺ

**കടലിന്റെ ആരവം** 21
ലൈല പുലരി

**നല്ലിടയൻ**
മേഴ്സി സിറിൾ

**കാനോൻ ലോ** 25
ഫാ. ജോസ് ജി,

**ചരിത്രപഥം** 26
ഇഗ്നേഷ്യസ് തോമസ്

**വായന** 28
ഡോ. സീന ഫെലിക്സ്

**സിനിമ** 29
സുനിൽ സി. ഇ

**വാർത്തകൾ** 30

**നീർച്ചാൽ** 34

**വചനജ്വാല** 40

**നേർക്കാഴ്ച** 42
ജെ.സി.










## ലേഖനം



**കൂട്ടായ്മയുടെയും കഠിനാദ്ധ്വാനത്തിന്റെയും കൂട്ടുത്തരവാദിത്തത്തിന്റെയും പുത്തൻ സംസ്കാരത്തിന് നാന്ദികുറിക്കുകയാണ് തീരമക്കളുടെ അതിജീവന സമരത്തിലൂടെ**

# അതിജീവന സമരവും ഉരുത്തിരിയുന്ന അല്മായ നേതൃത്വവും

## തീരദേശത്തിന്റെ പ്രത്യാശാ കിരണങ്ങൾ

“**അ**ബദ്ധ സിദ്ധാന്തങ്ങളെ സഭ എന്നും എതിർത്തിട്ടുണ്ട്. എന്നാൽ ഇക്കാലത്താകട്ടെ കാഠിന്യത്തിന്റെ കരവാളെടുക്കുന്നതിനേക്കാൾ കാരുണ്യത്തിന്റെ ഔഷധം പ്രയോഗിക്കുവനാണ് ക്രിസ്തുവിന്റെ മണവാട്ടി ഇഷ്ടപ്പെടുന്നത്. ശാപവാക്കുകളുച്ചരിക്കുന്നതിനേക്കാൾ അവളുടെ പഠനങ്ങളുടെ ശക്തിയും ഫലപുഷ്ടിയും പ്രത്യക്ഷമാക്കുന്നതുകൊണ്ട് ഇന്നത്തെ ലോകത്തിന്റെ ആവശ്യങ്ങൾ സാധിക്കാമെന്നാണ് സഭ വിശ്വസിക്കുന്നത്. . . കത്തോലിക്കാസഭ സത്യത്തിന്റെ കൈത്തിരി ഉയർത്തിപ്പിടിച്ചുകൊണ്ട് വാത്സല്യപൂർണ്ണയായൊരു മാതാവായി സകലർക്കും തന്നെത്തന്നെ കാണിക്കാൻ ആഗ്രഹിക്കുന്നു. അവൾ സൗമ്യയാണ്, ക്ഷമാശീലയാണ്, തന്നിൽനിന്ന് വേർപ്പെട്ട മക്കളോട് കരുണയും നന്മയും നിറഞ്ഞവളാണ്.”

ആഗോള കത്തോലിക്കാസഭയുടെ ആധുനീകത്ത്വത്തിന് ഹേതുവും സഭയിലെ അല്മായരുടെ സജീവപങ്കാളിത്തത്തിനും വളർച്ചക്കും പ്രചോദനവുമായിത്തീർന്ന രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ഉദ്ഘാടന പ്രസംഗത്തിൽ ഭാഗ്യസ്മരണാർഹനായ വിശുദ്ധ ജോൺ 23-ാമൻ പാപ്പ ഉദ്ഘോഷിച്ച വരികളാണ് മുകളിൽ പ്രസ്താവിച്ചത്. മാതൃസഹജമായ ഹൃദയത്തോടെ സഭാതനയരെ ചേർത്തു പിടിക്കുവാനും കാലോചിതമായ രീതിയിൽ അവരുടെ ആവശ്യങ്ങളോട് പ്രത്യുത്തരിക്കുവാനും സഭാമാതാവ് എന്നും ശ്രദ്ധാലുവായിട്ടുണ്ട്.

രണ്ടാം വത്തിക്കാൻ കൗൺസിലിനെ സഭയിലെ അല്മായരുടെ പങ്കാളിത്തത്തിന്റെയും പ്രേഷിതദൗത്യത്തിന്റെയും ഉണർത്തുപാട്ടായാണ് സഭാവിജ്ഞാനീയ പ




**ഫാ. മൈക്കിൾ തോമസ്**
അതിരൂപതാ അല്മായ
ശുശ്രൂഷാ ഡയറക്ടർ

ണ്ഡിതന്മാർ വിലയിരുത്തുന്നത്. ആഗോള കത്തോലിക്കാസഭയെ നയിച്ചുകൊണ്ടിരിക്കുന്ന വലിയ ഇടയൻ, ഫ്രാൻസിസ് പാപ്പ, റോമൻ കൂരിയയിലെ പ്രധാന തിരുസംഘങ്ങളിലും ശുശ്രൂഷാ സമിതികളിലും അല്മായരുടെ പങ്കാളിത്തവും സജീവ സാന്നിദ്ധ്യവും ഉണ്ടാകണം എന്ന് അതിയായി ആഗ്രഹിക്കുകയും നിഷ്കർഷിക്കുകയും ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം ലത്തീൻ അതിരൂപതയെ സംബന്ധിച്ചിടത്തോളം സഭാ പ്രവർത്തനങ്ങളിൽ അല്മായരുടെ പങ്കാളിത്തവും സജീവസാന്നിദ്ധ്യവും 1990 കളുടെ തുടക്കം മുതൽ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ ആവിർഭാവത്തോടെ സജീവമാണ്. ഇക്കാര്യത്തിൽ ഭാരത സഭക്കും കേരളസഭക്കും തിരുവനന്തപുരം ലത്തീൻ അതിരൂപതയാകുന്ന പ്രാദേശിക സഭ എന്നും പ്രചോദനവും മാതൃകയുമായിട്ടുണ്ട്. അതിരൂപതയുടെ പങ്കാളിത്ത സംവിധാനങ്ങളായ അതിരൂപതാ പാസ്റ്ററൽ കൗൺസിൽ, വിവിധ ശുശ്രൂഷാ സമിതികൾ, ഫെറോന കൗൺസിലുകൾ, ഇടവക അജപാലന സമിതികൾ, അതിരൂപതാ - ഇടവക ധനകാര്യസമിതികൾ എന്നീ സംവിധാനങ്ങളിലെല്ലാം അല്മായരുടെ പങ്കാളിത്തവും സജീവസാന്നിദ്ധ്യവും നിസ്തുലമായ സംഭാവനകളും ശ്രദ്ധേയമാണ്.

ഇതൊക്കെയാണെങ്കിലും ഇടവകകളിലെ അല്മായരുടെ ഇടപെടലുകളെ വിമർശനാത്മകവും സത്യസന്ധവുമായി വിലയിരുത്തുമ്പോൾ അഭിനന്ദനാർഹവും ശുഭസൂചകവുമായ നിരവധി സംഭാവനകളെ എടുത്തു പറയുമ്പോഴും ശ്രദ്ധിക്കേണ്ടതും തിരുത്തപ്പെടേണ്ടതുമായ മേഖലകളും വിരളമല്ല എന്നു കാണുവാൻ സാധിക്കും. അജപാലകരോട് ചേർന്നു നിന്നുകൊണ്ട് സഭയുടെയും സമുദായത്തിന്റെയും സമഗ്രമായ വളർച്ചക്കു വേണ്ടി കൂട്ടായും കൂട്ടുത്തരവാദിത്തത്തോടും കൂടി പ്രവർത്തിക്കേണ്ടതിനുപകരം പലപ്പോഴും സഭ എന്താണെന്നു മനസ്സിലാക്കാതെയും, ആത്മീയ അടിത്തറയും വിശ്വാസപക്വതയുമില്ലാതെ ശുശ്രൂഷാ സംവിധാനങ്ങളിൽ കടന്നു പറ്റുന്ന അല്മായർ സഭക്കുമാത്രമല്ല സമുദായത്തിനാകമാനം അപമാനമാകുന്നു.

**തിരുവനന്തപുരം ലത്തീൻ അതിരൂപതയെ സംബന്ധിച്ചിടത്തോളം സഭാ പ്രവർത്തനങ്ങളിൽ അല്മായരുടെ പങ്കാളിത്തവും സജീവസാന്നിദ്ധ്യവും 1990 കളുടെ തുടക്കം മുതൽ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ ആവിർഭാവത്തോടെ സജീവമാണ്. ഇക്കാര്യത്തിൽ ഭാരത സഭക്കും കേരളസഭക്കും തിരുവനന്തപുരം ലത്തീൻ അതിരൂപതയാകുന്ന പ്രാദേശിക സഭ എന്നും പ്രചോദനവും മാതൃകയുമായിട്ടുണ്ട്.**

ഇവിടെയാണ് 2022 ജൂലൈ 20 ന് ആരംഭം കുറിച്ച് കേരളത്തിലെ പൊതുസമൂഹത്തിനും വിശിഷ്യ, കേരളത്തിലെ തീരജനതയ്ക്ക് ഒന്നാകെ പ്രചോദനവും മാതൃകയുമേകിക്കൊണ്ട് 130 ദിവസത്തിലേറെയായി തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന അതിജീവനസമരത്തിന്റെ പ്രസക്തി വെളിവാകുന്നത്. അതിരൂപതയിലെ അഭിവന്ദ്യ പിതാക്കന്മാരോടൊന്നു ചേർന്ന് വൈദീക കൂട്ടായ്മ ഒത്തൊരുമയോടെ ആരംഭം കുറിച്ച തീരജനതയുടെ അതിജീവനസമരം ഇപ്പോൾ അല്മായർ നെഞ്ചിലേറ്റിയിരിക്കുകയാണ്. മത്സ്യത്തൊഴിലാളി സമൂഹമായ അടിസ്ഥാന വർഗ്ഗത്തിന്റെ നിലനില്പിനുവേണ്ടി, ജീവിക്കുവാനും അന്തസ്സോടെ തൊഴിലെടുക്കുവാനും തങ്ങളുടെ പാർപ്പിടത്തിനും തൊഴിലിടത്തിനും തൊഴിലുപകരണങ്ങൾക്കും സുരക്ഷിതത്വം ആവശ്യപ്പെട്ടുകൊണ്ടുള്ള അതിജീവന സമരത്തിലൂടെ ഒരു പുത്തൻ അല്മായ നേതൃനിര തന്നെ രൂപപ്പെട്ടുവരുന്നുവെന്നത് ആശാവഹമാണ്. പ്രത്യേകിച്ച് തീരജനതയുടെ ഈ അതിജീവന സമരം സ്ത്രീ മുന്നേറ്റത്തിനും അല്മായ നേതൃത്വത്തിന്റെ നേതൃപാടവവും ആത്മവിശ്വാസ വർദ്ധനവിനും അല്മായ - സമുദായ സംഘടനകളുടെ വളർച്ചക്കും വ്യാപനത്തിനും വഴി തെളിച്ചു എന്നത് നിസ്തർക്കമായ കാര്യമാണ്. കൂടാതെ അല്മായരുടെയും അജപാലകരുടെയും കൂട്ടായ്മയും കൂട്ടുത്തരവാദിത്ത്വവും സഹവർത്തിത്ത്വവും ഗണ്യമായി വർദ്ധിക്കാൻ കാരണമായി.

പ്രതിസന്ധികൾ ഏറെയുണ്ടെങ്കിലും അല്മായരുടെയും വൈദീകരുടെയും സമർപ്പിതരുടെയും പരസ്പര വിശ്വാസവും കൂടിയാലോചനകളും അതിലൂടെ ഉരുത്തിരിയുന്ന തീരുമാനങ്ങളും അതിജീവനസമരത്തിനു നല്കുന്ന പ്രത്യാശ വളരെ വലുതാണ്. സമരനേതാക്കളെയും പ്രതിനിധികളെയും കള്ളകേസിൽ പെടുത്തിയും കല്ലുവച്ച നുണ പ്രചരണത്തിലൂടെ പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിച്ചും കുത്തകമുതലാളിമാർക്ക് ഒത്താശ ചെയ്തും തൊഴിലാളിവർഗ്ഗത്തെ അധിക്ഷേപിച്ചും സമരത്തിന്റെ വീര്യം കെടുത്താൻ ശ്രമിക്കുമ്പോൾ ഫീനിക്സ് പക്ഷിയെപോലെ ചിറകടിച്ച് ഉയിർത്തെഴുന്നേല്ക്കുന്ന സമരസേനാനികളുടെ വീര്യം തൊഴിലാളി സമൂഹത്തിനും അസംഘടിത ജനവിഭാഗത്തിനും പ്രത്യാശയുടെ പൊൻകിരണം പ്രദാനം ചെയ്യുന്നു; കൂട്ടായ്മയുടെയും കഠിനാദ്ധ്വാനത്തിന്റെയും കൂട്ടുത്തരവാദിത്തത്തിന്റേയും പുത്തൻ സംസ്കാരത്തിന് നാന്ദികുറിക്കുകയാണ് തീരമക്കളുടെ അതിജീവന സമരത്തിലൂടെ. ഇതിന്റെ നേതൃസാക്ഷ്യങ്ങളാണ് തിരുവനന്തപുരം അതിരൂപതാ KLCA പ്രസിഡന്റും അതിജീവനസമര കൺവീനറുമായ ശ്രീമാൻ പാട്രിക് മൈക്കിളിന്റേയും അതിരൂപതാ റിസോഴ്സ് അംഗവും സമരസമിതി കൺവീനറുമായ ശ്രീമാൻ നിക്സൺ ലോപ്പസിന്റേയും സ്വയം സഹായ സംഘങ്ങളുടെയും പൂവ്വാർ തീരവനിതകളുടെയും പ്രതിനിധിയായ എൽസി ഗോമസിന്റെയും ഉൾക്കാഴ്ചയേകുന്ന അനുഭവസാക്ഷ്യങ്ങൾ.

# അതിജീവനസമരം അല്മായ സമുദായസംഘടന

**പാട്രിക് മൈക്കിൾ**

**കേ**രള ലത്തീൻ സമുദായത്തിൽ ലത്തീൻ സഭയുടെ ഉന്നതികാര സമിതിയുടെ കീഴിൽ അല്മായ സമുദായ സംഘടനകൾ ഉണ്ടെങ്കിലും തിരുവനന്തപുരം ലത്തീൻ അതിരൂപതയിൽ വേണ്ടത്ര രീതിയിൽ വേരുന്നിയിട്ടില്ല എന്നതാണ് പ്രധാനകാര്യം.

എന്നാൽ വിഴിഞ്ഞം സമരവുമായി ബന്ധപ്പെട്ട് ഒരുപാട് അല്മായർ സമരമുഖത്ത് മുന്നോട്ട് വന്നിട്ടുണ്ട്. സമരത്തിന് നേതൃത്വം നൽകാൻ, സജീകരണങ്ങൾ ചെയ്യാൻ, സമര ഭടന്മാരെ നിയന്ത്രിക്കാൻ, ചർച്ചകൾ നടത്താൻ, ചാനൽ ചർച്ചകളിൽ സംവദിക്കാൻ തുടങ്ങി നല്ലൊരു ശതമാനം അല്മായർ തയ്യാറാണ്.

നിലവിൽ തിരുവനന്തപുരം ലത്തീൻ അതിരൂപതയിൽ KLCA, KLCWA, DCMS, KLM, TMF എന്നീ സംഘടനകളും യുവജന സംഘടനയായ KCYM മും പ്രവർത്തിച്ചു വരുന്നു. വിഴിഞ്ഞം സമരം ഈ സംഘടനകളുടെ ഉണർത്ത് പാട്ടായിട്ടാണ് നാം കാണേണ്ടത്. സംഘടിതമായി ഒരുമിക്കേണ്ടതിന്റെയും സംഘടനകൾ വളരേണ്ടതിന്റെയും ആവശ്യകതകൾ എന്തിനാണെന്നുള്ള ചോദ്യത്തിന് ഉത്തരവുമാണ് വിഴിഞ്ഞം സമരം. നമ്മുടെ ന്യായമായ ആവശ്യങ്ങൾ (സർക്കാരിന്റെ കടമ) നടത്തിച്ചു തരാൻ സർക്കാർ കാണിക്കുന്ന നിസംഗത നമ്മൾ കുറച്ച് വർഷങ്ങളായി അനുഭവിക്കുകയാണ്. ഇതിൽ നിന്നും കരകയറാൻ ഇനി ഇത്തരത്തിൽ നമ്മുടെ സഹോദരങ്ങൾക്ക് ദുരനുഭവങ്ങൾ ഉണ്ടാകാതിരിക്കാൻ സംഘടനകളിലൂടെ വളർന്ന് അല്മായരും അല്മായ സംഘടനകളും ശക്തി തെളിയിക്കേണ്ടതിന്റെ സമയമാണിത്.

വിഴിഞ്ഞം അതിജീവന സമരത്തിന്റെ ഭാഗമായി കഴിവ് തെളിയിച്ച് സമുദായ സംഘടനയെ ഉയർത്തിയ പല അല്മായ നേതൃത്വവും മുന്നിൽ വന്നു. സ്വതന്ത്ര ചിന്താഗതിയിലൂടെ ചാനലുകൾക്ക് മുന്നിൽ പതറാതെ അഭിപ്രായങ്ങൾ പറയുകയും സമരത്തെ എതിർക്കുന്നവരോടൊപ്പം ചാനൽ ചർച്ചകളിലും പങ്കെടുക്കാനും നേതാക്കളെയും സമുദായ സംഘടനകളെയും വളർത്തുന്നതിനും വിഴിഞ്ഞം സമരവേദി വളക്കൂറായുള്ള മണ്ണായിമാറി. സർക്കാരുമായുള്ള ചർച്ചകൾ, ദേശീയ സംസ്ഥാന നേതാക്കളെ കണ്ട് ചർച്ച നടത്തുന്നതിനും അല്മായ നേതാക്കൾക്ക് കഴിഞ്ഞു എന്നുള്ളത് ഇതിൽ എടുത്തു പറയേണ്ട കാര്യമാണ്. ഇത് ലത്തീൻ അതിരൂപതയുടെ പ്രോത്സാഹനവും

# അല്മായ നേതൃപാടവത്തിന്റെയും സ്ത്രീ മുന്നേറ്റ

**നിക്സൺ ലോപ്പസ്**

**തി**രുവനന്തപുരം ലത്തീൻ അതിരൂപതയിൽ മത്സ്യത്തൊഴിലാളി വിഭാഗം ജനങ്ങൾ വർഷങ്ങളായി സർക്കാരിന്റെ മുന്നിൽ വിവിധ തരത്തിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള ആവശ്യങ്ങളുടെ മേൽ അനുഭാവപൂർവ്വമായ നിലപാടോ, തീരുമാനങ്ങളോ, നടപടികളോ, പദ്ധതികളോ നടപ്പിൽ വരുത്താത്തത് കൊണ്ടാണ് അതിരൂപതയുടെ നേതൃത്വത്തിൽ 7 ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് മത്സ്യത്തൊഴിലാളികൾ സമരം ആരംഭിച്ചത്. 2022 ജൂലൈ മാസം ഇരുപതാം തിയതി സെക്രട്ടറിയേറ്റ് നടയിൽ ആരംഭിച്ച സമരത്തിന് ആരംഭത്തിൽ വൈദീകരാണ് നേതൃത്വം നൽകിയിരുന്നത് എങ്കിലും, തുടർന്നുള്ള ദിവസങ്ങളിൽ ഈ വിഷയത്തോട് താൽപര്യമുള്ള, മത്സ്യത്തൊഴിലാളി വിഭാഗത്തോട് പ്രതിബദ്ധതയുള്ള ഒരു സംഘം അല്മായർ സമരത്തിന്റെ നേതൃത്വം ഏറ്റെടുക്കുകയും, വളരെ തീക്ഷ്ണതയോട് കൂടി സമരം മുന്നോട്ടു കൊണ്ടുപോവുകയും ചെയ്യുന്നു. മെത്രാന്മാരുടെയും വൈദീകരുടെയും സാന്നിധ്യം ഈ സമരത്തിന് ആവേശം പകർന്നു എങ്കിലും അല്മായർ വളരുന്നതിനും, അവരുടെ കഴിവുകൾ സമുദായത്തിന് വേണ്ടി പുറത്തെടുക്കുന്നതിനും അതിരൂപതയെ ഒന്നാകെ ഒരുമിച്ച് നടത്തുന്നതിനും അല്മായർക്ക് സാധിച്ചു എന്നത് വലിയൊരു നേട്ടമാണ്. ഈ ദിവസങ്ങളിൽ അല്മായരിലുള്ള ധാരാളം കഴിവുകൾ പുറത്തെടുക്കുന്നതിനും, പരിപോഷിപ്പിക്കുന്നതിനും, മൂർച്ച കൂട്ടുന്നതിനും ഈ സമരം വേദിയൊരുക്കി.

മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങളെക്കുറിച്ച് വളരെ വിശദമായി പഠിച്ച് അവയ്ക്ക് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് സാധാരണ മത്സ്യത്തൊഴിലാളികൾ മുതൽ മത്സ്യ കച്ചവട സ്ത്രീകൾ തുടങ്ങി എല്ലാ അല്മായർക്കും സാധിച്ചു എന്നത് ഈ ദിവസങ്ങളിൽ സമരവേദികൾ സാക്ഷ്യം വഹിച്ചതാണ്. വളരെ ദീർഘവീക്ഷണത്തോടുകൂടി അവരുടെ സംഘാടന പാടവം പുറത്തെടുത്ത് ഇടവക തലങ്ങളിലും, ഫെറോന തലങ്ങളിലും, രൂപതാ തലത്തിലും എല്ലാവരെയും ഒരുമിച്ച് കൂട്ടുന്നതിനും സമരവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൃത്യമായി പ്ലാൻ ചെയ്ത് നടപ്പിൽ വരുത്തുന്നതിനും അല്മായർ മുന്നിൽ നിന്നു എന്നത് വളരെ ശ്ലാഘനീയമാണ്. ഈ ദിവസങ്ങളിൽ ഈ വിഷയങ്ങളുമായി ബന്ധപ്പെട്ട ധാരാളം ലേഖനങ്ങളും, മുദ്രാവാക്യങ്ങളും, കടൽ കവിതകളും,

## കളുടെ ഉണർത്തുപാട്ട്

അംഗീകാരവുമാണെന്ന് പറയുന്നതിൽ സന്തോഷമുണ്ട്. അല്മായർ മുന്നോട്ട് വരണമെന്നും അതിനാവശ്യമായ കാര്യങ്ങൾ ചെയ്യാം എന്ന് പറഞ്ഞ അതിരൂപത ആർച്ച് ബിഷപ്പ് തോമസ് ജെ. നെറ്റോ പിതാവിന്റെ വാക്കുകൾ പ്രാവർത്തികമാകുന്നതാണ് ഈ അംഗീകാരങ്ങൾ. ഇത് വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്താൻ അല്മായ നേതാക്കൾ തയ്യാറാകണം.

നമ്മുടെ അല്മായരും നേതാക്കളും വിവിധ രാഷ്ട്രീയ പാർട്ടികളുടെ ഭാരവാഹികളും, പ്രവർത്തകരും അനുഭാവികളുമാണ്. അത് നല്ലതുതന്നെയാണ്, എന്നാൽ സമുദായത്തിന്റെ ന്യായമായ ആവശ്യങ്ങൾ ചൂണ്ടികാണിച്ച് സമുദായം ഒറ്റകെട്ടായി നിൽക്കേണ്ട സമയത്ത് രാഷ്ട്രീയമായി വിഘടിച്ചു നിൽക്കുക മാത്രമല്ല. സമരത്തെ ചെറുത്ത് തോൽപ്പിക്കാൻ രാഷ്ട്രീയ പാർട്ടികളോടൊപ്പം നിന്ന് പ്രവർത്തിക്കുന്നത് നിരാശ നൽകുന്ന ഒന്നാണ്. ചിലരെ സമരത്തിന് ക്ഷണിച്ചില്ലയെന്ന കാരണത്താൽ മാറി നിൽക്കുന്നു. ചിലർ രൂപതയുടെ ഭാഗമായി നിന്ന് വളർന്ന ശേഷം അവരെ പരിഗണിച്ചില്ലെന്ന കാര്യം പറഞ്ഞ് സമരത്തിനെതിരെ പത്രങ്ങളിലും, സോഷ്യൽ മീഡിയയിലും എഴുതുന്നു. ചില സമയങ്ങളിൽ മറ്റ് സമുദായംഗങ്ങൾ നമ്മളെ പിന്തുണയ്ക്കുമ്പോൾ നമ്മുടെ സമുദായങ്ങളുടെ പെരുമാറ്റം വളരെയധികം നിരാശയാണ് നൽകുന്നത്. സമുദായങ്ങളിലെ കള്ള നാണയങ്ങളെ തിരിച്ചറിയാനും സമരം ഉപകാരപ്പെട്ടു എന്നുള്ളതാണ് ഒരു കാര്യം.

സംഘടനകളുടെ മെമ്പർഷിപ്പും, ഇലക്ഷനും നടന്നുവരുന്ന സമയമാണ്. എന്നാൽ മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്ഥമായി ഇടവകകളിൽ വൈദീകരുടെ സ്വീകാര്യത വലുതാണ്. അല്മായ സംഘടനകളെ വളർത്താനും നേതാക്കളെ മുന്നോട്ടു കൊണ്ടുവരുവാനും വൈദീകർ നൽകുന്ന പിന്തുണയ്ക്കും പ്രോത്സാഹനത്തിനും നന്ദി പറയാതെ പോകാനാകില്ല.

തെരഞ്ഞെടുക്കപ്പെടുന്ന അല്മായ നേതാക്കൾക്ക് എല്ലാപേർക്കും സംഘടനയുമായി അഭേദ്യമായ ബന്ധം ഉണ്ടാകണം. അതിലൂടെ സംഘടനയുടെ പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കുകയും ഇടവക, ഫെറോന, രൂപത, സംസ്ഥാനതലങ്ങളിൽ പ്രവർത്തന മികവ് വരുത്തേണ്ടതുമാണ്. അതിലൂടെ വ്യക്തിപരമായും, സംഘടനാപരമായും സംഘടനയെ വളർത്തേണ്ടത് ഓരോ അല്മായന്റെയും ദൗത്യം ആണെന്നുള്ള ബോധ്യത്തോടെ ഒരുമിച്ച് പ്രവർത്തിക്കാം അതിനായ് നമുക്ക് ഒറ്റക്കെട്ടായി, ഒരു മനസ്സോടെ മുന്നേറാം. ■

## ത്തിന്റെയും വേദിയാകുന്ന അതിജീവന സമരം

ഗാനങ്ങളും അല്മായർ രചിച്ചു എന്നത് എടുത്ത് കാണേണ്ടുന്ന ഒരു സവിശേഷതയാണ്. നമ്മുടെ സമുദായത്തിലുള്ള അല്മായർ ഇത്തരം രംഗങ്ങളിൽ അധികം പ്രോത്സഹനം കിട്ടാതെ മുങ്ങി കിടന്നപ്പോൾ മുത്തുകൾ എന്നപോലെ തങ്ങളിലുള്ള വാസനകളും കഴിവുകളും പുറത്തെടുത്തുകൊണ്ട് സമുദായത്തിന്റെ നന്മയ്ക്കുവേണ്ടി, സമുദായത്തിന്റെ വളർച്ചയ്ക്ക് വേണ്ടി, സമുദായത്തിന്റെ ഒത്തൊരുമയ്ക്ക് വേണ്ടി ഈ അവസരത്തിൽ ഉപയോഗിച്ചു എന്നത് ഏറെ പ്രശംസ അർഹിക്കുന്നു. മുഖ്യധാരാ ശ്രേണി



# ‘സമരത്തിലൂടെ വളർന്നു വന്ന സ്ത്രീ നേതൃത്വം’

**എൽസി ഗോമസ്. പൂവ്വാർ**

പകുതിയിലേറെ സ്ത്രീ വോട്ടർമാരുള്ള കേരളത്തിൽ നിർണായക രാഷ്ട്രീയഭരണ സ്ഥാനങ്ങളിൽ എത്തിയ സ്ത്രീകളുടെ കണക്കിലേക്ക് ഒന്ന് എത്തി നോക്കിയാൽ പ്രബുദ്ധ കേരള സമൂഹം സ്ത്രീകൾക്ക് നല്കിയ അംഗീകാരം അത്ര ശുഭസൂചകമല്ല എന്നും കാണാം.

ഇതാണ് കേരളത്തിലെ സ്ത്രീകളുടെ നേതൃത്വ അവസ്ഥ. എന്നാൽ മത്സ്യത്തൊഴിലാളികളുടെ അതിജീവന സമരത്തിൽ, നേതൃനിരയിലെ അല്മായ-വൈദീക ശ്രേഷ്ഠരോടൊപ്പം സമരസമിതിയെക്കാൾ ശക്തമായ സാന്നിദ്ധ്യമായി ജനങ്ങൾക്കിടയിൽ ഇറങ്ങി നടന്ന് പ്രവർത്തിക്കുന്ന വനിതകളും ശക്തവും വ്യക്തവുമായ ഒരു നേതൃനിര ഉയർന്നു വന്നിരിക്കുന്നു എന്നു കാണാൻ സാധിക്കും. തങ്ങൾ സ്ത്രീകളാണെന്നോ, തങ്ങൾക്ക് പരിമിതികൾ ഉണ്ടെന്നോ നോക്കാതെയും സ്ത്രീയാണെന്ന പ്രത്യേക പരിഗണന ആവശ്യപ്പെടാതെയും, രാപകലെന്യേ സമൂഹത്തിന്റെ അതിജീവനത്തിനായി, എന്തിന് കേരളത്തിന്റെ പോലും നിലനിൽപ്പിനായി പോരാടുന്ന ഒരുപറ്റം സ്ത്രീകൾ ഈ അതിജീവനസമരത്തിന്റെ മുൻനിരയിലേക്ക് കടന്നു വരുന്നത് ശുഭ സൂചകമാണ്. ഇവരുടെ ഉള്ളിലെ കനൽ, സ്വന്തം സമൂഹത്തിന് വംശനാ

1. **കേരളത്തിലെ സ്ത്രീ മുഖ്യമന്ത്രിമാർ : 0**
2. **കേരളത്തിലെ സ്ത്രീ ഉപമുഖ്യമന്ത്രിമാർ : 0**
3. **കേരളത്തിലെ വനിത സ്പീക്കർമാർ : 0**
4. **വനിത എം.പി. മാർ : 4**
5. **സി.പി.എം. വനിത സംസ്ഥാന സെക്രട്ടറിമാർ :0**
6. **യു.ഡി.എഫ്. വനിത കൺവീനർ : 0**
7. **എൽ.ഡി.എഫ്. വനിത കൺവീനർ : 0**
8. **ആകെ 197 മന്ത്രിമാരിൽ കേരളത്തിലെ സ്ത്രീ മന്ത്രിമാർ : 8**
9. **ആകെ 16 ഡെപ്യൂട്ടി സ്പീക്കർമാർ ഉള്ളതിൽ വനിത സ്പീക്കർമാർ : 3**
10. **ആകെ 171 ലോകസഭ എം.പി. മാർ ഉള്ളതിൽ വനിത എം.പി. മാർ : 9**
11. **ആകെ 86 രാജ്യസഭ എം.പി. മാർ ഉള്ളതിൽ**

**വനിത കെ.പി.സി.സി. അദ്ധ്യക്ഷർ : 0**

യിൽപ്പെട്ട വിദഗ്ധരായ വ്യക്തകളോടൊപ്പം, രാഷ്ട്രീയ നേതാക്കന്മാരോടൊപ്പം ചാനൽ ചർച്ചകളിൽ പങ്കെടുത്തുകൊണ്ട് വളരെ ആത്മവിശ്വാസത്തോടെ മത്സ്യത്തൊഴിലാളികളുടെ ആവശ്യങ്ങൾ എടുത്തുപറഞ്ഞുകൊണ്ട്, സർക്കാരുകൾക്കും, മുന്നണികൾക്കും, ഉദ്യോഗസ്ഥർക്കും പറ്റിയ വീഴ്ചകൾ ചൂണ്ടിക്കാണിക്കുന്നതിൽ ഏറെ ഉശിരു പ്രകടിപ്പിച്ചു എന്നത് എടുത്തു കാണേണ്ടുന്ന ഒരു പ്രത്യേകതയാണ്.

മുൻകാലങ്ങളിൽ തീരുമാനങ്ങൾ എടുക്കേണ്ടി വരുമ്പോൾ വൈദീകരെ ആശ്രയിച്ച് മാത്രം മുന്നോട്ടു പൊയ്ക്കൊണ്ടിരുന്ന ഒരു സമൂഹത്തിൽ അവസരത്തിനൊത്തവണ്ണം ഉയർന്ന് നല്ല തീരുമാനങ്ങൾ എടുത്ത് ഈ സമരത്തെയും സമുദായത്തെയും നയിക്കുന്നതിൽ അല്മായർ കാണിച്ച മിടുക്ക് ഏറെ തവണ കണ്ടതാണ്. അവരിലുള്ള നേതൃപാടവം സ്വതന്ത്രമായി ഉപയോഗിക്കുന്നതിന് അതിജീവന സമരം വലിയൊരു അളവിൽ വേദിയൊരുക്കി. ഉള്ളിലുള്ള നേതൃത്വഗുണങ്ങളെ കണ്ടെത്തുന്നതിനും, പരിപോഷിപ്പിക്കുന്നതിനും ഒപ്പം കഴിവുകൾക്ക് മൂർച്ചകൂട്ടി മിനുക്കി നല്ല തിളക്കമുള്ള നേതാക്കളായുയർന്ന അനേകം പേരെ സമരവുമായി ബന്ധപ്പെട്ട് നമുക്ക് കാണാനാകും. കേരളത്തിലെ പൊതു സമൂഹത്തെയൊന്നാകെ മത്സ്യത്തൊഴിലാളി വിഭാഗം എന്തുകൊണ്ട് സമരം ചെയ്യുന്നു എന്നതിനെക്കുറിച്ച്, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി വരുത്താൻ പോകുന്ന കെടുതികളെ കുറിച്ച് ബോധവൽക്കരണത്തിന്റെ ഭാഗമായി ദൃശ്യമാധ്യമങ്ങളിലൂടെ പൊതുജനങ്ങളോടു സംവദിക്കുന്നതിന് ആർജ്ജവം കാണിച്ചതും ഈ ദിവസങ്ങളിൽ നമ്മൾ കാണുന്നു. മന്ത്രിസഭാ ഉപസമിതിയുടെ മുമ്പാകെ വളരെ ആത്മാർത്ഥതയോടെ, ആത്മാവിശ്വാസത്തോടെ മത്സ്യത്തൊഴിലാളി വിഭാഗത്തിന്റെ ആവശ്യങ്ങൾ മുൻനിർത്തി കൊണ്ടുള്ള ചർച്ചകളിൽ പങ്കെടുക്കുന്നതും, സമുദായത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് അല്മായർ ധൈര്യം പ്രകടിപ്പിക്കുന്നതും ഈ ദിവസങ്ങളിൽ നമ്മൾ കാണുന്നു.

## അല്മായരും സമുദായവും

സർക്കാരിന്റെ മുന്നിൽ ഏഴ് ആവശ്യങ്ങൾ വച്ചുകൊണ്ട് സമരം ചെയ്യുന്ന ഈ വേളയിൽ സമുദായം ഒന്നാകെ ഒരുമിച്ച് നിൽക്കേണ്ടതിന്റെ ആവശ്യകത വളരെ വ്യക്തമായി കാണാൻ കഴിയുന്നു. ചില രാഷ്ട്രീയ പാർട്ടികളും ചില തൽപര കക്ഷികളും സംഘടനകളും സമുദായത്തിനുള്ള ചിലരെയെങ്കിലും അടർത്തിമാറ്റി അവരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടി ഉപയോഗിക്കുമ്പോൾ സമുദായത്തോട് പ്രതിബദ്ധതയുള്ള, സമുദായത്തിന്റെ ആവശ്യങ്ങൾക്ക് വേണ്ടി അധികാരികളോടും സർക്കാരിനോടും ഒരുമിച്ച് നിന്ന് പോരാടേണ്ടതിന്റെ അത്യാവശ്യകത ഈ

ശം സംഭവിക്കുമോ എന്ന ഭയത്താൽ ഉടലെടുത്തതാണോ? അതോ പാർശ്വവൽക്കരിക്കപ്പെട്ട ഒരു ജനസമൂഹത്തിനെ അടിച്ചമർത്തിക്കൊണ്ട് പേക്കൂത്താടുന്ന പ്രകൃതിവിരുദ്ധർക്കെതിരെ ഉണ്ടായ ധാർമിക രോഷം ആണോ? ഇതിലേതായാലും പ്രതികരിക്കുന്ന ഒരു സ്ത്രീ സമൂഹം ആർജ്ജവത്തോടെ വന്നുചേർന്നത്, അല്ലെങ്കിൽ ഒത്തുചേർന്നത് അതിജീവന സമരം ഒരു കാരണമായിരിക്കുകയാണ്.

നമ്മുടെ സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന മാനസിക വെല്ലുവിളികൾ കുറച്ചൊന്നുമല്ല. ആ അവസ്ഥയിലും ഇതുപോലൊരു ശക്തമായ പോരാട്ടത്തിന് പൊതുസമൂഹത്തിൽ നിന്നും നേരിടേണ്ടിവരുന്ന അപവാദങ്ങളും, അപമാനങ്ങളും സഹിച്ചുകൊണ്ട് മുന്നോട്ടുപോകുവാനുള്ള കരുത്ത് ഇവരിൽ ഉണ്ടെന്നുള്ള തിരിച്ചറിയൽ ആണോ? രൂപപ്പെടൽ ആണോ എന്നത് വളരെ ആശ്ചര്യത്തോടുകൂടി മനസ്സിലാക്കുന്ന സത്യമാണ്.

## പ്രത്യാശയേകി ചേർത്തു നിർത്തണം സ്ത്രീ ശക്തിയെ . . .

എല്ലാ പ്രതിസന്ധികൾക്കും നടുവിലും, തങ്ങളുടെ ദൈവവിശ്വാസത്തെയും, സഭാ നേതൃത്വത്തെയും വിശ്വസിച്ചു കൊണ്ടും മുറുകെ പിടിച്ചു കൊണ്ടും വീടിന്റെ അകത്തളത്തിൽ നിന്ന് സമൂഹത്തിലേയ്ക്ക് ഇറങ്ങി വന്ന്, സ്വന്തം കഴിവുകളെ വളർത്തിക്കൊണ്ട് ഒപ്പം സ്വന്തം ജനങ്ങളെയും നാടിനെയും, സമൂഹത്തെയും രക്ഷിക്കാൻ പോരാടുന്ന ഒരു സ്ത്രീ സമൂഹത്തെ രൂപപ്പെടുത്തുവാൻ മത്സ്യത്തൊഴിലാളികളുടെ അതിജീവന സമരം കാരണമായതോർത്ത് സന്തോഷിക്കുന്നു. ചില അനുഭവങ്ങളും ചരിത്രങ്ങളും പരിശോധിക്കുമ്പോൾ ലഭിക്കുന്ന അറിവ് അനുസരിച്ച് എറണാകുളം, കൊച്ചി, നെയ്യാറ്റിൻകര, തിരുവനന്തപുരം രൂപതകളിലെ സഭാ അധികാരികൾക്ക് അല്മായരോടുള്ള 'സഭാ സമീപനം' ആർജ്ജവം പകരുന്നതാണ്. ആ നല്ല മാതൃകകളെ നമുക്ക് അഭിനന്ദിക്കാം. സമരം വിജയം കണ്ടു കഴിയുമ്പോഴും ഈ കരുതലും കനലും കെടാതെ സൂക്ഷിക്കുവാൻ സ്ത്രീ സുമനസ്സുകൾക്ക് വിശ്വസനീയവും സുതാര്യവുമായ പിന്തുണ നൽകുവാനുള്ള ധീരതയും, ജനത്തെ സഭയോട് ചേർത്തുനിർത്താനും, നിർത്തിക്കാനുള്ള ശക്തവും വ്യക്തവുമായ ("സ്ഥിര വരുമാന" പദ്ധതികളും ഉൾപ്പെടെ) തീരുമാനങ്ങൾ സഭാ ശ്രേഷ്ഠർ കൈക്കൊള്ളാൻ കഴിഞ്ഞാൽ സഭയോട് കൂറുപുലർത്തുന്ന വലിയൊരു സമൂഹത്തെ, സ്ഥിരമായി, "സഭയുടെ സമ്പത്താ"യി നില നിർത്താൻ കഴിയും. അതിലൂടെ സമുദായ ശാക്തീകരണം സാധ്യമാകും. ■

ദിവസങ്ങളിൽ മനസ്സിലാക്കുന്നു. ചില പാർട്ടി നേതാക്കളും അനുഭാവികളും തെരഞ്ഞെടുക്കപ്പെട്ട ചില ജനപ്രതിനിധികളും ഈ സമരത്തിനെതിരെ മുഖം തിരിഞ്ഞു നിൽക്കുമ്പോഴും മറ്റു ചില സാമൂഹ്യ പ്രതിബദ്ധതയുള്ള വ്യക്തികളും ജനപ്രതിനിധികളും പാർട്ടി നേതാക്കന്മാർ തങ്ങൾക്ക് നൽകിയ പാർട്ടിയുടെ പ്രത്യയശാസ്ത്രങ്ങൾ പോലും അവഗണിച്ചുകൊണ്ട് സമുദായത്തിന് വേണ്ടി ഒരുമിച്ച് നിൽക്കുന്നതും. നമ്മുടെ ഇടയിൽ വിഭാഗീയത ഇല്ലാതെ സമുദായത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് വേണ്ടി ഒരേ മനസ്സോടെ കൈകോർത്തുകൊണ്ട് മുന്നേറേണ്ടതിന്റെ സംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകതയും അധികമായി കാണുന്നു. രാഷ്ട്രീയമായി നമ്മളെ ഭിന്നിപ്പിച്ചു നിർത്തുന്നതിൽ പലപ്പോഴും രാഷ്ട്രീയ നേതാക്കന്മാർ വിജയിക്കുന്നതും ഈ ദിവസങ്ങളിൽ നമ്മൾ കാണുന്നു. രാഷ്ട്രീയ നേതാക്കന്മാർ അവരുടെ താൽപര്യങ്ങൾക്ക് വേണ്ടി മാത്രമായി നമ്മുടെ ജനങ്ങളിൽ ചിലരെ അവരുടെ ചട്ടുകങ്ങളായി മാത്രം ഉപയോഗിക്കുന്നതും ഇപ്പോൾ നന്നായി തിരിച്ചറിയുന്നു. ചില രാഷ്ട്രീയ പാർട്ടികൾ നൽകിയ സീറ്റിന്റെ ബലത്തിൽ വിജയിച്ച പല ജനപ്രതിനിധികളും തങ്ങൾക്ക് വോട്ട് ചെയ്ത ജനങ്ങളുടെ ആവശ്യത്തിന് മുന്നിൽ ജനങ്ങളെ മറന്നുകൊണ്ട് രാഷ്ട്രീയ പാർട്ടിയുടെ വക്താക്കളായി മാത്രം മാറുന്ന ദുരവസ്ഥയും ഈ സമരം കാണിച്ചു തരുന്നു.

### നാളെയുടെ പ്രതീക്ഷകൾ

150-ാം ദിവസത്തിലേക്ക് അടുക്കുന്ന ഈ സമരം സർക്കാരിന്റെ മുന്നിൽ അടിപതറാതെ ഓരോ ദിവസം കഴിയുംതോറും വർദ്ധിത വീര്യത്തോടെ കൂടുതൽ കൂടുതൽ നിശ്ചയദാർഢ്യത്തോടെ നമ്മുടെ ആവശ്യങ്ങൾ നേടിയെടുക്കുന്നതുവരെ ഒരിഞ്ചു പോലും പിന്നോട്ടില്ല എന്ന് കേരളത്തിലെ പൊതുസമൂഹത്തോട് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് അവകാശങ്ങൾ നേടിയെടുക്കുന്നതിന്, തീരം സംരക്ഷിക്കുന്നതിന്, തൊഴിൽ മാർഗ്ഗം സംരക്ഷിക്കുന്നതിന് കൈകോർത്തുകൊണ്ട് മത്സ്യത്തൊഴിലാളികളുടെ തനതായ സാഹസ മനോഭാവത്തോടു കൂടിത്തന്നെ മുന്നോട്ടു പോകുന്നു. ഇത്തരത്തിൽ വീര്യമൊട്ടും ചോർന്നുപോകാതെ നമ്മുടെ അതിരൂപതയെ മുന്നോട്ടു നയിക്കുന്നതിൽ അല്മായർ പ്രകടിപ്പിക്കുന്ന ഉത്സാഹവും തീഷ്ണതയും നിശ്ചയദാർഢ്യവും അതിരൂപതയ്ക്ക് ഏറെ പ്രതീക്ഷ നൽകുന്നു. വരുംവർഷങ്ങളിൽ ഒരു സമുദായം എന്ന നിലയിൽ സർക്കാരുകളുടെയും പൊതുസമൂഹത്തിന്റെയും മുന്നിൽ നമ്മുടെ സമൂഹത്തെ ഉന്നത ശ്രേണിയിലേക്ക് നയിക്കാനുയർന്നുവരുന്ന അല്മായ നേതാക്കൾ തീർച്ചയായും മുന്നിലുണ്ടാകുന്നത് ഒരു ശുഭസൂചകമാണ്. ■

ലേഖനം



# ബി.സി.സി., ഇടവക; സിനാഡാത്മകതയുടെ രംഗവേദി

**ബിസിസികളിൽ ആരംഭിക്കുന്ന തെരഞ്ഞെടുപ്പുകളുടെ പശ്ചാത്തലത്തിൽ എഴുതിയ ലേഖനം**



**ഫാ. നിക്കൊളസ് താർസിയൂസ്**

## ആമുഖം

സഭയ്ക്ക് സംഘടനയുടെ സ്വഭാവമുണ്ടെങ്കിലും അത് വെറുമൊരു സംഘടനയല്ല, കോ-ഓപ്പറേറ്റീവ് സൊസൈറ്റിയല്ല, രാഷ്ട്രീയ പാർട്ടിയുടെയോ അവയുടെ അനുബന്ധ സംഘടനകളുടെയോ ബ്രാഞ്ചുകളുമല്ല. സഭാപിതാക്കന്മാർ പറയുന്നത്, ക്രിസ്തു സ്നേഹത്തിന്റെയും സഹനത്തിന്റെയും കുരിശിൽ ഉറങ്ങിയപ്പോൾ ***യേശുവിന്റെ നെഞ്ച് പിളർന്ന് വന്നതാണ് സഭ. സഭ ചരിത്രത്തിൽ ക്രിസ്തുവിന്റെ പിൻതുടർച്ചയാണ്.*** സഭ ക്രിസ്തുവിന്റെ ശരീരമാണ്. ഈ സഭയുടെ ചെറുരൂപങ്ങളാണ് ബി.സി.സി., ഇടവക. ഇവകളിൽ സിനഡാത്മകത നിറഞ്ഞ് നില്ക്കണം. ഒന്നാം ഭാഗത്ത് എന്താണ് ബി.സി.സി.എന്നും, അതിന്റെ നേതൃത്വവും ശുശ്രൂഷയും സിനഡാലിറ്റിയിലാണ് അടിയുറച്ചിരിക്കുന്നതെന്നും വ്യക്തമാക്കാൻ ശ്രമിക്കുന്നു. ബി.സി.സി.കളുടെ കൂട്ടായ്മകളാണ് ഇടവക. ബൈബിളിൽ കാണുന്ന ഇടവകയെ ക്രമീകരിച്ചുകൊണ്ട് ഇടവക ദൈവരാജ്യത്തിലേക്കുള്ള പ്രയാണത്തിലാണെന്ന് വ്യക്തമാക്കുന്നതാണ് രണ്ടാം ഭാഗം. കാലത്തിന്റെ സൂചനകളിലൂടെ യാത്ര ചെയ്യുമ്പോൾ ജനശബ്ദത്തിൽ ദൈവശബ്ദമുണ്ടെങ്കിൽ തിരിച്ചറിയാനും, അതുവഴി ഇന്നിന്റെ ലോകത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ പ്രത്യാശയോടെ കൊണ്ടുപോകാനും മൂന്നാം ഭാഗം സൂചിപ്പിക്കുന്നു.

## ഭാഗം - ഒന്ന്

### എ 1. ബി.സി.സി: എന്ത്?

മുപ്പതാം വയസ്സിൽ യേശു സമാരംഭിച്ച പ്രസ്ഥാനമാണ് സഭ - ശിഷ്യന്മാരുടെ സമൂഹം. ഈ സമൂഹത്തിന് യേശു നല്കിയത് ദൈവരാജ്യ ദർശനമാണ്. സ്നേഹം, നീതി, കരുണ, വിശ്വസ്തത എന്നിവയിൽ അധിഷ്ഠിതമാണ് ദൈവരാജ്യം (മത്താ: 23:23). എന്നാൽ ശിഷ്യന്മാർ യേശുവിന്റെ പിന്നാലെ പോയത് ഈ ലോകസുഖ

ങ്ങൾക്കും സൗഭാഗ്യങ്ങൾക്കുമായിരുന്നു. യേശുവിന്റെ മരണം അപ്പസ്തോലന്മാരെ വല്ലാതെ തളർത്തിക്കളഞ്ഞു. എന്നാൽ ഉത്ഥിതനെ കണ്ടു, കേട്ടു, അറിഞ്ഞ്, അനുഭവിച്ചപ്പോൾ അവർ പ്രഘോഷിച്ചു: ആകാശത്തിൻ കീഴിൽ രക്ഷയ്ക്കായി യേശുനാമം മാത്രമേയുള്ളുവെന്ന് (അപ്പ: റോമ:10:15). മരണത്തിൽ നിന്ന് ജീവനിലേയ്ക്ക് പ്രവേശിച്ചവനെ അവർ പ്രഘോഷിച്ചു, അവനുവേണ്ടി സാക്ഷ്യം വഹിച്ചു. അതിൽ നിന്നവർ പിന്തിരിഞ്ഞില്ല. മനുഷ്യരെ അല്ല ദൈവത്തെയാണ് അനുസരിക്കേണ്ടതെന്ന് അവർ പ്രഘോഷിക്കുകയും ജീവിക്കുകയും ചെയ്തു (അപ്പ:4:19).

ഉത്ഥിതന്റെ സ്നേഹ കൂട്ടായ്മയിൽ മുറിയ്ക്കാനും, മുറിയപ്പെടാനും, ദൈവേഷ്ടം ചെയ്യാനും, ഒരുമിച്ച് ചേർന്നവർ പത്രോസിന്റെ ആദ്യ പ്രസംഗത്തിൽ തന്നെ മൂവായിരം പേർ ഉണ്ടായിരുന്നു (അപ്പ:2:42). ഏക മനസ്സോടും, ഏക ഹൃദയത്തോടും പങ്കിട്ട് പങ്കിട്ട് ദാരിദ്ര്യം അകറ്റിയ സമൂഹമാണ് അടിസ്ഥാന ക്രൈസ്തവ സമൂഹം അഥവാ ബി.സി.സി. (അപ്പ:4:34). ഭൂമിയും അതിലുള്ള സർവ്വവും ദൈവത്തിന്റേതാണ്, അത് ആവശ്യാനുസരണം ഉപയോഗിക്കുന്ന സമൂഹമായി മാറിയതാണ് ബി.സി.സി. അറിയാനും, അറിയിക്കാനുമുള്ള ഇടമാണ് ബി.സി.സി. ഇവിടെ വാദവും വിജയവുമില്ല.

കാലത്തിന്റെ സൂചനകൾ ദൈവവചനത്തോടും ദൈവവചനം ജീവിത സാഹചര്യങ്ങളോടും പരസ്പരം ചോദ്യങ്ങൾ ചോദിക്കുകയും, ഉത്തരം കണ്ടെത്തുകയും ചെയ്യുന്ന ഇടമാണ് ബി.സി.സി (മത്താ:16:3). മുറിവുകളിലൂടെ അറിയുകയും, മുറിയ്ക്കപ്പെടുന്ന വിടവിലൂടെ കാണുകയും ചെയ്യുന്ന വേദിയാണ് ബി.സി.സി (യോഹ:20:25; ലൂക്കാ:24:31). വിശ്വാസത്തിന്റെ ഉൾക്കണ്ണും അകക്കണ്ണും തുറക്കുന്ന സ്ഥലമാണ് ബി.സി.സി. ഈ ലോകത്തിനുമപ്പുറം പോകാനും, ഉത്ഥാനജീവിതം നയിക്കാനുമുള്ള വിളി നല്കുന്നതാണ് ബി.സി.സി. മരണസംസ്ക്കാര ലഹരികളിൽ നിന്ന് ജീവന്റെ സമൃദ്ധിയിൽ ജീവിക്കാനുള്ള വിളിയാണ് ബി.സി.സി (യോഹ:10:10-11).

*150 കുടുംബങ്ങളും ആറു ബിസി സി യൂണിറ്റുകളും ഉൾപ്പെടുന്ന ചെറിയ ഇടവകയാണ് എന്റേത്. കൂട്ടായ്മ മനോഭാവത്തോടെ പരസ്പരം സഹകരിച്ചും പ്രാർത്ഥിച്ചു മുന്നോട്ടു പോകാൻ ഞങ്ങൾക്ക് സാധിച്ചു. ഞങ്ങളുടെ ഈ വർഷത്തെ വാർഷിക ആഘോഷങ്ങളുടെ ചെലവ് ചുരുക്കിക്കൊണ്ട് നിർധനരായ രണ്ട് പാവപ്പെട്ട കുടുംബങ്ങളെ സഹായിക്കാൻ സാധിച്ചത് കൂട്ടായ്മ അനുഭവത്തിന്റെ ഭാഗമായാണ്. ബിസിസി കൂട്ടായ്മകളിൽ ഒന്നിച്ചിരുന്ന് വചനം വായിക്കാനും വചനം വിചിന്തനം ചെയ്യാനും ഞങ്ങൾക്ക് സാധിച്ചു. ഞങ്ങളെ യൂണിറ്റ് പ്രാർത്ഥനയ്ക്ക് സഹായിക്കുന്ന രീതിയിലാണ് ജീവനും വെളിച്ചത്തിലെ വചനജ്വാല. ഞങ്ങളുടെ കുടുംബയൂണിറ്റിലെ വീടുകൾ അകലങ്ങളിൽ ആയതുകൊണ്ട് എല്ലാവരെയും ഒരുമിച്ചു കൊണ്ടുവന്ന് പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ഒരല്പം പ്രയാസം നേരിടുന്നു. പുതിയ ബിസിസി തെരഞ്ഞെടുപ്പിനായി ഒരുങ്ങുന്ന ഈ സാഹചര്യത്തിൽ ഇടവകയുടെ ഉന്നമനത്തിനായി സജീവമായി പ്രവർത്തിക്കുന്ന ഒരു പുതിയ നേതൃത്വനിര മുന്നോട്ടുവരണം.*



**ആൻസിയ ജഗന്നാഥൻ**
കുലശേഖരം ഇടവകാംഗം,
സ്ത്രീ ലീഡർ,വീട്ടമ്മ

**"ഞങ്ങളെ യൂണിറ്റ് പ്രാർത്ഥനയ്ക്ക് സഹായിക്കുന്ന രീതിയിലാണ് ജീവനും വെളിച്ചത്തിലെ വചനജ്വാല.**

## എ. 2. ബി.സി.സി.: സിനഡാലിറ്റി

ബി.സി.സിയിൽ ഒരുമിച്ച് നടക്കലും, ശ്രവിക്കലും, ഒരുമിച്ചുള്ള പ്രവർത്തനവുമുണ്ട്. ഇവ ഉണ്ടാകുന്നത് മിഷൻ പ്രവർത്തനം ചെയ്യാനാണ്. അതായത്, ദൈവരാജ്യം ഇന്നീകരിക്കാനാണ് (ലൂക്കാ: 4:21). ഇതാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ പറഞ്ഞുവച്ചതും, ഫ്രാൻസിസ് പാപ്പ ആവശ്യപ്പെടുന്നതുമായ സിനഡാലിറ്റി. ഫ്രാൻസിസ് പാപ്പ പറയുന്നതുപോലെ സാവധാനമേ ഇത്തരം കാര്യങ്ങൾ നടക്കുകയുള്ളൂ. എങ്കിലും, ഇതാണ് സഭയ്ക്ക് ആവശ്യമെന്ന് ഫ്രാൻസിസ് പാപ്പ ഊന്നിപ്പറയുന്നു. സിനഡാലിറ്റിയാണ് സഭാജീവിതത്തിന്റെയും സഭയുടെയും മുഖം. സിനഡാലിറ്റി അതിന്റെ തനിമയിൽ കാണപ്പെടുന്നത് ബി.സി.സിയിലാണ്. ബി.സി.സി. ആകട്ടെ കുടുംബങ്ങളുടെ കൂട്ടായ്മയാണ്. കുടുംബ ബന്ധങ്ങൾ ഇന്ന് "വല്ലാതെ പരീക്ഷിക്കുന്ന - മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്ത - കുഴപ്പങ്ങൾ, ദൈവജ്ഞാനത്തിന്റെയും കരുണയുടെയും അടയാളങ്ങളെ കരുണയോടെ വിവേചിക്കുന്നതിന് നമ്മെ നിർബന്ധിക്കുന്നു. പൗരസമൂഹം മാനവ സഹവർത്തിത്വത്തിന്റെയും വിശ്വാസത്തിന്റെയും ഒരു സമൂഹമാകുവാൻവേണ്ടി കുടുംബ ബന്ധങ്ങളിൽ പ്രകടമാക്കിക്കൊണ്ടിരിക്കുന്ന സാന്ത്വനത്തിന്റെയും ചലനാത്മകതയുടെയും അടയാളങ്ങൾ നാം ഒരിക്കലും കാണാതിരിക്കരുത്." അങ്ങനെയെങ്കിൽ കുടുംബത്തിൽ നിന്ന് ഐക്യദാർഢ്യത്തിന്റെയും സ്നേഹത്തിന്റെയും കണ്ണികളുടെ എല്ലാ കരുത്തും, രഹസ്യങ്ങളും പഠിക്കണം (ഫ്രാൻസിസ് പാപ്പ "നാശത്തിന്റെ പ്രവാചകരാകാതെ പ്രത്യാശയുടെ പ്രവാചകരാകുക,'' *ഒസ്സെർവതോരെ റൊമാനോ* 15/37, 11 നവംബർ 2022, പേജ് 3). മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് മാറാത്ത മൂല്യങ്ങളുമായി കുടുംബങ്ങളും ബി.സി.സി.കളും പ്രത്യാശയോടെ മുന്നേറണം.

## എ.3. ബി.സി.സി.: നേതൃത്വം

ബി.സി.സി. ദൈവത്താൽ നയിക്കപ്പെടണം. ദൈവഭയമാണ്

ജ്ഞാനത്തിന്റെ ആരംഭമെന്ന് അറിയുകയും (സുഭാ: 9:10) അറിയിക്കുകയും ചെയ്യുക. ജ്ഞാനം തിരസ്ക്കരിക്കരുത്, ജനത്തെ അജ്ഞതയിൽ വിടരുത്. ദൈവവചനത്തിലൂടെ ദൈവഹിതം ജനങ്ങളെ അറിയിക്കണം (ഹോസി: 4:6). നിങ്ങൾ പ്രഭുക്കന്മാരിൽ ആശ്രയിക്കരുത്, രക്ഷനല്കാൻ കഴിയാത്തവരിൽ അഭയം തേടുകയും ചെയ്യരുത് (സങ്കീ: 146:3).

"കഴിവും, ദൈവഭയമുള്ളവരും, സത്യസന്ധരും, കൈക്കൂലി വെറുക്കുന്നവരും . . . നീതി നടത്തുന്നവരുമായ" എഴുപത് ശ്രേഷ്ഠന്മാർക്കാണ് ദൈവം മോശയുടെ ചൈതന്യത്തിൽ നിന്ന് ഒരു ഭാഗമെടുത്ത് പകർന്നുകൊടുത്തത് (പുറ: 3:16; സംഖ്യ: 1:16; 13:2–3; പുറ: 18:21–25; സംഖ്യ: 11:16–17; 22–26). വിശ്വാസപക്വത പ്രാപിച്ച ശ്രേഷ്ഠരാണ് ബി.സി.സി.യെ നയിക്കേണ്ടത്. അവർ നീതി, എളിമ, കാരുണ്യം, വിശ്വസ്തത മുതലായവയിൽ അധിഷ്ഠിതമായി ബി.സി.സി.യെ വിനയത്തോടെ നയിക്കണം (മത്താ:23:23; ബാറൂക് ). അവർ സുസമ്മതരും ആത്മാവും ജ്ഞാനവും നിറഞ്ഞവരായിരിക്കണം (അപ്പ:6:1–7). ബി.സി.സി., പുരോഹിത ശുശ്രൂഷയാൽ നയിക്കപ്പെടണം. അതിന് പൊതു പൗരോഹിത്യത്തെക്കുറിച്ച് ഉണർവ്വുള്ള അല്മായർ ആവശ്യമാണ് (പുറ: 19:5).

### ഭാഗം – ബി

## ബി.1. യേശുവിന്റെ ഇടവക: വള്ളത്തിൽ

യേശുവും ശിഷ്യന്മാരും വള്ളത്തിലും, വള്ളം വെള്ളത്തിലുമാണ്. വഞ്ചിയ്ക്കെതിരെ കൊടുങ്കാറ്റുണ്ടാകും, തിരമാലകൾ വഞ്ചിയിലേക്ക് ആഞ്ഞടിക്കും. അവർക്ക് പുറമേ നിന്ന് സഹായം ഇല്ല. അവർക്ക് സഹായം യേശുക്രിസ്തുവിൽ നിന്നാണ്. ഇടവക, ശിഷ്യന്മാരെപ്പോലെ, യേശുവിനെ അമർത്തി കുലുക്കി ഉണർത്തണം. അടങ്ങാനും, ശാന്തമാകാനും, യേശു കല്പിക്കും. ആരിവൻ കാറ്റും കടലും പോലും ഇവനെ അനുസരിക്കുന്നല്ലോ എന്ന് ശിഷ്യർ പരസ്പരം പറയണം, യേശു ക്രിസ്തുവാണെന്ന് അവർ ഏറ്റുപറയുകയും വേണം. ഇങ്ങനെയുള്ളൊരു സമൂഹമാണ് യേശുവിന്റെ ഇടവക (മത്താ:8:23–27; മർക്കോ: 4:35–41; മർക്കോ: 3:30).

## ബി. 2. യേശുവിന്റെ ഇടവക: രണ്ട് ഞായറുകൾക്കിടയിൽ

വാതിലിൽ മുട്ടുന്ന ഇടയന്റെ സ്വരത്തിന് കാതോർക്കുന്നതാണ് ഒന്നാം ഞായർ (വെളി: 3:20). സ്വരം ശ്രവിച്ചവനെ, തിരിച്ചറിഞ്ഞവനെ, മുറിച്ചു വിളമ്പുന്ന ഞായറാണ് രണ്ടാം ഞായർ (ലൂക്കാ: 24:30–31). മുറിച്ചുവിളമ്പുന്നതിലൂടെ അറിയുന്ന ഇടവക വികാരിയും ഇടവക ജനങ്ങളുമാണ് ഇടവക. യേശുവിനെ കേൾക്കലും, പങ്കുവയ്ക്കലുമാണ് ഇടവക.

## ബി.3. യേശുവിന്റെ ഇടവക: ദൈവരാജ്യത്തിനായി

ഇടവകയിൽ അധികാരം ദൈവരാജ്യത്തിനായുള്ള ശുശ്രൂഷയാണ് (മർക്കോ: 10:45). അത് കുഞ്ഞാടുകളെ മേയ്ക്കലാണ് (യോഹ: 21:15–19). സഭാ സമൂഹത്തെ, ലോകത്തെ, ദൈവോന്മുഖമാക്കി വളർത്താനുള്ള ഊന്നുവടിയാണ് അധികാരം അഥവാ ശുശ്രൂഷ. യേശുവിന്റെ മനസ്സോടും മനോഭാവത്തോടും കൂടി നോക്കിയാൽ 'ഈ അധികാരം' ശുശ്രൂഷയാകും.

*ബി സി സി പ്രവർത്തനങ്ങളുടെ ആരംഭ കാലഘട്ടമായ 1990 മുതൽ ബി സി സി പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തതിന്റെ സന്തോഷത്തിലാണ് ഞാൻ. നിര്യാതയായ സിസ്റ്റർ മേരിക്കുട്ടിയാണ് ബി സി സി യെ പറ്റി ശരിയായ അവബോധം എനിക്ക് നൽകിയത്. വി എസ് എസ് സി യിലെ തിരക്കുപിടിച്ച ജോലിക്ക് ശേഷം ബസ്സ് കയറി വലിയതുറ ബസ്റ്റോപ്പിൽ ഇറങ്ങി യൂണിറ്റ് കൂട്ടായ്മകളെയും കുടുംബങ്ങളെയും സന്ദർശിച്ച് അവരുടെ പ്രശ്നങ്ങൾ കേൾക്കുവാനുമൊക്കെ ഇടയായി. വ്യക്തിബന്ധങ്ങൾ കൂട്ടിയിണക്കാൻ ബി സി സി വ്യക്തമായ പങ്കുവഹിക്കുന്നു. ബി സി സി കളിൽ പ്രാർത്ഥന മാത്രമല്ല മറിച്ച് നമ്മുടെ സമുദായത്തിന്റെ ഉന്നമനം ലക്ഷ്യം വെച്ചുകൊണ്ട് പ്രവർത്തിക്കാൻ സാധിക്കണം. ദൈവം നമ്മെ ഓരോ സ്ഥാനത്ത് തിരഞ്ഞെടുക്കുമ്പോഴും അതൊരു ദൈവവിളിയാണെന്ന് വിശ്വസിക്കണം. ഒരു ലീഡർ എന്ന നിലയിൽ എന്നെ ഭരമേൽപ്പിച്ച ഓരോ കുടുംബത്തിന്റെയും സുഖദുഃഖങ്ങളിൽ കടന്നുചെല്ലാനുള്ള ഉത്തരവാദിത്വം എനിക്കുണ്ട്. ബി സി സിയെ ഒരിക്കലും രാഷ്ട്രീയവൽക്കരിക്കരുത്. രാഷ്ട്രീയത്തിനും വ്യക്തി ബന്ധങ്ങൾക്കും അതീതമായി സുവിശേഷവൽക്കരണത്തിനും ദൈവരാജ്യ നിർമ്മിതിക്കായും ബി സിസി യെ ഉപയോഗിക്കണം. മറ്റുള്ളവരാൽ അടിച്ചേൽപ്പിച്ച് സ്ഥാനങ്ങളിൽ വരുന്നവർക്ക് സഭയുടെയും സമൂഹത്തിന്റെയും വളർച്ചയ്ക്കായി ഒന്നും ചെയ്യാൻ സാധിക്കുകയില്ല. നമ്മുടെ പ്രാർത്ഥന കൂട്ടായ്മകളിൽ അനാവശ്യമായ ചർച്ചകൾ ഒഴിവാക്കണം. ദൈവരാജ്യ നിർമ്മിതിക്കായും സമൂഹത്തിന്റെ ഉന്നമനത്തിനായും എല്ലാവരും ഒരുമിച്ച് പ്രവർത്തിക്കണം.*



**ആഗ്നസ് ബാബു**
പേട്ട ഇടവകാംഗം, പേട്ട ഫെറോന ബി സി സി ആനിമേറ്റർ, വി എസ് എസ് സി യിലെ റിട്ടയേഡ് ജീവനക്കാരി

**"ബി സി സിയെ ഒരിക്കലും രാഷ്ട്രീയവൽക്കരിക്കരുത്. രാഷ്ട്രീയത്തിനും വ്യക്തി ബന്ധങ്ങൾക്കും അതീതമായി സുവിശേഷവൽക്കരണത്തിനും ദൈവരാജ്യ നിർമ്മിതിക്കായും ബി സിസി യെ ഉപയോഗിക്കണം.**

ഇങ്ങനെയല്ലെങ്കിൽ അധികാരം എന്ന ഊന്നുവടി ഊരാക്കുടുക്കാകുകയും ചെയ്യും. ശുശ്രൂഷിക്കുവാനാണ് സഭ നിലനില്ക്കുന്നത്. ദൈവരാജ്യം ഭൂമിയിൽ കൊണ്ടുവരാനുള്ള സഭയുടെ ഊന്നുവടിയായ ശുശ്രൂഷ 'അധികാര'സ്ഥാനത്തിരിക്കുന്നവർക്ക് ദൈവം നല്കിയതാണ്. ഈ അധികാരം അഥവാ ശുശ്രൂഷ ദൈവജനത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന അല്മായർക്ക് കൂടി പങ്കുവെച്ച് നല്കുന്നു. അങ്ങനെ ദൈവരാജ്യാനുഭവം രൂപപ്പെടുന്നു.

## ഭാഗം – സി

## സി.1. സിനഡാത്മകത: ഇന്നിന്റെ ലോകത്തിൽ

ഇന്നത്തെ 'മനുഷ്യർ' മരിച്ച് ജീവിക്കുന്നവരാണ്. അവരുടെ അകം പൊള്ളയാണ്. അവർ ഒറ്റപ്പെട്ട ദ്വീപുപോലെയാണ്. അപരനെ പ്രശ്നമായും നരകമായും കാണുന്നവരാണ് (ജീൻ പോൾ സാർത്ര്), അപരനെ മരത്തെപ്പോലെ കാണുന്നവരാണ് (മർക്കോ:8:24). ഇങ്ങനെയുള്ള ദർശനം നല്കുന്നവരിൽ മിക്കവരും ദൈവീക വെട്ടമോ ദൈവീക കാഴ്ചപ്പാടോ ഇല്ലാത്തവരാണ്, ദൈവത്തോളമോ, ദൈവത്തിനപ്പുറമോ വളരാൻ ശ്രമിക്കുന്നവരാണ്, സ്വയം ദൈവമാകുന്നവരാണ്.

"അവർ ഇടയനില്ലാത്ത ആടുകളെപ്പോലെ നിസ്സഹായരും പരിഭ്രാന്തരുമായിരുന്നു" (മത്താ:9:36). സുവിശേഷ ലോകത്തിലെ ആളുകളുടെ അവസ്ഥ (മത്താ:11:4-5) ഭൂരിപക്ഷം ഭാരതീയരിലും ഇടവകകളിലും ഇന്നും അഭംഗുരം തുടരുന്നു. ഭൂമിയിൽ സ്വർഗ്ഗം പണിയാനെന്ന പേരിൽ ബാബേൽ ഗോപുരം കണക്കെ ഉയർത്തുന്ന തത്വശാസ്ത്ര, ദൈവശാസ്ത്ര ദർശനങ്ങളും വ്യവസ്ഥിതികളും അനുദിനം ഒരു തത്വദീക്ഷയുമില്ലാതെ ഉയരുന്നു, അതിനായി എന്തും ഏതും ചെയ്യുന്നു. മുതലാളിത്ത 'താൻപോരിമ' ലാഭം മാത്രം ലക്ഷ്യമാക്കുന്നു, ജീവിതം കച്ചവടമാക്കുന്നു, കുടുംബങ്ങൾ ശിഥിലമാക്കുന്നു, 'ശക്തി' ശരിയെന്ന ചിന്ത പ്രബലമാകുന്നു. കുട്ടിയെ കൊല്ലാം പട്ടിയെ കൊല്ലാൻ പാടില്ലെന്ന് ന്യായാസനങ്ങളും വാളോങ്ങി നില്ക്കുന്നു. സനാതനമൂല്യങ്ങളും ദൈവീകവെളിച്ചവും ലോകത്തിലും സഭാജീവിതത്തിലും മങ്ങുന്നു. തൽഫലമായി, ദൈവരാജ്യ സ്ഥാപനത്തിനായി പ്രവർത്തിക്കുന്ന ബി.സി.സി.യെ, ഇടവകയെ, പൗരോഹിത്യത്തെ, പ്രതിരോധിക്കാനും, തടവിലാക്കാനും ശ്രമിക്കുന്ന ശക്തികളും, ശകുനികളും ഇന്ന് ഇടവകകളിലുണ്ട്.

ദൈവരാജ്യം ഈ ഭൂമിയിൽ വരാൻ, സങ്കീർണ്ണമായ ലോകത്തിൽ, നൂതന വെല്ലുവിളികളെ അനുദിനം നേതൃത്വം നേരിടുന്നു. അവർ ഇന്ന് അറിഞ്ഞോ അറിയാതെയോ ജനമധ്യത്തിൽ വിചാരണ ചെയ്യപ്പെടുന്നു. അവ: ഇടവക കൗൺസിലുകളിൽ, ഇടവകയുടെ പൊതുയോഗങ്ങളിൽ, രൂപതയുടെ തർക്ക പരിഹാരസമിതികളിൽ, തെരുവുകളിൽ, നാൽക്കവലകളിൽ, ചന്തകളിൽ, കടപ്പുറങ്ങളിൽ, സ്ഥാപനങ്ങളിൽ, പാർട്ടി ചർച്ചകളിൽ, പ്രത്യേകിച്ച് അന്തിക്കള്ളുകുടിച്ച് അന്തിചർച്ച നടത്തുന്ന ടി.വി.ചാനലുകളിൽ, സിനിമകളിൽ, നവമാധ്യമങ്ങളിൽ, കോടതികളിൽ, അങ്ങനെ പോകുന്നു നേതൃത്വം വിചാരണ ചെയ്യപ്പെടുന്ന വേദികളും വീഥികളും. ജീവിതത്തിലെ വളർച്ചയിലും വിളർച്ചയിലും അടിപതറാതെ വിളിച്ചവനെ നോക്കി ജീവിക്കുന്നവരാകണം നേതൃത്വം.

*കഴിഞ്ഞ 32 വർഷക്കാലം അതിരൂപതയിലെ ബി സി സി പ്രവർത്തനങ്ങളോട് ചേർന്ന് നിന്ന് പ്രവർത്തിച്ചതിന്റെ സന്തോഷത്തിലാണ് ഞാൻ. ബി സി സിയുടെ പ്രാരംഭ കാലഘട്ടമായ 1990 കളിൽ ആദ്യത്തെ ബി സി സി യോഗം എന്റെ ഭവനത്തിൽ വച്ച് കൂടി. അന്ന് യോഗം നിയന്ത്രിച്ചത് പാളയത്തെ കൊച്ചച്ചനായ തോമസ് നെറ്റോ പിതാവും നിര്യാതയായ സിസ്റ്റർ മേരിക്കുട്ടിയും ആണ്. ഞങ്ങളുടെ കൂട്ടായ്മയിലെ ഊർജ്ജസ്വലമായ പ്രവർത്തനം കണ്ട് ഞങ്ങളെ സന്ദർശിക്കാനായി അതിഥിയായി സൂസൈപാക്യം പിതാവ് എത്തിയത് വളരെ കൗതുകം നിറഞ്ഞ ഓർമ്മയായി ഇപ്പോഴും എന്റെ മനസ്സിൽ നിറഞ്ഞ് നിൽക്കുകയാണ്. തുടക്ക കാലഘട്ടത്തിൽ സാധാരണക്കാർക്ക് ലളിതമായ രീതിയിൽ വചനം വ്യാഖ്യാനിക്കാൻ പരിശ്രമിച്ചു. ഒരു അല്മായൻ എന്ന നിലയ്ക്ക് ആദ്യമായി നമ്മുടെ അതിരൂപതയിൽ പുതുക്കുറിച്ചി ഫെറോനയുടെ ബി സി സി ആനിമേറ്ററായി പ്രവർത്തിക്കാൻ ദൈവം എനിക്ക് ഭാഗ്യം നൽകി. എന്റെ എൺപതാമത്തെ വയസ്സിലും വളരെ താല്പര്യത്തോടെയാണ് ബി സി സി പ്രവർത്തനങ്ങളിൽ ഞാനേർപ്പെടുന്നത്. അതിരൂപതയെ പ്രതിനിധീകരിച്ച് നിരവധി കൂട്ടായ്മകളിൽ ഞാൻ പങ്കെടുത്തു. സഭയെ പടുത്തുയർത്താനുള്ളത് ഓരോ അൽമായന്റെയും വ്യക്തിപരമായ ഉത്തരവാദിത്തമാണ്. നമ്മുടേതായ സ്വാർത്ഥതാല്പര്യങ്ങളെ വെടിഞ്ഞ് എല്ലാവരെയും ഒരുമിച്ചു കൊണ്ടുപോകുന്ന വിശാലമായ കാഴ്ചപ്പാടിൽ യാത്ര ചെയ്യണമെന്നാണ് എന്റെ ആഗ്രഹം. സ്വാർത്ഥപരമായ താൽപര്യങ്ങൾക്ക് വേണ്ടി സ്ഥാനമാനങ്ങൾ സ്വന്തമാക്കുന്നവരാകാതെ ജനങ്ങളെ ഒത്തൊരുമയോടെ പ്രാർത്ഥനാ ചൈതന്യത്തിൽ നയിക്കുന്ന നല്ലൊരു നേതൃത്വനിര തന്നെയാവണം ഇത്തവണ ബി സി സി തലങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്.*



**സെബാസ്റ്റ്യൻ**
മണക്കാട് നിത്യസഹായ മാതാ ഇടവകാംഗം, റിട്ടയേഡ് പ്രൈമറി സ്കൂൾ അധ്യാപകൻ, ബി സി സി പ്രവർത്തനങ്ങളുടെ തുടക്കക്കാരൻ

**" എന്റെ എൺപതാമത്തെ വയസ്സിലും വളരെ താല്പര്യത്തോടെയാണ് ബി സി സി പ്രവർത്തനങ്ങളിൽ ഞാനേർപ്പെടുന്നത്.**

## സി. 2. സിനഡാത്മകത: വോക്സ് പോപുളി

റോമാക്കാരുടെ ആധിപത്യത്തിൽ നിന്ന് മോചനം ആഗ്രഹിക്കുന്ന ബറാബാസിന് അനുയായികൾ ധാരാളമുണ്ടാകുക സ്വാഭാവികമാണ്. ജനങ്ങളുടെ ആർത്തുവിളിക്ക് നിയമപരമായ സാധുതയുണ്ട്. ശബ്ദവോട്ടിന് (വോക്സ് പോപുളി) റോമൻ നിതിന്യായത്തിൽ നല്ലൊരടിസ്ഥാനമുണ്ട്. ജനത്തിന്റെ സ്വരം ഏകപക്ഷിയവുമായിരുന്നു. വിശുദ്ധ മർക്കോസിന്റെ സുവിശേഷത്തിൽ സൂചിപ്പിക്കുന്ന "യഹൂദന്മാരോടൊപ്പം" ബറാബാസിന്റെ അനുയായികളായി ആൾക്കൂട്ടവുമുണ്ടായിരുന്നു (ബെനഡിക്ട് XVI മാർപാപ്പ, *നാത്സറേത്തിലെ യേശു*, പേജ് 305). യേശു നിരപരാധിയാണെന്ന് ന്യായാധിപൻ നാലു പ്രാവശ്യം പറയുന്നു (ലൂക്കാ:23:4; 13; 14-15; 22). യേശുവിനെ ക്രൂശിക്കണമെന്ന് ജനം അഞ്ചു പ്രാവശ്യം പറയുന്നു. എല്ലാ വോക്സ് പോപുളിയും ദൈവത്തിന്റെ സ്വരമാകണമെന്ന് നിർബന്ധമില്ല.

## സി. 3. സിനഡാത്മകത: സയനൈഡാകരുത്

ഇന്ന്, ബി.സി.സി., ഇടവക, സഭ, സമൂഹത്തെ നയിക്കേണ്ട ദൈവരാജ്യത്തിന്റെ മനസാക്ഷിയായി വർത്തിക്കേണ്ടതിനുപകരം പാർട്ടികളുടെയും, സന്നദ്ധ സംഘടനകളുടെയും നുഴഞ്ഞുകയറ്റത്തിനും അവരുടെ അജണ്ടകൾ നടപ്പിലാക്കുന്നതിനുമുള്ള ഉപകരണമായി സഭ മാറുകയും, തത്ഫലമായി സഭയുടെ പുരോഹിത, രാജകീയ പ്രവാചക ദൗത്യം പണയം വയ്ക്കപ്പെടുകയും ചെയ്യുന്നു. അവരെ കേൾക്കാം, ചർച്ച ചെയ്യാം, നല്ലത് സ്വീകരിക്കാം. പക്ഷേ എപ്പോഴും ഓർത്തിരിക്കേണ്ടത് സഭയെ അവരുടെ താവളത്തിൽ തളച്ചിടാനുള്ള നിഗൂഢലക്ഷ്യങ്ങളെ വിമർശന ബുദ്ധിയോടുകൂടെ കാണുകയും വിവേചിച്ചറിയുകയും വേണം. വിശ്വാസത്തിന്റെ പേരിൽ വിവേകം നഷ്ടപ്പെടുത്തി മുന്നോട്ടു പോകരുത്. വിശുദ്ധ പൗലോസ് അപ്പസ്തോലൻ പറയുന്നതുപോലെ ഞങ്ങളറിയച്ചതിന് എതിരായ സുവിശേഷം ഒരു മാലാഖ തന്നെ വന്ന് അറിയിച്ചാലും വാനവദൂതനെങ്കിലും അവൻ ശപിക്കപ്പെട്ടവനാണ് (ഗലാ: 1:8). സുവിശേഷം: യേശുവും യേശുകൊണ്ടുവന്ന ദൈവരാജ്യവുമാണ്. ശാസ്ത്രങ്ങളുടെ സൂത്രത്തിലൂടെ യേശുവില്ലാത്ത ദൈവരാജ്യവും സഭയെ പൂർണ്ണമായി അകറ്റി നിർത്തുന്ന ദൈവരാജ്യവും അംഗീകരിക്കപ്പെടാൻ പാടില്ല. ക്രൈസ്തവ സഭ ചെയ്ത മിഷൻ പ്രവർത്തനങ്ങളെ വിസ്മരിച്ച് സഭയ്ക്ക് പങ്കാളിത്തമില്ലാത്ത നവോത്ഥാന കേരളപെരുമയുടെ പെരുമ്പറ മുഴക്കിയതൊക്കെ കേട്ടല്ലോ! ചരിത്രത്തെപ്പോലും വികലമാക്കി അധികാരത്തിന്റെ വാൾമുനയിൽ ചരിത്രം വിരചിതമാകുന്ന കാലം! ക്രൈസ്തവ വിശ്വാസം അഭംഗുരം കാത്ത് പാലിക്കപ്പെടണം. രാഷ്ട്രീയ പാർട്ടികളിൽ നിന്നും, സന്നദ്ധസംഘടനകളിൽ നിന്നും രക്ഷാകരമായ അകലം തിരുസഭ പാലിക്കുകയും, അതേ സമയം വിശ്വാസത്തെ പ്രകാശമാനമാക്കുന്ന പ്രവർത്തനങ്ങളിൽ അവരുമായി സഹകരിക്കുകയും, ഒപ്പം യേശുവിനെയും യേശുകൊണ്ടുവന്ന ദൈവരാജ്യത്തെയും പ്രഘോഷിക്കുകയും വേണം.

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ തുടക്കത്തിൽ വിശുദ്ധ പത്രോസിന്റെ സിംഹാസനത്തിൽ പറ്റിപ്പിടിച്ച പൊടി തട്ടിക്കളഞ്ഞുകൊണ്ട് കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ കാലം മുതൽ സഭയിൽ വന്നുപോയ എല്ലാ പൊടിപടലങ്ങളും തട്ടിക്കളയാൻ വിശുദ്ധ ജോൺ ഇരുപത്തിമൂന്നാമൻ പാപ്പ ആഹ്വാനം ചെയ്തു (www.lifeissues.net).

രണ്ടാം വത്തിക്കാൻ സൂനഹ

*എന്റെ അഭിപ്രായത്തിൽ ബിസികളിലൂടെ പൊതുവായി രണ്ടുതരത്തിൽ വളരാൻ സാധിക്കും ഭൗതികമായും ആത്മീയമായും. നമ്മുടെ കഴിവുകൾ പൊതുസമൂഹത്തിന്റെ നന്മയ്ക്കായി വിനിയോഗിക്കാനും നേതൃത്വപാടവം വളർത്തിയെടുത്തുകൊണ്ട് വ്യക്തിജീവിതത്തിലും സമൂഹത്തിലും മാറ്റങ്ങൾ വരുത്താൻ ബി സി സി ഫലപ്രദമാണ്. അയൽക്കാരനെ ഭൗതികമായി വളർത്തുന്നതിലൂടെ അവന്റെ ആവശ്യങ്ങളിൽ സഹായമാകുന്നതുവഴി നമ്മുടെ ആത്മീയത വളർത്താൻ ബി സി സി കൂട്ടായ്മകൾക്ക് സാധിച്ചു. ബി സിസി എന്നത് ഒരു സംഘടന എന്നുള്ള തെറ്റായ ധാരണ മാറ്റിവച്ച് അപ്പനും അമ്മയും മക്കളും ഒരുമിച്ചു കൂടുന്ന കുടുംബ കൂട്ടായ്മ വേദിയായി കാണണമെന്നാണ് വ്യക്തിപരമായ എന്റെ അഭിപ്രായം. ബി സി സി യെ വെറുമൊരു പ്രാർത്ഥന കൂട്ടായ്മയായി നേതൃത്വ നിരയിലുള്ളവർ കാണുന്നതുകൊണ്ടുതന്നെ അതിന്റെ യഥാർത്ഥ ലക്ഷ്യത്തിൽ നിന്ന് ബി സി സി വ്യതിചലിച്ചുപോകുന്നു. പുരുഷന്മാരുടെ പങ്കാളിത്തം ഇല്ലാത്തത് ബി സി സി യെ വലിയതോതിൽ ബാധിക്കുന്നു. സാമൂഹികമായ വിഷയങ്ങളിൽ ബി സി സി ഇടപെടുന്നത് വളരെ പരിമിതമായാണ്. ചില കുടുംബങ്ങളുടെ അപ്രമാദിത്വം ബി സി സി യെ അതിന്റെ ലക്ഷ്യത്തിൽ നിന്ന് വഴിതിരിച്ചുവിടുന്നു. നിഷ്പക്ഷവും വ്യക്തമായ ലക്ഷ്യബോധവുമുള്ള നവ നേതൃത്വനിര മുന്നോട്ടുവരണം.*



**ഫ്രഡറിക് പെരേര**
കഴക്കൂട്ടം ഫാത്തിമ മാതാ ഇടവകാംഗം, മുൻ കഴക്കൂട്ടം ഫെറോന ബി സി സി ആനിമേറ്റർ, രൂപത റിസോഴ്സ് പേഴ്സൺ

**"നമ്മുടെ കഴിവുകൾ പൊതുസമൂഹത്തിന്റെ നന്മയ്ക്കായി വിനിയോഗിക്കാനും നേതൃത്വപാടവം വളർത്തിയെടുത്തുകൊണ്ട് വ്യക്തിജീവിതത്തിലും സമൂഹത്തിലും മാറ്റങ്ങൾ വരുത്താൻ ബി സി സി ഫലപ്രദമാണ്.**

ദോസിന് സമാപനം കുറിച്ചുകൊണ്ടുള്ള സന്ദേശത്തിൽ വിശുദ്ധ പോൾ ആറാമൻ പാപ്പ ഇപ്രകാരം പ്രസ്താവിച്ചു: ഈ പരിശുദ്ധ സൂനഹദോസിലൂടെ സഭയ്ക്കകത്ത് കടന്നുവന്ന ശുദ്ധവായുവിനോടൊപ്പം പിശാചിന്റെ പുകയും അകത്തു പ്രവേശിച്ചു.

## സി. 4. സിനഡാത്മകത: പ്രത്യാശയുടെ തീരം

ഇക്കാലഘട്ടത്തെ നോക്കി യുവജനങ്ങളോടായി ഫ്രാൻസിസ് പാപ്പ പറയുന്നു: ''നിങ്ങളുടെ ഊർജ്ജസ്വലതയും, നിങ്ങളുടെ സ്വപ്നങ്ങളും, നിങ്ങളുടെ ഉത്സാഹവും, നിങ്ങളുടെ ശുഭാപ്തി വിശ്വാസവും, നിങ്ങളുടെ ഉദാരമനസ്കതയും നിങ്ങൾക്ക് നഷ്ടപ്പെട്ടുവെങ്കിൽ ഇപ്പോഴും നിങ്ങൾക്ക് പ്രത്യാശയുണ്ട്.'' ആ പ്രത്യാശ ''നിങ്ങളുടെ മുമ്പിൽ നില്ക്കുന്ന യേശുവാകുന്നു.'' പാപ്പ തുടരുന്നു, "മറ്റുള്ളവർ തങ്ങൾ ജീവിക്കുകയാണെന്ന് വിചാരിച്ചുകൊണ്ട് ഉപരിപ്ലവ കാര്യങ്ങളിൽ അവരുടെ ജീവിതങ്ങൾ പാഴാക്കുന്നു. വാസ്തവത്തിൽ അവർ ഉള്ളിൽ മരിച്ചവരാണ്'' *(ഫ്രാൻസിസ് പാപ്പ, "ലോകയുവജന ദിനം 2020: അപകടസാധ്യതയുള്ള ഉത്തരവാദിത്വമേറ്റെടുത്ത് ലോകത്തെ മാറ്റാൻ മാർപാപ്പ യുവജനങ്ങളെ ആഹ്വാനം ചെയ്യുന്നു," ഒസ്സെർവത്തോരെ റൊമാനോ, 13/2, 13 മാർച്ച് 2020, പേജ് 1).*

## ഉപസംഹാരം

സഭ പാപികളുടെയും പുണ്യവാന്മാരുടെയും സമൂഹമാണ്. ബി.സി.സി.യും ഇടവകയും അതുതന്നെയാണ്. സഭ നിലനില്ക്കുന്നത് സുവിശേഷവത്ക്കരണത്തിനാണ്, അതിനുള്ള മാർഗ്ഗമാണ് അഥവാ വഴിച്ചാലാണ് ബി.സി.സി. പങ്കാളിത്തവും കൂട്ടായ്മയും പ്രേഷിതപ്രവർത്തനവും ക്രമീകരിക്കാനും അത് എല്ലാവർക്കും എല്ലായിടത്തും എത്തിക്കുവാനുമാണ് ബി.സി.സി. അങ്ങനെ ബി.സി.സി. സിനഡാലിറ്റിയുടെ രംഗവേദിയാകുന്നു.

ബി.സി.സി.യിൽ, ഇടവകയിൽ, ഇടവക വികാരിയെ നയിക്കുന്ന നേതൃത്വമല്ല വേണ്ടത് മറിച്ച്



**സിസ്റ്റർ ബ്ലെസ്സി ജോസ്**

സെന്റ് മാർത്ത സന്യാസിനി സമൂഹാംഗം പുതുക്കുറിച്ചി ഫെറോന ആനിമേറ്റർ, അതിരൂപത ബി സി സി റിസോഴ്സ് ടീം അംഗം, അഡ്വൈസറി ബോർഡ് അംഗം

*കഴിഞ്ഞ 20 വർഷങ്ങളായി ഇടവകതലത്തിലും ഫൊറോനാതലത്തിലും അതിരൂപതാതലത്തിലും ബിസിസിസി പ്രവർത്തനങ്ങളിൽ പ്രവർത്തിച്ചതിന്റെ സന്തോഷത്തിലാണ് ഞാൻ. സഭയോട് ചേർന്ന് പ്രവർത്തിക്കുന്ന ഒരുകൂട്ടം നല്ല അല്മായരെ വാർത്തെടുക്കുവാൻ ബി സി സി ക്ക് സാധിച്ചു എന്നുള്ളത് അഭിമാനകരമാണ്. ദൈവവചനം വായിച്ച് വിചിന്തനം ചെയ്യാനും തങ്ങളുടെ ഹൃദയങ്ങളെ സ്പർശിച്ച വചനഭാഗങ്ങൾ ഉരുവിടാനുമുള്ള ആളുകളുടെ താൽപര്യവും വർദ്ധിച്ചുവരുന്നു. അപരനോടുള്ള സ്നേഹത്തെ പ്രതി കാരുണ്യപ്രവർത്തികൾ ചെയ്യുന്നതിന്റെ ഭാഗമായി വ്യക്തികൾ തമ്മിലുള്ള ബന്ധം വളർത്താനും സാഹോദര്യം വളർത്തുന്ന വേദിയായി ബി സി സി കൂട്ടായ്മകൾ മാറി. ദിനങ്ങൾ കഴിയുംതോറും പ്രാരംഭ കാലഘട്ടങ്ങളിൽ ഉണ്ടായിരുന്ന തീക്ഷ്ണതയും സൗഹൃദവും കൂട്ടായ്മ മനോഭാവവും പ്രാർത്ഥനയിൽ ഉള്ള ആഗ്രഹവും കുറഞ്ഞുവരുന്ന കാഴ്ച ഇന്ന് സംജാതമാണ്. നേതൃത്വസ്ഥാനത്തേക്ക് വരുന്നവർ സജീവമായി പ്രവർത്തിക്കാത്തത് ബി സി സി കൂട്ടായ്മയുടെ തകർച്ചയ്ക്ക് കാരണമാകുന്നു. മീറ്റിങ്ങിന് വിളിച്ചാൽ വരാത്തതും ഇടവകതല റിപ്പോർട്ട് നൽകുന്നതിൽ മടി കാണിക്കുന്നതും എല്ലാം ബിസിസി കൂട്ടായ്മകളുടെ ശോഭ ഒരു പരിധിവരെ കുറയ്ക്കുന്നു. ജീവിതത്തിന്റെ തിരക്കുകൾക്കിടയിൽ ശുശ്രൂഷ എന്ന മനോഭാവം പലരും മറന്നു പോയി എന്നുള്ളത് യാഥാർഥ്യമായി നിലനിൽക്കുന്നു. വ്യക്തിപരവും രാഷ്ട്രീയപരവുമായ താല്പര്യങ്ങൾ കടന്നുവരുന്നതുകൊണ്ട് പലരും ബി സിസി കൂട്ടായ്മകളിൽ നിന്ന് അകന്നു നിൽക്കുന്നു. ബി സി സി പ്രവർത്തനങ്ങൾ സജീവമാകാൻ നൂതനമായ ആശയങ്ങൾ കൊണ്ടുവരുവാൻ നാം പരിശ്രമിക്കണം. ദൈവം തിരഞ്ഞെടുത്ത ദൈവജനത്തിന്റെ ഒപ്പമായിരുന്നുകൊണ്ട് അവരെ വളർത്തുവാനും നിത്യജീവന്റെ പ്രത്യാശയിലേക്ക് നയിക്കുവാനും ആയിട്ടാണ് ഓരോരുത്തരും തെരഞ്ഞെടുക്കപ്പെട്ടുവെന്നുള്ള ആഴമായ ബോധ്യം ഉള്ളിൽ ഉണ്ടാകണം. നമ്മൾ ഉദ്ദേശിച്ച ഫലം മറ്റുള്ളവരിൽ നിന്ന് ലഭിച്ചില്ലെങ്കിലും നിരാശപ്പെടാതെ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് മുന്നോട്ടുപോകുവാൻ സാധിക്കണം. നേതൃത്വനിരയിലേക്ക് വരുന്നവർ ചിന്തിക്കേണ്ട പരമപ്രധാനമായ കാര്യം ഇതാണ്. കർത്താവ് എന്നെ ഭരമേല്പിച്ച ദൗത്യം ഞാൻ ആത്മാർത്ഥമായി ചെയ്യുന്നുവെന്നുള്ള ബോധം ഉണ്ടാകണം. അങ്ങനെ സഭയ്ക്കും സമൂഹത്തിനും പുതുജീവൻ പകരുന്ന നല്ലൊരു വിശ്വാസ സമൂഹത്തെ മെനഞ്ഞെടുക്കുവാൻ നവ നേതൃത്വനിര അക്ഷീണം പ്രയത്നിക്കണം.*

**"സഭയോട് ചേർന്ന് പ്രവർത്തിക്കുന്ന ഒരുകൂട്ടം നല്ല അല്മായരെ വാർത്തെടുക്കുവാൻ ബി സി സി ക്ക് സാധിച്ചു എന്നുള്ളത് അഭിമാനകരമാണ്. ദൈവവചനം വായിച്ച് വിചിന്തനം ചെയ്യാനും തങ്ങളുടെ ഹൃദയങ്ങളെ സ്പർശിച്ച വചനഭാഗങ്ങൾ ഉരുവിടാനുമുള്ള ആളുകളുടെ താൽപര്യവും വർദ്ധിച്ചുവരുന്നു.**

പങ്കാളിത്ത സ്വഭാവത്തോടെ വികാരിയാൽ നയിക്കപ്പെടുന്ന നേതൃത്വമാണ് ബി.സി.സി.യ്ക്ക് വേണ്ടത്. കാരണം, ദൈവത്വം ഏറ്റുപറയുന്ന പങ്കുവയ്ക്കലിലൂടെ ദൈവത്തെ അറിയുന്ന, അനുഭവിക്കുന്ന, അനുഗമിക്കുന്ന, സമൂഹത്തെ നയിക്കാൻ നിയുക്തനാകുന്നവനാണ് ഇടവക വികാരി. ദൈവരാജ്യത്തിന്റെ വരവിനായി വ്യത്യസ്തങ്ങളായ കൃപാവരങ്ങളെ കോർത്തിണക്കുകയും, കൂടുതൽ ഫലം നല്കാൻ വേണ്ടി ശാഖകളെ വെട്ടിയൊരുക്കുകയും ചെയ്യുന്നവനാണ് ഇടവക വികാരി. വികേന്ദ്രീകരണവും, പങ്കാളിത്തവും ഉറപ്പാക്കി, ശ്രവിച്ച്, ഒരുമിച്ച്, യാത്രചെയ്യുന്ന ഇടയനാണ് ഇടവക വികാരി. ഇടവക വികാരിയോടൊപ്പം യാത്ര ചെയ്യാൻ വിളിക്കപ്പെട്ടവരാണ് വിശ്വാസികൾ. നേരെ തിരിച്ചായാൽ ബി.സി.സി., ഇടവക, സഭ ദൈവത്തിന്റേതായിരിക്കില്ല.

സഭയുടെയും മുമ്പിലുള്ള വെല്ലുവിളി: വിശ്വാസ വെളിച്ചത്തിൽ പാർട്ടികളെയോ സംഘടനകളെയോ വിലയിരുത്തുക, സുവിശേഷ മൂല്യങ്ങളുണ്ടെങ്കിൽ സഹകരിക്കുക, പ്രവർത്തിക്കുക, നേരെമറിച്ചാകരുത്.

ദൈവം ആഗ്രഹിക്കുന്ന രീതിയിൽ ബി.സി.സി., ഇടവക, സഭ മുന്നോട്ടു പോകണം. അതിന് ദൈവത്തോടൊപ്പം തോളുരുമ്മി നിന്ന് പ്രവർത്തിക്കാനാണ് ദൈവം സഭാ ശുശ്രൂഷാസമിതികളിലൂടെ വിശ്വാസികളെ ക്ഷണിക്കുന്നത്. ഓരേ വിശ്വാസിയും ശുശ്രൂഷിക്കുന്ന യേശുവിന്റെ മനോഭാവം സ്വീകരിക്കണം (മർക്കോ: 10:45). സിനഡാലിറ്റിയിലായിരിക്കുക എന്നത് മനുഷ്യന്റെ ഉത്തമവും, ഉദാത്തവുമായ ഭാവമാണ്, ക്രിസ്തീയ ജീവിതത്തിന്റെ പൂർണ്ണതയുമാണ്. അതിലൂടെ ഓരോ വിശ്വാസിയും ജ്ഞാനസ്നാനത്തിലൂടെ ലഭിച്ച ദൈവവിളിയിൽ പൂർണ്ണനാവുകയാണ്. പൂർണ്ണതയിലേക്കുള്ള പ്രയാണം യഥാർത്ഥ്യമാകുന്ന രംഗവേദിയാണ് ബി.സി.സി., ഇടവക, തിരുസഭ. ■



**സുശീല ജോ**

പുതിയതുറ ഇടവകാംഗം, പുല്ലുവിള ഫെറോന ബി സി സി ആനിമേറ്റർ

*കഴിഞ്ഞ ഒന്നര മാസക്കാലമായി ഞാൻ ഫെറോന ബി സി സി ആനിമേറ്ററായി പ്രവർത്തിച്ചുവരുന്നു. കുറെ നാളുകളായി മുടങ്ങിക്കിടന്ന ഫെറോന തല ബി സി സി കോർഡിനേറ്റർമാരുടെ പ്രതിമാസയോഗം കൂടി ഇടവകതല പ്രവർത്തനങ്ങളെ വിലയിരുത്തി കൂടുതൽ മികവോടെ പ്രവർത്തിക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ചു. ഇടവകകളിലെ ബിസിസികൾ കാര്യക്ഷമമാക്കാൻ എല്ലാ ഇടവകകളിലും റിസോഴ്സ് ടീം രൂപീകരിക്കണമെന്നാണ് എന്റെ കാഴ്ചപ്പാട്. അനാവശ്യമായ ചർച്ചകൾ ബി സി സികളുടെ ആത്മീയശേഷിയെ നശിപ്പിക്കുന്നു. ചർച്ചകളെക്കാൾ ഉപരി ഓരോ ശുശ്രൂഷ സമിതികളിലും എന്തൊക്കെ ചെയ്തുവെന്നും, വളർച്ചയ്ക്ക് വേണ്ടി ഇനി എന്ത് ചെയ്യാൻ സാധിക്കും എന്നും നാം ചർച്ച ചെയ്യണം. ബി സിസി കൂട്ടായ്മകളിൽ സ്വയംപ്രേരിത പ്രാർത്ഥനകൾ ചൊല്ലാൻ ഓരോരുത്തരും തയ്യാറാകണം. അയൽക്കാരോടുള്ള വിദ്വേഷംകൊണ്ട് അവരുടെ ഭവനങ്ങളിൽ പോകാതിരിക്കുന്ന പ്രവണത നമ്മുടെ ബിസിസികളിൽ കൂടി വരുന്നുണ്ട്. പുരുഷന്മാരുടെയും കുട്ടികളുടെയും പങ്കാളിത്തം ഇന്ന് ബിസിസികളിൽ കുറവാണ്. ബി സി സി കൂട്ടായ്മകൾക്കൊപ്പം കുട്ടികളുടെയും വിധവകളുടെയും രോഗികളുടെയും ഏകസ്ഥരുടെയും കൂട്ടായ്മകൾ ഇടവക തലത്തിൽ രൂപീകരിക്കണം. യൂണിറ്റ് പ്രാർത്ഥനകളിൽ വചന വിചിന്തനത്തിനുശേഷം ആ ഒരു മാസം ചെയ്യാനുള്ള നന്മ പ്രവർത്തികളെപ്പറ്റി എങ്ങനെ ചെയ്യണമെന്നുള്ള കൂട്ടായ ചർച്ചകളൊക്കെ ഉണ്ടാവണം. ആത്മീയത കൂട്ടിയിണക്കാനുള്ള വേദിയാണ് ബി.സി.സി കൂട്ടായ്മകൾ. ഓരോ ശുശ്രൂഷകളിലുമുള്ളവർ അവരുടെ സമിതികളിലെ പ്രവർത്തനങ്ങൾ അവതരിപ്പിക്കണം. സ്ഥിരം ഭാരവാഹികളായി വരുന്നവർ ബി സിസി കൂട്ടായ്മകളെ തളർത്തുന്നു. വ്യക്തി താൽപര്യത്തിനും പ്രശസ്തിക്കും വേണ്ടിയോ അധികാരത്തിനുവേണ്ടിയോ പ്രവർത്തിക്കാതെ നല്ല വിശ്വാസികളെ വാർത്തെടുക്കുന്നവരെ നാം തിരഞ്ഞെടുക്കണം. നേതൃത്വനിരയിലേക്ക് കടന്നുവരുന്നവരുടെ വിശ്വാസ ജീവിതം കൂടി പരിശോധിക്കണമെന്നാണ് എന്റെ ആഗ്രഹം. സ്വാർത്ഥതയും രാഷ്ട്രീയപരമായ താൽപര്യങ്ങളും മറന്ന് നല്ല മാതൃകയിൽ ജീവിക്കുന്നവരെ ഭാരവാഹികളായി തിരഞ്ഞെടുക്കണം. നവ നേതൃത്വനിരയിലേക്ക് കടന്നു വരുന്നവരോട് എനിക്ക് പറയാനുള്ളത് നല്ലൊരു നേതാവ് നല്ലൊരു ശുശ്രൂഷകനാകണം. നമ്മുടെ ആരോഗ്യവും കഴിവും സമൂഹത്തിന്റെയും വളർച്ചയ്ക്ക് വേണ്ടി വിനിയോഗിക്കണം.*

> **“ ആത്മീയത കൂട്ടിയിണക്കാനുള്ള വേദിയാണ് ബി.സി.സി കൂട്ടായ്മകൾ. സ്വാർത്ഥതയും രാഷ്ട്രീയപരമായ താൽപര്യങ്ങളും മറന്ന് നല്ല മാതൃകയിൽ ജീവിക്കുന്നവരെ ഭാരവാഹികളായി തിരഞ്ഞെടുക്കണം.**

*തയ്യാറാക്കിയത്:*

**ബ്രദർ സാലു സിൽവയ്യൻ**



റോബ്സൺ

# ആത്മാവിന്റെ വേരുകൾ



ഹൃദയത്തിന്റെ വാതിലുകൾ
ഒരല്പം തുറന്നിരിക്കുന്നവർക്ക്
ലോകത്തിന്റെ വേദനകൾ നോവുകൾ നല്കുന്നു.

Reptile Brain നുകൾ confidence ഓടുകൂടി
തങ്ങളുടെ കർമ്മങ്ങളിൽ ഏർപ്പെടുന്നു.

ഹൃദയത്തിന്റെ വാതിലുകൾ ഒരല്പം
തുറന്നിരിക്കുന്നവർക്ക്,
ലോകത്തിന്റെ വേദനകൾ അവരുടെ
confidence നെ തകർക്കുന്നു....

വേദനകൾ മുറിവുകളായി, അവർ
ഒതുക്കപെട്ടു പോകുന്നു..

കാരണം അവർ അവരുടെ ആത്മാവിന്റെ
വേരുകൾ കണ്ടെത്തിയിട്ടില്ല..

അവർ ആ യാത്രയിലാണ്...

വേരുകൾ കണ്ടെത്തിയ ചില ശരീരങ്ങൾ
ശബ്ദിച്ച് തുടങ്ങുമ്പോൾ
അവർ അതിലേയ്ക്ക് ആകർഷിക്കപ്പെടുന്നു.

വൃക്ഷത്തിന്റെ തണൽ ആസ്വദിക്കാനും,
ഒരല്പം സമയം സ്വസ്ഥമായി തന്നിലേയ്ക്കൂളിയിടാനും.

ആത്മാവിന്റെ വേരുകൾ കണ്ടെത്തിയ ശരീരങ്ങളെ
അവർ പുണരുന്നു...

അവർ ആ ശരീരങ്ങളിൽ തങ്ങളുടെ നാളെയുടെ
പ്രതീക്ഷകൾ കാണുന്നു.

Reptile Brain നുകൾ അവരുടെ
പരിമിതമായ കൂടാരങ്ങളിൽ ആഘോഷിക്കുന്നു.
നാളെയുടെ മറ്റൊരു കൂടാരത്തിൽ
പ്രതീക്ഷയർപ്പിച്ചു കൊണ്ട്.

അവർക്ക് ആത്മാവോ വേരുകളോ ഇല്ല.

ലേഖനം



# കൈവിട്ട് പോയ ഇന്നലെകൾ

“കരഞ്ഞു കരഞ്ഞു ഞാൻ തളർന്നു, രാത്രി തോറും ഞാൻ കണ്ണീരൊഴുക്കി, എന്റെ തലയണ കുതിർന്നു, ദുഃഖം കൊണ്ട് കണ്ണുമങ്ങുന്നു.” – കൈവിട്ട് പോയ ഇന്നലെകളെക്കുറിച്ച് ഓർക്കുമ്പോൾ പലരുടെയും അവസ്ഥ ഇതു തന്നെയാണ്, ജീവിതത്തിലെ തെറ്റുകൾകൊണ്ടും സ്വന്തം പ്രവൃത്തികൊണ്ടും നഷ്ടം വരുത്തിവയ്ക്കുന്നവർ പിന്നീട് ചിന്തിക്കും ‘അങ്ങനെ പറയരുതായിരുന്നു... അങ്ങനെ ചെയ്യരുതായിരുന്നു...’. കൈവിട്ട് പോയ നിമിഷങ്ങളും വാക്കുകളും പ്രവൃത്തിയും തിരിച്ചെടുക്കാനാവില്ല എന്ന സത്യം അറിഞ്ഞ് ജീവിക്കാൻ പിന്നീട് പശ്ചാത്തപിക്കേണ്ടിവരില്ല.

മുറിപ്പെടുത്തുന്ന വാക്കുകളാൽ അറ്റുപോയ ബന്ധങ്ങൾ, വീണ്ടുവിചാരമില്ലാത്ത പ്രവൃത്തികളാൽ നഷ്ടപ്പെട്ട സമ്പാദ്യങ്ങൾ, അശ്രദ്ധകൊണ്ട് നഷ്ടപ്പെട്ട ആരോഗ്യമുള്ള ശരീരം അങ്ങനെ കൈവിട്ടുപോയ ധാരാളം ഇന്നലെകൾ... എന്നാൽ ഇതിനേക്കാൾ അധികം ഹൃദയവ്യഥ ഉളവാക്കുന്നത് മരണമടഞ്ഞ വ്യക്തിയോട് നാം പറയാനും നൽകാനും ബാക്കി വച്ച കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോഴാണ്. ഇത് ഒരിക്കലും വീട്ടാൻ പറ്റാത്ത ഒരു കടമാണ്. നാം അവഗണിക്കുന്ന നിസ്സാരകാര്യങ്ങളാവും ചിലപ്പോൾ ഒരു വ്യക്തിയുടെ ജീവൻ രക്ഷിക്കാനുതകുന്നത്. ഒരു കോളേജ് വിദ്യാർത്ഥിനിയുടെ ഹൃദയത്തിൽ ഒരിക്കലും ഉണങ്ങാത്ത മുറിവ് ഉളവാക്കിയ സംഭവം പങ്കുവയ്ക്കട്ടെ. അവൾക്ക് ആകെയുള്ള കൂടപ്പിറപ്പ് അവളുടെ സഹോദരനായിരുന്നു. രണ്ടുപേരും സുഹൃത്തുക്കളെപ്പോലെയായിരുന്നു. എന്ത് ദുഃഖവും അവർ പരസ്പരം പങ്കുവച്ചിരുന്നു. കുടുംബത്തിലുള്ള ആഘോഷങ്ങളിലും, ഷോപ്പിംഗിലും, പള്ളിയിലും മറ്റിടങ്ങളിലും അവർ ഒരുമിച്ചുമാത്രമേ പോകുകയുള്ളൂ. ഒരു ദിവസം രാത്രി അവളുടെ സഹോദരൻ അവളെ സമീപിച്ച് പറഞ്ഞു: “ചേച്ചി എനിക്ക് അത്യാവശ്യമായി ചേച്ചിയോട് ഒരു കാര്യം പറയാനുണ്ട്.” അവൾ മറുപടി പറഞ്ഞു, “നാളെ ആകട്ടെ. ഉറങ്ങാൻ പോകുന്നു. ഞാൻ വളരെ ക്ഷീണിതയാണ്.” പിറ്റേ ദിവസം രാവിലെ സ്വന്തം സഹോദരൻ മുറിക്കുള്ളിൽ തൂങ്ങി നിൽക്കുന്നതാണ് അവളും കുടുംബവും കണ്ടത്. അവൾ ഹൃദയം പൊട്ടി നിരന്തരം പറയുന്നത് ഒരു കാര്യം മാത്രമാണ്: “അന്ന് രാത്രി എന്റെ സഹോദരൻ പറയാൻ ആഗ്രഹിച്ച കാര്യം ഞാൻ ഒന്നു കേൾക്കാൻ മനസ്സ് കാണിച്ചിരുന്നെങ്കിൽ അവൻ മരിക്കുകയില്ലായിരുന്നു.” സ്വന്തം സഹോദരന്റെ മരണകാരണം അറിയാൻ സാധിക്കാതെ വിങ്ങിപ്പൊട്ടുന്ന അവളുടെ ജീവിതത്തിൽ കൈവിട്ടു പോയ ‘ആ ഇന്നലത്തെ രാത്രി...’


“നിനക്കുചെയ്യാൻ കഴിവുള്ള നന്മ, അത് ലഭിക്കാൻ അവകാശമുള്ളവർക്കു നിഷേധിക്കരുത്. അയൽക്കാരൻ ചോദിക്കുന്ന വസ്തു നിന്റെ കൈവശമുണ്ടായിരിക്കെ, പോയി വീണ്ടും വരിക, നാളെ തരാം എന്നുപറയരുത്.” (സുഭാഷിതങ്ങൾ 3:27, 28) ഒരുപക്ഷേ, നിന്റെ അയൽക്കാരൻ ‘നാളെ’ ജീവിച്ചിരിക്കണമെന്നില്ല.

നമ്മുടെ കുടുംബത്തിലുള്ളവരോട് അല്പസമയംപോലും ചെലവഴിക്കാതെയും, അവർ ചെയ്ത നല്ല പ്രവൃത്തികൾക്ക് പ്രശംസ നൽകാതെയും, സ്നേഹചുംബനം കൊടുക്കാതെയും നഷ്ടമാക്കുന്നവ അവരുടെ മരണശേഷം നൽകുന്നത് തികച്ചും അർത്ഥശൂന്യമാണ്. പ്രിയപ്പെട്ടവർ ജീവിച്ചിരുന്നപ്പോൾ അവരുടെ കൂടെ ഇരിക്കാൻ നമുക്ക് സമയം കിട്ടിയില്ല. എന്നാൽ അവർ മരിച്ചു കഴിയുമ്പോൾ അവരുടെ ചേതനയറ്റ ശരീരത്തിനരികിൽ മണിക്കൂറുകളോളം നാം ഇരിക്കുന്നു. മരണശേഷം നാം ഒരു വ്യക്തിക്ക് നൽകുന്നവ ജീവിച്ചിരുന്നപ്പോൾ നൽകിയിരുന്നെങ്കിൽ ആ വ്യക്തിക്ക് ദീർഘായുസ് ലഭിക്കുമായിരുന്നു.

പ്രിയ സഹോദരരേ, നമുക്ക് ചുറ്റുമുള്ളവരെ സ്നേഹിക്കാം. അവർക്കാവശ്യമായതെല്ലാം നൽകാം. നാം സ്വാർത്ഥരായി ജീവിക്കുമ്പോൾ കൈവിട്ടുപോയ ഇന്നലെകളെ പ്രതി വിലപിക്കേണ്ടിവരും. ■



**സിസ്റ്റർ**
**ലീമ രാജൻ CCR**



കവിത

# കടലിന്റെ ആരവം


**ലൈല പുലരി**
മങ്ങാട്ടുകോണം


**ആ**ഞ്ഞടിക്കും തിരമാലകൾ
ആർത്തിരമ്പും തിരമാലകൾ
പതഞ്ഞുപൊങ്ങും തിരമാലകൾ
കരയെ വിഴുങ്ങും തിരമാലകൾ.

തീരം കടലെടുക്കുന്നേരം
പാവമാം താരവാസികൾ
ഓടിപ്പോകും ദൂരെ ദൂരെ
അഭയകേന്ദ്രങ്ങൾ തേടി
മാറോടുചേർത്ത കുഞ്ഞുങ്ങളും
ചട്ടീം കലവും ഉടുവസ്ത്രവുമായ്

കരളലിയിക്കും ദീനരോദനങ്ങൾ
കേൾക്കുന്നില്ലേ ജനമേ
പൊള്ളും മനസ്സിന്റെ വിങ്ങലുകൾ
അറിയുന്നില്ലേ ജനമേ

ഉണരൂ ജനമേ കടലിൻ മക്കൾക്കായ്
നന്മതൻ കതിരുകൾ
തളിർക്കട്ടെ മനതാരിൽ
പൊങ്ങട്ടെ സാന്ത്വനത്തിൻ ഭവനങ്ങൾ
ഉറങ്ങട്ടെ ശാന്തമായ് കടലിൻ മക്കൾ



# നല്ലിടയൻ


**മേഴ്സി സിറിൾ**
വലിയവേളി


**അ**ടഞ്ഞൊരീ വാതിലിനുമപ്പുറത്തെന്റെ
കുഞ്ഞുങ്ങളെല്ലാമുറങ്ങിക്കിടക്കുന്നു
ഞാനീ വാതിലിനിപ്പുറത്തൊന്നുകിടക്കട്ടെ
ഇരുളിൻ മറപറ്റി ചെന്നായ് വരുമ്പോൾ കാവലായ്
ഇടയനറിയാതെ ഒരാടും പുറത്തുപോകില്ല
ഇടയനറിയാതെ ഒരുചന്നായയും അകത്തുകടക്കില്ല
ഞാനാണിടയൻ... ഞാനാണു ജീവൻ...
പിന്നിലൂടെത്തി വിളിക്കുന്ന കള്ളനെ
തള്ളിക്കളയുമെൻ മക്കൾ
മുൻവാതിൽ തുറന്നു ഞാൻ വിളിക്കവേ
എത്തുന്നു മക്കളെൻ ചാരേ
ഞാനാണിടയൻ... ഞാനാണു വാതിൽ....
ഞാൻ തന്നെ ജീവനും.... ഞാൻ തന്നെ സത്യവും...
ജീവൻ വെടിയാൻ സ്വയം തയ്യാറുള്ളവൻ ഞാൻ.

## ദൈവജനസമക്ഷം
# ഒരു വികാരിയച്ചന്റെ കത്ത്



**പ്രിയപ്പെട്ട ഇടവക മക്കളേ,**

ഈ കത്തിലാകെ നിങ്ങളുടെ വികാരിയച്ചൻ എന്ന നിലയിലുള്ള എന്റെ ആത്മവിചാരങ്ങളാണ്. പറഞ്ഞുതീർത്ത പള്ളിപ്രസംഗങ്ങളിലൊന്നും കടന്നുവരാത്ത വ്യക്തിവിചാരങ്ങളാണ് കത്തിൽ കോറിയിട്ടിരിക്കുന്നത്. എഴുതി മുഴുമിപ്പിക്കും മുൻപ് കണ്ണീർത്തുള്ളികൾ വീണ് മഷിപടർന്ന കാമുകന്റെ കത്തും കടലിനക്കരെയിരുന്ന് സ്വന്തം ദുഃഖങ്ങൾ മറച്ചുവച്ചുകൊണ്ട് കുടുംബത്തിലേക്കയച്ച അപ്പന്റെ കത്തിലേയും പൊതു വികാരം വിഷാദമെന്നപോലെ ഈ കത്തെഴുതുമ്പോൾ എന്നെയും മഥിക്കുന്നത് ദുഃഖം തന്നെ. മീറ്റിംഗുകളിലോ പ്രസംഗപീഠങ്ങളിലോ ഭവന സന്ദർശനങ്ങളിലോ പറയാൻ സാധിക്കാതെ മനസ്സിൽ താഴിട്ടുവച്ച ചില സ്വകാര്യ ദുഃഖങ്ങൾ ഞാൻ നിങ്ങളുമായി പങ്കുവച്ചോട്ടെ.

ഏറെ താല്പര്യത്തോടും ആകാംക്ഷയോടും അതിലേറെ വലിയ ഉത്സാഹത്തോടും കൂടിയാണ് ഞാൻ ഈ ഇടവകയിൽ വികാരിയായി കടന്നുവന്നത്. അഭിവന്ദ്യ പിതാവ് ഇവിടെ വരണം എന്നു പറഞ്ഞപ്പോഴെ ചങ്കിടിപ്പായിരുന്നു. ചില മാനുഷികമായ കാരണങ്ങളാണ് അതിന്റെ പിന്നിൽ. ഒന്നാമത്തേത്, ഇത് സാമാന്യം വലിയൊരു ഇടവകയാണ്. നിങ്ങളുടേത് മാത്രമായ ചില സങ്കീർണ പ്രശ്നങ്ങൾ ഇവിടെ തന്നെയുണ്ട്. രണ്ടാമതായി എനിക്കു മുൻപ് ഇവിടെ വികാരിയായിരുന്ന എന്റെ സഹോദരനും സുഹൃത്തുമായ അച്ചൻ സെമിനാരിയിൽ പഠിച്ചുകൊണ്ടിരിക്കുമ്പോഴെ സമർത്ഥനായിരുന്നു. ഒരു ചിത്രഗൃഹം പോലെ ഈ ഇടവകയെ അദ്ദേഹം നന്നായി അണിയിച്ചു. അതോർത്തപ്പോഴെ എനിക്കൊരു അപകർഷതയുണ്ടായിരുന്നു. നിങ്ങളെങ്ങനെ എന്നെ സ്വീകരിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുമെന്ന്. പക്ഷേ, എന്റെ ഊഹങ്ങൾക്കെല്ലാം വിപരീതമായി ഞാനെന്ന വ്യക്തിയെ നിങ്ങൾ മനസ്സിലാക്കുകയും എന്നെ അംഗീകരിക്കുകയും ചെയ്തു. എന്നിൽ ഇല്ലാത്തതൊന്നും പെരുപ്പിച്ചുകാട്ടി ആളുചമയാൻ ഇന്നോളം ഞാൻ ശ്രമിച്ചിട്ടില്ല. എത്ര കഠിനമായി ശ്രമിച്ചിട്ടും ജനങ്ങളെ ആകർഷിച്ചിരുത്തുന്ന ഒരു നല്ല സുവിശേഷ പ്രസംഗകനാകാൻ എനിക്കിന്നേവരെ കഴിഞ്ഞിട്ടില്ല. എങ്കിലും ചിലപ്പോഴൊക്കെ വിശ്വാസവും വിദ്യാഭ്യാസവുമുള്ള ഇടവകയിലെ ചില അൽമായ സഹോദരങ്ങൾ ഇന്നത്തെ അച്ചന്റെ പ്രസംഗം നന്നായിരുന്നു എന്നുപറഞ്ഞ് പ്രോത്സാഹിപ്പിച്ച വാക്കുകൾ ഇന്ദ്രനീലം കണക്കേ എന്റെ മനസ്സിൽ സൂക്ഷിച്ചുവച്ചിട്ടുണ്ട്. അവർ മുഖസ്തുതി പറഞ്ഞതല്ല. ഇത്രയും വർഷത്തെ സുവിശേഷ ജീവിതത്തിൽ നിന്ന് ഞാൻ പഠിച്ച വലിയൊരുപാഠം, ഒരു വൈദികൻ

**എത്ര കഠിനമായി ശ്രമിച്ചിട്ടും ജനങ്ങളെ ആകർഷിച്ചിരുത്തുന്ന ഒരു നല്ല സുവിശേഷ പ്രസംഗകനാകാൻ എനിക്കിന്നേവരെ കഴിഞ്ഞിട്ടില്ല. എങ്കിലും ചിലപ്പോഴൊക്കെ വിശ്വാസവും വിദ്യാഭ്യാസവുമുള്ള ഇടവകയിലെ ചില അൽമായ സഹോദരങ്ങൾ ഇന്നത്തെ അച്ചന്റെ പ്രസംഗം നന്നായിരുന്നു എന്നുപറഞ്ഞ് പ്രോത്സാഹിപ്പിച്ച വാക്കുകൾ ഇന്ദ്രനീലം കണക്കേ എന്റെ മനസ്സിൽ സൂക്ഷിച്ചുവച്ചിട്ടുണ്ട്.**

പ്രസംഗം ഒരുങ്ങാനായി എടുക്കുന്നതിന്റെ ഇരട്ടി സമയം വചനം മനസ്സിൽ പേറി കേൾക്കുന്നവർക്കായി പ്രാർത്ഥിക്കണം എന്നതാണ്. "എന്നാൽ നിങ്ങളല്ല, നിങ്ങളിലൂടെ നിങ്ങളുടെ പിതാവിന്റെ ആത്മാവാണ് സംസാരിക്കുന്നത്" (മത്തായി 10:20). അങ്ങനെ ചെയ്തിട്ടുള്ള ദിവസങ്ങളിലാണ് മേൽപ്പറഞ്ഞ അഭ്യുദയകാംക്ഷികൾ എന്നെ പ്രോത്സാഹിപ്പിച്ചതും.

പല പ്രാവശ്യം നിങ്ങളിൽ പലരും എന്നോട് ചോദിച്ചിട്ടുണ്ട്, അച്ചന് പാട്ടു കുർബാന ചൊല്ലിക്കൂടെ എന്ന്. ഒരു സത്യം പറയട്ടെ എന്റെ പ്രഥമ ദിവ്യബലിയർപ്പണത്തിന്റെ സി.ഡി. കണ്ട ശേഷം ഇന്നേവരെ അതിനു ഞാൻ ശ്രമിച്ചിട്ടില്ല. സംഗീതത്തിലുള്ള എന്റെ കഴിവളക്കാനല്ല മറിച്ച് 'ഞായർ ദിവ്യബലി' കുറേക്കൂടി ഭക്തിനിർഭരമാകട്ടെ എന്നാണ് നിങ്ങൾ ഉദ്ദേശിക്കുന്നതെന്നറിയാം. എങ്കിലും ഇപ്പോൾ മറ്റൊന്നും ഞാൻ പറയുന്നില്ല ശ്രമിക്കാം എന്നല്ലാതെ. നൂറുപേരെടുത്താൽ ഒന്നോ രണ്ടോ പേർക്കേ നല്ല സ്വരവും രാഗവും ദൈവം കൊടുത്തിട്ടുള്ളൂ. അതിനർത്ഥം നമ്മുടെ തന്നെ ഗായകസംഘത്തിലെ സഹോദരർ ദൈവത്താൽ എത്രത്തോളം അനുഗ്രഹിക്കപ്പെട്ടവരാണ്. അവരുടെ ദൈവദാനം തിരിച്ചറിഞ്ഞ് കൂടുതൽ ആത്മാർത്ഥതയോടെ അവർ ഗാനങ്ങൾ ആലപിച്ചാൽ സത്യത്തിൽ അതീവ സുന്ദരമായ ഒരു ആരാധന നമുക്കർപ്പിക്കാൻ കഴിയും. ചിലപ്പോഴെങ്കിലും അവർ തമ്മിലുള്ള വഴക്ക് എന്നെ വിഷമിപ്പിച്ചിട്ടുണ്ട്. മാലാഖമാർ നിരന്തരം നൃത്തം ചെയ്യേണ്ടിടം അപശ്രുതികളുടെയും താളഭംഗങ്ങളുടെയും വ്യക്തിവൈരാഗ്യത്തിൽ മുങ്ങിപ്പോയതോർത്ത് നമുക്ക് പരിതപിക്കാം.

ഈ ഇടവകയിൽ വന്ന അന്നു മുതൽ എന്റെ ഉള്ളിലെ ആഗ്രഹം എല്ലാ ഭവനങ്ങളും സന്ദർശിക്കണം എന്നതായിരുന്നു. ഏകദേശം ഒരു വർഷം കഴിഞ്ഞിട്ടും എനിക്കതിന് സാധിച്ചില്ല. പലരും എന്നോടു സംസാരിക്കുമ്പോഴും അവരുടെ പേരും പശ്ചാത്തലവും അറിയാതെയാണ് ഞാൻ സംസാരിക്കുന്നത് എന്നത് പരസ്യമായി ഞാൻ നിങ്ങളോട് കുമ്പസാരിക്കുകയാണ്. അച്ചനെന്താ ജോലി ഞങ്ങളുടെ ഭവനങ്ങൾ സന്ദർശിച്ചുകൂടെ എന്നു നിങ്ങൾ എടുത്തടിച്ച് പറഞ്ഞെന്നിരിക്കും. സ്നേഹവും അവകാശവുംകൊണ്ടാണ് അത് പറയുന്നതെന്നറിയാം. പക്ഷേ, പലപ്പോഴും എന്റെയും നിങ്ങളുടെയും സമയം ഒത്തുപോകുന്നില്ല എന്നതാണ് പ്രശ്നം. അവധി ദിവസങ്ങളിൽ വരാം എന്നുവിചാരിച്ചാൽ എന്റെ തിരക്കുകൾ കാരണം സാധിക്കാറില്ല. എങ്കിലും ഒരു കാര്യം ഉറപ്പാണ് ഞാനിവിടെ നിന്ന് പോകുന്നതിന് മുൻപ് നിങ്ങളുടെ എല്ലാ പേരുടേയും ഭവനങ്ങളിൽ തീർച്ചയായും വരും. ആടുകളെ പേരുചൊല്ലി വിളിക്കാൻ കഴിയാത്ത എന്റെ ബലഹീനത കണ്ട് തമ്പുരാൻതന്നെ ചിരിക്കുന്നുണ്ടാകും അല്ലേ. ഒരുപക്ഷേ എനിക്ക് കുറച്ചെങ്കിലും ഈ ഇടവകയെക്കുറിച്ചും ഇവിടുത്തെ പ്രശ്നങ്ങളെക്കുറിച്ചും ഉള്ള അറിവു ലഭിക്കുന്നത് കുടുംബയൂണിറ്റുകളിൽ മുടങ്ങാതെ പങ്കെടുക്കുന്നതുകൊണ്ടാണ്. പക്ഷേ നിങ്ങളോ? പേരിന് ആരെയെങ്കിലും ഒരാളെ വീട്ടിൽ നിന്നയ്ക്കും ഒരുക്കമില്ലാതെ വരും. പ്രാർത്ഥനകളിൽ സജീവമാകാതെ ഹാജരിനുവേണ്ടി വരും. പുരുഷന്മാർ വളരെ കുറച്ചുപേരേ വരാറുള്ളൂ. പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുമ്പോൾ സ്ഥാനങ്ങൾ അലങ്കരിക്കാൻ വരുന്നവർ കുറവല്ല. ഇടവക കൗൺസിലിൽ വരാനുള്ള വോട്ടുപിടുത്തം വേറൊരു വഴിക്ക്. ആദിമ ക്രൈസ്തവരുടെ മാതൃകയിൽ പ്രാർത്ഥനയിലും പങ്കുവയ്പിലും സജീവമാകാനുള്ളതാണ് നമ്മുടെ യൂണിറ്റുകൾ എന്നോർക്കുക.

ഉച്ചയൂണിനുശേഷം അച്ചന് പാതിരാപോലെയാണ് എന്ന് ചിലരൊക്കെ കളിയാക്കി പറയുന്നത് കേട്ടിട്ടുണ്ട്. ഉച്ച ഉറക്കത്തെക്കുറിച്ചാണത്. ഉച്ചമയക്കം എനിക്ക് പതിവുള്ളതാണ്. അത് വെറും മയക്കമാണ്. ഗാഢനിദ്രയൊന്നുമല്ല. വിശ്രമശേഷം വ്യക്തിപരമായ ഒത്തിരി കാര്യങ്ങൾ ചെയ്യുന്നൊരു സമയമാണത്. ആ സമയം അത്യാവശ്യങ്ങളില്ലെങ്കിൽ എനിക്കുമാത്രമായി തരണം. ഇങ്ങനെയുള്ള എന്റെ സമയങ്ങളിൽപോലും നിങ്ങളൊക്കെ തന്നെയാണ് എന്റെ ചിന്തകളിൽ നിറഞ്ഞു നിൽക്കുക. നിങ്ങളുടെ പ്രശ്നങ്ങളും ചിലരുടെ ദൈന്യമുഖങ്ങളും എന്റെ ചിന്തകളിൽ സദാ നിറഞ്ഞുനിൽക്കാറുണ്ട്. നിങ്ങൾ അങ്ങനെ എന്റെ ജീവിതത്തേയും അർത്ഥപൂർണമാക്കുന്നു എന്നറിയുക.

ഈ കത്ത് നീണ്ടുപോകുന്നതിൽ ഞാൻ ഖേദിക്കുന്നു. രണ്ടുകാര്യങ്ങൾ പറഞ്ഞവസാനിപ്പിക്കാം. ഒന്ന്, കുമ്പസാരത്തെക്കുറിച്ചാണ്. വർഷങ്ങൾ കഴിഞ്ഞ് കുമ്പസാരിക്കാൻ വരുന്ന നിങ്ങളിൽ പലർക്കും പറയാൻ പാപങ്ങൾപോലും കുറവാണ്. അതുകേൾക്കുമ്പോൾ ഈ നീതിമാൻമാരുടെ ഇടയിൽ ഞാനാണ് വലിയ പാപി എന്ന് കരുതിപ്പോകും. ചിലരാകട്ടെ വള്ളിനിക്കറുമിട്ട് ആദ്യകുർബാന സ്വീകരിച്ചപ്പോൾ കാണാതെ പഠിച്ച അതേ കാര്യങ്ങൾ തന്നെ ആവർത്തിക്കും.

കഥ

# ചോർച്ച

ഇടവം പിറന്നാൽ ആറ്റിറമ്പിലെ ചാലിൽ അമ്മ ചീന്തോല അഴുക്കാനിടും. പിന്നെ അഴുകിയ ഓല മെടഞ്ഞുകൂട്ടും. "മഴയ്ക്ക് മുമ്പേ ഊടുവലിക്കണം. നമ്മുടെ വീടിന് ചോർച്ചയുണ്ട്." അമ്മ പറയും.

വെള്ളിമേഘം മാനംമുട്ടേ വളരും. പിന്നെ കറുത്തിരുണ്ട് കാട്ടാനക്കൂട്ടംപോലെ എഴുള്ളത്ത്. ആറ്റിറമ്പിലെ ആദ്യ തുള്ളിമഴ. ഇടവം, മിഥുനം, കർക്കിടകം - കാലവർഷം. കായൽക്കയവും കരയും മെല്ലെ നിറയും.

പൊടുന്നനേയുള്ള മഴ പുരപ്പുറം നിറഞ്ഞൊഴുകുമ്പം വീടിനുള്ളിലും മഴ ചോർന്നൊലിക്കും. അമ്മ വിളിക്കും; "എടാ എണീക്കെടാ ചട്ടീം കലോം പിഞ്ഞാണങ്ങളും പെറുക്കി വയ്ക്ക്, ചോർച്ചനോക്കി..."

കന്നിവെറിക്കെങ്കിലും പുരമേയണം. ഇല്ലാപണം സ്വരൂപിക്കുമ്പം മുഖം ഇരുൾമൂടം, അമ്മയ്ക്ക്. തുലാവർഷം കോരിയൊഴിക്കുമ്പം പുഴയോരം പുതുകഥ എഴുതും.

ജനാലകളില്ലാത്തവീട്.

അമ്മ ഉണർന്നിരിക്കും, മഴകാത്ത്. കാറ്റും മഴേം താണുവന്ന് ചാണകം മെഴുകിയ ഇറയം നിറയ്ക്കും. ആകാശപരപ്പിലെ അധികജലം നീരൊഴുക്കായി വീടിനുള്ളിലും. ഒഴുക്ക് തടയാൻ വാതിൽപ്പടിയിൽ മണൽകൂട്ടി കയ്യാല പണിയും ഞാൻ. പിന്നെ ഇറയത്തെ വെള്ളം കോരി ചാലിലൂടൊഴുക്കിക്കളയും. മഴവെള്ളം പുഴനിറയുമ്പം അമ്മ പറയും, "പയ്യിനെ മാറ്റിക്കെട്ടണം. മലവെള്ളം പുറയിറങ്ങാൻ ദിവസം എടുക്കും."

അതുകേട്ട് ഞാൻ പറയും; "വെള്ളം തേവാമമ്മേ."

മണല് കൂട്ടി തടയിണയിടും വീടിന് ചുറ്റും. അപ്പോൾ ഒരു കരം ഉയർന്ന് താണ് ശിരസിൽ എന്നെ തൊടുമ്പോൾ കണ്ടു മറ്റൊരു ചോർച്ച. അമ്മയുടെ കണ്ണുകളിൽ.



**വിൻസെന്റ് എസ്.ലോപ്പസ്**

ഇത്തരം ചടങ്ങ് തീർക്കലല്ല കുമ്പസാരം. വിശുദ്ധ അമ്മ ത്രേസ്യായുടെ കുമ്പസാര ജീവിതം അവരുടെ കുമ്പസാരക്കാരായിരുന്ന വൈദികരുടെ ജീവിതത്തെ കൂടുതൽ വിശുദ്ധീകരിച്ചു എന്നൊരു നിരീക്ഷണമുണ്ട്. അതുപോലെ നിങ്ങളിൽ പലരുടേയും ജീവിത നൈർമല്യം എന്റെ ജീവിതത്തെ വിശുദ്ധീകരിക്കും. രണ്ടാമത്തേതും അവസാനത്തേതുമായ ചിന്ത ബലിയർപ്പണത്തെക്കുറിച്ചാണ്. നിങ്ങളോടൊപ്പം പ്രഭാതബലിയർപ്പിക്കാൻ വേണ്ടിമാത്രം പല പ്രധാന പരിപാടികളും ഞാൻ മാറ്റിവച്ചിട്ടുണ്ട്. ദൂരെ യാത്രകൾ പോയിട്ട് മൈലുകൾ താണ്ടി ഞാനിവിടെ തിരിച്ചെത്തിയിട്ടുണ്ട്. തീരെ സുഖമില്ലാതിരുന്നപ്പോൾ പോലും ഞാൻ ബലിയർപ്പിച്ചിട്ടുണ്ട്. ബന്ധുക്കളുടെ ആഘോഷപരിപാടികളിൽപോലും പങ്കെടുക്കാതെ ബലിയർപ്പിക്കാനായി ഇവിടെത്തന്നെ തങ്ങിയിട്ടുണ്ട്. ഒരു ദിവസം ദിവ്യബലി ഉണ്ടാകില്ല എന്നുപറഞ്ഞാൽ നിങ്ങൾ പ്രതികരിക്കും എന്നുകരുതി പലപ്പോഴും എന്റെ തിരക്കുകൾ ഞാൻ ഒഴിവാക്കുകയത്രേ ചെയ്തത്. എങ്കിലും ഇത് പറയാതെ വയ്യ. നിങ്ങളുടെ ബലിയർപ്പണത്തിലെ സജീവത ആത് കൂടുതലാകണം. ഒരിമിച്ചുള്ള പ്രാർത്ഥന, ഗാനാലാപനം, ബലിക്കായുള്ള ഒരുക്കം, കൃത്യനിഷ്ട ഇതെല്ലാം മറ്റിടങ്ങളിൽ നിന്നുവരുന്നവരെ വിസ്മയിപ്പിക്കുംവിധം മനോഹരമാകണം. സൂര്യനെ പ്രണയിച്ച സൂര്യകാന്തിയെപ്പോലാകണം നമ്മുടെ ബലിയർപ്പണജീവിതം.

വിജയശ്രീലാളിതനായി കടന്നുപോകുന്ന ഒരു പുരോഹിതനല്ല, തോറ്റുതുന്നംപാടിയ പുരോഹിതനുമല്ല. ഓരോരുത്തരും കാലഘട്ടത്തിനനുസൃതമായ സംഭാവനകൾ നൽകി കടന്നുപോകുന്നു. കഴിഞ്ഞകാലങ്ങളിൽ നിങ്ങൾ നൽകിയ എല്ലാ സഹായ സഹകരണങ്ങൾക്കും നന്ദിയർപ്പിക്കുന്നു. I love you in christ.

നിറഞ്ഞ സ്നേഹത്തോടെ,

**നിങ്ങളുടെ വികാരിയച്ചൻ**

കാനൻ ലോ

ഫാ. ജോസ് ജി.
ജുഡീഷ്യൽ വികാർ

# വിശുദ്ധ കുർബാനയും അതിന്റെ പര്യായങ്ങളും



ലത്തീൻ കത്തോലിക്കാ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 897–958, കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം (CCC) 1322–1419 എന്നിവ വിശുദ്ധ കുർബാനയെക്കുറിച്ച് വിശദീകരിക്കുന്നു.

CIC 897-898 ഉം CCC 1322-1327 ഉം വിശുദ്ധ കുർബാന സംക്ഷിപ്തമായി വിവരിക്കുന്നു. അവയനുസരിച്ച് വി. കുർബാന എന്നത്:

1. കർത്താവായ ക്രിസ്തുതന്നെ ഉൾക്കൊള്ളുകയും അർപ്പിക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന ഏറ്റവും മഹനീയമായ കൂദാശയാണ്.
2. സഭ നിരന്തരമായി ജീവിക്കുകയും വളരുകയും ചെയ്യുന്നത് ഈ കൂദാശവഴിയാണ്.
3. ക്രൈസ്തവ ജീവിതത്തിന്റെ ഉറവിടവും അത്യുച്ചസ്ഥാനവുമാണ്.
4. ക്രൈസ്തവ വിശ്വാസത്തിന്റെ ആകെത്തുകയും സംക്ഷിപ്തരൂപവുമാണ്.

ഇവ നാലും വ്യക്തമാക്കുന്നത് മറ്റു കൂദാശകളും സഭാപരമായ എല്ലാ അപ്പസ്തോലിക പ്രവർത്തനങ്ങളും വിശുദ്ധ കുർബാനയുമായി അവഗാഢം ബന്ധപ്പെട്ടിരിക്കുകയും അതിലേയ്ക്ക് തിരിഞ്ഞിരിക്കുകയും ചെയ്യുന്നു എന്നതാണ്.

## വിശുദ്ധ കുർബാനയുടെ പര്യായങ്ങൾ

CCC 1328 - 1332 പ്രകാരം, താഴെപ്പറയുന്ന പേരുകളിൽ വി. കുർബാന അറിയപ്പെടുന്നു:

1. കൃതജ്ഞതാസ്തോത്രം (eucharistein, eulogein)
2. കർത്താവിന്റെ അത്താഴം
3. അപ്പം മുറിക്കൽ
4. സ്തോത്രയാഗ സമ്മേളനം (Synaxis)
5. കർത്താവിന്റെ പീഡാനുഭവത്തിന്റെയും ഉത്ഥാനത്തിന്റെയും സ്മാരകം.
6. വിശുദ്ധ ബലി (സ്തോത്രബലി, ആദ്ധ്യാത്മികബലി, പാവനവും വിശുദ്ധവുമായ ബലി എന്നീ പേരുകളും തത്തുല്യമായി ഉപയോഗിക്കാറുണ്ട്).
7. വിശുദ്ധവും ദൈവികവുമായ ആരാധന (വിശുദ്ധ രഹസ്യങ്ങളുടെ ആഘോഷം എന്നും പറയാം).
8. വിശുദ്ധ കൂട്ടായ്മ (വിശുദ്ധ വസ്തുക്കൾ, മാലാഖമാരുടെ അപ്പം, സ്വർഗ്ഗത്തിൽനിന്നുള്ള അപ്പം, അമർത്യതയുടെ ഔഷധം, തിരുപാഥേയം എന്നും വിളിക്കുന്നു).
9. ദിവ്യപ്രേഷണം (Sancta Missa - Holy Mass എന്നും വിളിക്കുന്നു).

## ചരിത്രപഥം

ഇഗ്നേഷ്യസ് തോമസ്



# കൊമ്പ്രിയസഭ: തിരുസഭയിലെ പഴമ പേറുന്ന അൽമായസംഘം

നമ്മുടെ ഇടവകകളിൽ തിരുനാളുകളിലും ചരമശുശ്രൂഷകളിലും തങ്ങളുടെ സഭാവസ്ത്രം ധരിച്ച് ആരാധനാകർമ്മങ്ങളിൽ സജീവമായി പങ്കെടുക്കുന്ന കൊമ്പ്രിയസഭാംഗങ്ങൾ സഭാപാരമ്പര്യത്തിന്റെ പഴമപേറുന്നവരാണ്. കേരളത്തിലെ ലത്തീൻ രൂപതകളിൽ മാത്രമല്ല, ചില സീറോ മലബാർ രൂപതകളിലും കൊമ്പ്രിയസഭ സജീവമായി നിലകൊള്ളുന്നു. അൽമായ വിശ്വാസികളുടെ കൂട്ടായ്മയാണ് ഈ സംഘം. ലോകത്തിന്റെ കളങ്കമേൽക്കാതെ തങ്ങളെത്തന്നെ കാത്തുസൂക്ഷിക്കുകയും (യാക്കോബ് 1:27) സ്വന്തം വിശ്വാസ ജീവിതത്തെ ആഴപ്പെടുത്തി മറ്റുള്ളവർക്ക് സന്മാതൃക നൽകി ഇടവക സമൂഹത്തെ മുഴുവൻ വിശ്വാസ ജീവിതത്തിൽ ശക്തിപ്പെടുത്തുകയും ചെയ്യുക (കൊമ്പ്രിയ സഭ നിയമാവലി, തിരു. അതിരൂപത)എന്നതാണ് ഈ സംഘത്തിന്റെ പ്രധാന ലക്ഷ്യം. വ്യക്തികളുടെ വിശുദ്ധീകരണത്തിനായി പ്രത്യേക ഭക്ത്യാഭ്യാസ രീതികളിലൂടെയും പതിതരെയും രോഗികളെയും ശുശ്രൂഷിച്ചും മരണമടഞ്ഞവർക്കായി അന്ത്യകർമ്മങ്ങൾ ചെയ്തും അനാഥരെ സംരക്ഷിച്ചും കൊമ്പ്രിയസഭാംഗങ്ങൾ ഇടവകകളിൽ സദാ കർമ്മനിരതരാണ്.

കൊമ്രേബരിയ, കൊമ്പ്രിയ, കോപ്രെരിയ തുടങ്ങിയ പോർട്ടുഗീസ് പദങ്ങളുടെ അർത്ഥം സാഹോദര്യം, സംഘടന എന്നൊക്കെയാണ്. ഉദയം പേരൂർ സുനഹദോസ് കാനോനയിൽ മാർത്താ മറിയത്തുമ്മാടെ കോംപ്രേരിയസഭ എന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഏതെങ്കിലും ഒരു വിശുദ്ധന്റെ/ വിശുദ്ധയുടെ നാമത്തിലാണ് ഇടവകകളിൽ കൊമ്രേബരിയകൾ അറിയപ്പെടുക. വ്യക്തികളുടെ വിശുദ്ധീകരണത്തിനും സാധുജനങ്ങളുടെയും രോഗികളുടെയും സംരക്ഷണത്തിനും സഭാംഗങ്ങൾ പ്രവർത്തിക്കുന്നു. ഇടവകകളിലെ മധ്യസ്ഥ തിരുനാളുകളുടെ നടത്തിപ്പും മരണശുശ്രൂഷകൾക്കും കൊമ്പ്രിയസഭാംഗങ്ങളുടെ സാന്നിധ്യം അനിവാര്യമായി വിശ്വാസികൾ കരുതുന്നു. മധ്യകേരളത്തിലെ രൂപതകളിൽ കൊമ്പ്രിയസഭയെ 'ദർശനസമൂഹം' എന്നും അറിയപ്പെടുന്നു. സ്വയം സമർപ്പിക്കുക സേവനം ചെയ്യുക എന്നർത്ഥമുള്ള 'ദർസെ'എന്ന പോർച്ചുഗീസ് ക്രിയയിൽ നിന്നാകാം

ദർശനം, ദർശനക്കാർ എന്നീ പ്രയോഗങ്ങൾ രൂപംകൊണ്ടിട്ടുണ്ടാകുക.

## കൊമ്പ്രിയ സഭയുടെ ആരംഭം, വളർച്ച

9-ാം നൂറ്റാണ്ടിൽ ഫ്രാൻസിലെ റെയിംസിലെ മെത്രാപ്പോലീത്തയായിരുന്ന ഹിങ്ക്മാർ കൊമ്പ്രിയ സഭയ്ക്കായി നിയമങ്ങൾ നിർമ്മിച്ചുനൽകി. ആരാധനാവസരങ്ങളിൽ വിളക്കുമേന്തി നിലകൊള്ളുക, ശവസംസ്കാര ശുശ്രൂഷകളിൽ മുഖ്യപങ്കാളിത്തം വഹിക്കുക, ദരിദ്രർക്കായി ഭക്ഷണം ശേഖരിച്ച് വിതരണം ചെയ്യുക എന്നിവ അക്കാലത്തെ പ്രധാനപ്രവർത്തനങ്ങളായിരുന്നു. 13-ാം നൂറ്റാണ്ടിൽ പാരീസിലെ മെത്രാനായിരുന്ന ബിഷപ്പ് ഓദോ (1208) മാതാവിന്റെ തിരുനാൾദിനം, കൊമ്പ്രിയസഭയുടെ തിരുനാളായി നിശ്ചയിച്ചു. 1260 ഓടുകൂടി ഇറ്റലിയിലെ എല്ലാ പട്ടണങ്ങളിലും ദർശന സമൂഹങ്ങൾ രൂപം കൊണ്ടു.

1517 ൽ പയസ് അഞ്ചാമൻ പാപ്പ, ക്രിസ്തീയ തത്വസംഹിതകളുടെ പഠനത്തിനായി കൺഫ്രെറ്റർണിറ്റികൾ, ഇടവകകളിൽ സ്ഥാപിക്കാൻ എല്ലാ മെത്രാന്മാരോടും ആവശ്യപ്പെട്ടു. പതിനൊന്നാം പീയൂസ് പാപ്പ യുവജനങ്ങളുടെ ക്രിസ്തീയ വിദ്യാഭ്യാസം എന്ന ചാക്രിക ലേഖനത്തിലും 1935 ജനുവരി 12 ന് വിദ്യാഭ്യാസത്തിനായുള്ള തിരുസംഘം പുറപ്പെടുവിച്ച ഡിക്രിയിലും ക്രിസ്തീയ തത്വസംഹിതകളുടെ പഠനത്തിന്റെ പ്രാധാന്യം ചൂണ്ടിക്കാട്ടി.

തിരുവനന്തപുരം രൂപതയിൽ 1944 ഫെബ്രുവരി 27 ന് അന്നത്തെ രൂപതാധ്യക്ഷനായിരുന്ന വിൻസെന്റ് ദെരേരാ പിതാവ് എല്ലാ ഇടവകകളിലും ക്രിസ്തീയ തത്ത്വസംഹിതകളുടെ പഠനത്തിനായി കൺഫ്രെട്ടർണിറ്റികൾ രൂപീകരിക്കാൻ നിർദ്ദേശിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചു.

2016 മേയ് 1-ാം തീയതി അഭിവന്ദ്യ സൂസപാക്യം പിതാവ് അതിരൂപതയിലെ കൊമ്പ്രിയസഭയ്ക്ക് പൊതുവായ നിയമാവലിക്ക് അംഗീകാരം നൽകി ഡിക്രി പുറത്തിറക്കി. അൽമായ ശുശ്രൂഷയുടെ ആദ്യ ഡയറക്ടറായിരുന്ന എം.ആർക്ക്എഞ്ചലോയാണ് നിയമങ്ങൾ ക്രോഡീകരിച്ചത്.

പോർട്ടുഗീസ് പൈതൃകത്തിന്റെ തിരുശേഷിപ്പായ ഈ ഭക്തസംഘടന തിരുവനന്തപുരം അതിരൂപതയിലെ എല്ലാ തീരദേശ ഇടവകകളിലും പാളയം, പേട്ട, മുരുക്കുമ്പുഴ, മൂങ്ങോട്, അയിരൂർ എന്നീ ഇടവകകളിലും പ്രവർത്തിച്ചുവരുന്നു.

## സന്തമേശ (ദർശനക്കാരുടെ യോഗം)

കൊമ്പ്രിയസഭാ യോഗത്തെ സന്തമേശ (വിശുദ്ധമേശ) എന്നാണ് അറിയപ്പെടുന്നത്. അംഗങ്ങളെ 'മേശക്കാർ', എന്ന് വിളിക്കുന്നു. സന്തമേശയിൽ പെരുന്നാളിന്റെ ആഘോഷപരിപാടികൾ ചർച്ചചെയ്ത് തീരുമാനമെടുക്കും. മുൻകൊല്ലത്തെ വരവു-ചെലവ് കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം നേടും. പെരുന്നാൾ വാരത്തിലെ ഒരു ദിവസം 'ലെയിത്തോറന്മാരുടെ' (വോട്ടവകാശമുള്ള ഇലക്ടർമാരുടെ) തെരഞ്ഞെടുപ്പും വാഴിക്കലും നടത്തും. അവരുടെ രഹസ്യയോഗം കപ്ലോന്റെ (വികാരിയുടെ) അധ്യക്ഷതയിൽ ചേർന്ന് അടുത്തവർഷത്തേക്കുള്ള പ്രസുദേത്തി (പ്രസിഡന്റ്), തസിരേർ (ട്രഷറർ), പൊക്രദോർ (പ്രൊക്കറേറ്റർ) ഇസ്കൃമൻ (സെക്രട്ടറി) എന്നിവരെ തെരഞ്ഞെടുക്കുന്നു. ഈ കമ്മിറ്റി ഒപ്പീസ്യാളന്മാർ എന്ന പേരിൽ അറിയപ്പെടുന്നു. സന്തമേശയിലെ അംഗങ്ങളെ ഇർമോൻ (സഹോദരൻ) എന്നാണ് വിളിക്കുക. ഓരോ ഇർമോനും നിശ്ചിത നിരക്കിൽ പഗമേന്ത (വരിസംഖ്യ) കൊമ്പ്രേരിയക്ക് കൊടുക്കണം. കൊമ്പ്രേരിയയിൽ പുതിയൊരാളെ അംഗമായി സ്വീകരിക്കുന്നതിനെ 'ഇരുമം' ഇരിക്കുക എന്നും ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി നൽകുന്ന സംഭാവനയ്ക്ക് 'ഹസ്മോൾ' എന്നുമാണ് പറയുന്നത്.

## കൊമ്പ്രേരിയയുടെ ദൈനംദിന പ്രവർത്തനങ്ങൾ

കൊമ്പ്രിയസഭയുടെ ദൈനംദിന പ്രവർത്തനങ്ങൾ നടത്താൻ 'കാപെളോന്റെ' (ഇടവകവികാരി) നേതൃത്വത്തിൽ 'ചെമ്മദോർ' എന്ന സ്ഥിരം സ്ഥാനികനുണ്ട്. 'വിളിക്കുന്നവൻ' എന്നാണ് ഈ പോർച്ചുഗീസ് വാക്കിന്റെ അർത്ഥം. മേശക്കാരെ വിളിച്ചുകൂട്ടുന്നതും സന്തമേശക്കാര്യം അറിയിക്കുന്നതും ചെമ്മദോരാണ്. ഇടവകകളിലെ നിരാലംബരും വിധവകളുമായവർ തങ്ങളുടെ വസ്തുവകകൾ കൊമ്പ്രേരിയക്ക് ദാനം നൽകുമായിരുന്നു. കൊമ്പ്രേരിയയുടെ സ്വത്തുവകകൾ ഇടവകയ്ക്ക് അവകാശപ്പെട്ടതായിരുന്നു.

മരണത്തിന് 'തുണപ്പെടുത്തൽ' ആവശ്യപ്പെടുമ്പോൾ കൊമ്പ്രിയ സഭാംഗങ്ങളെ അറിയിക്കേണ്ട ചുമതല ചെമ്മദോർക്കാണ്. കുറഞ്ഞത് 12 കൊമ്പ്രിയക്കാരെങ്കിലും വിലാപയാത്രയിലുണ്ടായിരിക്കണം. കൊമ്പ്രിയ വസ്ത്രങ്ങൾ, കുരിശ് തുടങ്ങിയ സാധനങ്ങൾ മരണവീട്ടിലെത്തിക്കുകയും മടക്കിക്കൊണ്ടുവരികയും ചെയ്യേണ്ട ഉത്തരവാദിത്വം ചെമ്മദോരിനുതന്നെ.

**2016 മേയ് 1-ാം തീയതി അഭിവന്ദ്യ സൂസപാക്യം പിതാവ് അതിരൂപതയിലെ കൊമ്പ്രിയസഭയ്ക്ക് പൊതുവായ നിയമാവലിക്ക് അംഗീകാരം നൽകി ഡിക്രി പുറത്തിറക്കി. അൽമായ ശുശ്രൂഷയുടെ ആദ്യ ഡയറക്ടറായിരുന്ന എം.ആർക്ക്എഞ്ചലോയാണ് നിയമങ്ങൾ ക്രോഡീകരിച്ചത്.2016 മേയ് 1-ാം തീയതി അഭിവന്ദ്യ സൂസപാക്യം പിതാവ് അതിരൂപതയിലെ കൊമ്പ്രിയസഭയ്ക്ക് പൊതുവായ നിയമാവലിക്ക് അംഗീകാരം നൽകി ഡിക്രി പുറത്തിറക്കി.**

സഭാവസ്ത്രങ്ങളണിഞ്ഞ് തിരുനാളുകളിലും മരണ സംസ്കാര ശുശ്രൂഷകളിലും സഭാംഗങ്ങൾ പങ്കെടുക്കാറുണ്ട്. പ്രദക്ഷിണം നടക്കുമ്പോൾ ഏറ്റവും മുന്നിലായി സഭാ ചിഹ്നം രേഖപ്പെടുത്തിയ പതാകവാഹകൻ, പിന്നിലായി കുരിശുവാഹകൻ തുടർന്ന് മെഴുകുതിരിക്കാലുകളുമായി മറ്റംഗങ്ങളും പങ്കെടുക്കും.


കൊമ്പ്രിയ സഭാംഗങ്ങൾ പള്ളിക്കുള്ളിൽ ഇരിക്കേണ്ട ക്രമത്തെക്കുറിച്ച് തിരുവനന്തപുരം അതിരൂപതാ കൊമ്പ്രിയസഭാ മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത് ഇപ്രകാരമാണ്; ഏറ്റവും പുറകിലായി പുതിയ പ്രസുദേന്തി, തൊട്ടുമുമ്പിൽ പ്രൊക്കുറദോർ, അതിനുമുമ്പിൽ സ്ഥാനക്കാർ തുടർന്ന് രണ്ടുവരികളിലായി പഴയ പ്രസിദെന്തിമാർ. ഏറ്റവും മുന്നിലായി ഔദ്യോഗിക സ്ഥാനം ലഭിച്ചിട്ടില്ലാത്ത കൊമ്പ്രിയക്കാർ. ഒന്നിലധികം ഇടവകകളിലെ കൊമ്പ്രിയക്കാർ ഒരു ഇടവകയിൽ ശവസംസ്കാര ശുശ്രൂഷകളിൽ പങ്കെടുക്കുമ്പോൾ ആ ഇടവകയിലൂടെ കൊമ്പ്രിയക്കാരായിരിക്കണം മുൻനിരയിൽ നിൽക്കേണ്ടതെന്നും മാർഗനിർദ്ദേശത്തിൽ പറയുന്നു.

പോർച്ചുഗീസ് പാരമ്പര്യം സ്വീകരിച്ച് മിഷണറിവൈദികരുടെ മാർഗനിർദ്ദേശമനുസരിച്ച ഇടവകകളിൽ രൂപീകൃതമായ കൊമ്പ്രിയസഭ ഇടവകകളിൽ നിന്നും വിവിധ ശുശ്രൂഷകളിൽ സജീവമായി പങ്കുചേരുന്നു.

വെള്ളി സ്വർണ കുരിശുകൾ പിടിച്ച് റേന്ത പിടിപ്പിച്ച വെള്ള മേലങ്കിയും ചുവന്ന പട്ടിൽ തീർത്ത കുപ്പായവും വെള്ളി/സ്വർണ കിരീടവും ചൂടി വരിവരിയായി നടന്നുനീങ്ങുന്ന കൊമ്പ്രിയസഭാംഗങ്ങൾ (ദർശന സമൂഹാംഗങ്ങൾ) ലത്തീൻ പാരമ്പര്യത്തിന്റെ ഗരിമ വിളിച്ചോതുന്നു. ■

# ആരാച്ചാർ

വ്യത്യസ്തമായ ഒരു പ്രമേയംകൊണ്ട് വളരെയധികം ശ്രദ്ധനേടിയ ഏറ്റവും മികച്ച മലയാള നോവലുകളിൽ ഒന്നാണ് കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് ജേതാവായ കെ.ആർ.മീരയുടെ 'ആരാച്ചാർ'. വധശിക്ഷ നടപ്പാക്കൽ പാരമ്പര്യ തൊഴിലാക്കിയ ഒരു കുടുംബത്തിന്റെ കഥയാണ് ഇവിടെ അനാവൃതം ചെയ്യുന്നത്. നീതി നിർവഹണത്തിന്റെ ഒരറ്റത്തെ കണ്ണിയാണ് ആരാച്ചാർ. പക്ഷേ, ആ ജോലി ചെയ്യാൻ എല്ലാവർക്കും കഴിയില്ല. നീതിന്യായ വ്യവസ്ഥയ്ക്ക് വേണ്ടിയാണെങ്കിൽ പോലും ഒരു ജീവൻ ആരാച്ചാരുടെ കൈകളിലൂടെയാണ് ഇല്ലാതാകുന്നത്. അചഞ്ചലമായ മനസ്സാന്നിധ്യം ഇതിനാവശ്യമാണ്. മനക്കരുത്തും ആരോഗ്യവുമുള്ള ഒരു പുരുഷനുമാത്രമേ ഈ ജോലി ചെയ്യാൻ കഴിയൂ എന്നുവിശ്വസിച്ച സമൂഹത്തെ ഞെട്ടിപ്പിച്ചുകൊണ്ടാണ് ചേതന ഗൃദ്ധാമല്ലിക്ക് എന്ന 22 വയസ്സുള്ള യുവതി പെണ്ണാരാച്ചാർ ആയി കടന്നുവരുന്നത്. 88 വയസ്സായ ഫണിഭൂഷൺ മല്ലിക് അനാരോഗ്യം കാരണം തന്റെ മകളെ യതീന്ദ്രനാഥ ബാനർജിയുടെ വധശിക്ഷ നടപ്പിലാക്കാനുള്ള ദൗത്യം ഏല്പിക്കുന്നു. അതിനുള്ള അനുവാദം സർക്കാരിൽ നിന്നു ലഭിക്കുന്നതോടെയാണ് കഥ ആരംഭിക്കുന്നത്. ലോകത്തിലാദ്യമായി ഒരു പെണ്ണാരാച്ചാർ കടന്നുവരുന്നത് വലിയ വാർത്തയായി മാറുന്നു.




ഈ കഥയിലേക്ക് കല്ക്കത്തയുടെ ചരിത്രത്തെക്കൂടി സന്നിവേശിപ്പിക്കുന്നതിൽ ഈ എഴുത്തുകാരി അസാമാന്യ കൈത്തഴക്കം പാലിച്ചിരിക്കുന്നു. സമീപകാല ഇന്ത്യൻ രാഷ്ട്രവ്യവഹാരത്തിന്റെ സൂക്ഷ്മമായ തലങ്ങൾ കൂടി, ഇന്ത്യാ ചരിത്രത്തിന്റെ സംഘർഷങ്ങൾ കൂടി ഈ നോവലിൽ ഇഴ ചേർക്കപ്പെട്ടുകിടക്കുന്നു. ആദ്യമായി ഒരു പെൺ ആരാച്ചാർ വധശിക്ഷ നടപ്പിലാക്കാൻ പോകുന്നു എന്ന വാർത്ത സ്വാഭാവികമായും എക്സ്ക്ലൂസീവായി അവതരിപ്പിക്കാൻ ചാനലുകൾ തമ്മിൽ മത്സരം തുടങ്ങും. മാധ്യമ പ്രവർത്തകനായ സഞ്ജീവ്കുമാർ മിത്ര തന്റെ ചാനലിന്റെ റേറ്റിംഗ് കൂട്ടുന്നതിനായി ചേതനയെത്തേടി എത്തുന്നതാണ് കഥയുടെ കേന്ദ്രബിന്ദു. എങ്ങനെയും സെൻസേഷണലായ വാർത്തകൾ സൃഷ്ടിക്കുന്നതിനായി നടത്തുന്ന മാധ്യമങ്ങളുടെ അതിപ്രസരവും കിടമത്സരങ്ങളും കൂടി ഈ നോവലിന്റെ കഥാതന്തുവായി മാറുന്നുണ്ട്.

സഞ്ജീവ്കുമാർ മിത്ര ആദ്യം നല്ലപിള്ള ചമഞ്ഞ് ആ കുടുംബത്തെ കയ്യിലെടുക്കുന്നു. പിന്നീട് ചേതനയെ പ്രണയിക്കുന്നതായി അഭിനയിക്കുന്നു. ഒരു ഘട്ടത്തിൽ അയാൾ ചേതനയെ യഥാർത്ഥത്തിൽ പ്രണയിക്കുന്നുണ്ടോ എന്ന സംശയം നമുക്കും ഉണ്ടാവും. പക്ഷേ സ്ത്രീശരീരത്തെ ഉപഭോഗവസ്തുവാക്കുന്ന ആണത്തത്തിന്റെ പ്രതീകമായി മാത്രമേ സഞ്ജീവിനെ കാണാനാകൂ. തന്റെ ചാനലിന്റെ മുഖ്യ സമയ സായാഹ്ന പരിപാടിയിലേക്ക് ചേതനയെ കരാർ ചെയ്യുന്നതോടെ തന്റെ തന്ത്രത്തിൽ അയാൾ വിജയിച്ചുകഴിഞ്ഞു.

പ്രണയത്തിന്റെ പലമുഖങ്ങൾ മീര അവതരിപ്പിക്കുന്നു. ചേതന സ്വയം മനസ്സിലാക്കുന്നത് ഭൂമിയിൽ മരണത്തേക്കാൾ അനിശ്ചിതത്വം പ്രണയത്തിന് മാത്രമേയുള്ളൂ എന്നാണ്. അതേസമയം ഥാക്കുമാ എന്ന കഥാപാത്രം പറയുന്നതിപ്രകാരമാണ്. 'പുരുഷന്റെ സ്നേഹവും സ്ത്രീയുടെ സ്നേഹവും രണ്ടാണ്. ആഹ്ലാദിപ്പിക്കുന്നവരെ മാത്രമേ പുരുഷന് സ്നേഹിക്കാൻ കഴിയൂ. സ്ത്രീയ്ക്ക് അവളെ വേദനിപ്പിക്കുന്നവനെയും സ്നേഹിക്കാൻ സാധിക്കും.”



പല സന്ദർഭങ്ങളിലും സ്ത്രീ സുരക്ഷിതയല്ല എന്നു പറയുമ്പോഴും ചേതന എന്ന ശക്തമായ കഥാപാത്രത്തിലൂടെ ചേതനാ മല്ലിക് ഭാരതത്തിന്റെയും മുഴുവൻ ലോകത്തിന്റെയും സ്ത്രീ ശക്തിയുടെയും സ്വാഭിമാനത്തിന്റെയും പ്രതീകമായിമാറുന്നു. അതിനവളെ പ്രാപ്തയാക്കുന്നത് പാരമ്പര്യമായി തനിക്ക് ലഭിച്ച കൊലക്കുരുക്ക് ഒരുക്കുന്ന ദൗത്യമാണ്. സഞ്ജയ് മിത്രയെ തന്റെ കൊലക്കയറിൽ കുരുക്കിയിടുന്ന രംഗം നോവലിന്റെ ആസ്വാദനതലത്തെ ഉദാത്തതയിലെത്തിക്കുന്നുണ്ട്. ധാരാളം കഥാപാത്രങ്ങളും അതോടൊപ്പം ഇന്ത്യാ ചരിത്രത്തിന് കഥാകാരി നൽകുന്ന പരിവേഷങ്ങളും ഈ നോവലിൽ വിസ്മയനീയമായ കാഴ്ച ഒരുക്കുന്നു. പ്രണയാർദ്രതയും പ്രതികാര രൗദ്രവും ഒരേ തോതിൽ ഇണങ്ങിച്ചേർന്ന് തിളച്ചുരുകുന്ന കാഴ്ച നമ്മെ വല്ലാതെ ഭ്രമിപ്പിക്കുന്നുണ്ട്. ചോദ്യങ്ങളുടെയും ചിന്തകളുടെയും ഒരു കുടുക്ക് നമ്മിലെറിഞ്ഞുകൊണ്ട് കഥാകാരി അപ്രത്യക്ഷയാകുന്നു. 'ലോകം എനിക്ക് തന്നത് ഞാനും തിരിച്ചുകൊടുത്തു.' എന്ന ചേതനയുടെ വാക്കുകൾ കുറെ കുടുക്കുകൾ നമ്മിലവശേഷിപ്പിക്കുന്നു. വായനയുടെ നവസംവേദന വഴിയിലൂടെ ഈ നോവൽ നമ്മെ കൊണ്ടുപോകുന്നു. ■



ഡോ. സീന ഫെലിക്സ്

സിനിമ



# ഒത്തുതീർപ്പുകളിലധിഷ്ഠിതമായ പൗരോഹിത്യം

## (ദി പ്രീസ്റ്റ് എന്ന സിനിമയുടെ പുനർവായന)

ഒരു പുരോഹിതന്റെ ആത്മീയ രൂപബോധത്തെ നിർവചിക്കാൻ അയഞ്ഞ കാലത്തിനു കഴിയുമോ എന്നത് ഒരു വലിയ ചോദ്യമാണ്. ഡീഹ്യൂമനൈസേഷൻ എന്നൊരുപദം ഉപയോഗിക്കുന്നത് കേട്ടിട്ടില്ലേ. എന്നതുപോലെ മറ്റൊരു പദവും ഇപ്പോൾ പ്രചാരം നേടുന്നുണ്ട്. അത് അയഞ്ഞകാലത്തിന്റെ ഗൗരവം കുറഞ്ഞ ആത്മീയ ക്രിയകളെ പറ്റിയാണ്. ഡീഡിവിനൈസേഷൻ (dedivinisation) എന്നുപറഞ്ഞ് ആത്മീയതയുടെ ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് കെട്ടിയെഴുന്നള്ളിക്കുന്നത് പലപ്പോഴും നെഗറ്റീവ് ക്യാരക്ടറുകളുള്ള പുരോഹിത വേഷങ്ങളിലൂടെയാണ്. മലയാള സിനിമ പലപ്പോഴും ആത്മീയ പക്ഷപാതത്തിന് പ്രാധാന്യം കൽപ്പിക്കാറുണ്ട്. ഒരു ചരിച്ചിത്രസ്രഷ്ടാവിന്റെ രാഷ്ട്രീയ വീക്ഷണത്തെ വിലയിരുത്തുമ്പോൾ അയാളുടെ പ്രഖ്യാപിതമായ നിലപാടുകൾ മാത്രമല്ല നാം കണക്കിലെടുക്കേണ്ടത്. സിനിമയിൽ കടന്നുവരുന്ന ചില പ്രമേയഘടനകളും ദൃശ്യബിംബങ്ങളും വെളിപ്പെടുത്തുന്ന അർത്ഥം അയാൾ ബോധ്യപൂർവം ചിട്ടപ്പെടുത്തിയതാണോ എന്ന അന്വേഷണത്തിനും പ്രസക്തിയുണ്ട്. ഒരു പുരോഹിതനെ ലിബറൽ ജീവിതമൂല്യങ്ങളുടെ പരിഷ്കർത്താവായി ചിത്രീകരിക്കുന്നതിൽ തെറ്റില്ല. പക്ഷേ ഒത്തുതീർപ്പുകളിലധിഷ്ഠിതമായ ഒരു പൗരോഹിത്യവ്യവസ്ഥയെ ചിത്രീകരിക്കുക വഴി ഒരേസമയം ഡീഹ്യൂമനൈസേഷനും ഡീഡിവിനൈസേഷനുമാണ് ഇവിടെ സംഭവിക്കുന്നത്.

ജോഫിൻ ടി ചാക്കോയുടെ ദി പ്രീസ്റ്റിനെ ദൃശ്യവൽക്കരിക്കുന്നത് ഒരു ന്യൂ ജനറേഷൻ കടമറ്റത്ത് കത്തനാർ എന്ന നിലയ്ക്കാണ്. അതായത് ഈ അയഞ്ഞകാലം ഒരു പുരോഹിതനെ ക്ഷണിക്കുന്നത് ഒത്തുതീർപ്പിലധിഷ്ഠിതമായ ആത്മീയ പ്രവർത്തനങ്ങളിൽ വ്യാപരിക്കാനാണെന്ന ഒരു ധാരണ അത് കൈമാറുന്നുണ്ട്. ഒരു സംവിധായകൻ തന്റെ കൊക്കിലൊതുങ്ങാത്ത സമകാലിക യാഥാർഥ്യങ്ങളിൽ കയറിപ്പിടിക്കുമ്പോൾ പാലിക്കേണ്ട മര്യാദകൾ 'ദി പ്രീസ്റ്റി'ൽ ലംഘിക്കപ്പെടുന്നുണ്ട്. ദ പ്രീസ്റ്റ് എന്നൊരു പ്രമേയത്തെ അവതരിപ്പിക്കുമ്പോൾ അതിന്റെ സ്വരശില്പം സൗമ്യവും അഗാധവുമാകേണ്ടിയിരിക്കുന്നു. അതല്ലാതെ വരുമ്പോൾ അതൊരു ഒത്തുതീർപ്പിലധിഷ്ഠിതമായ പൗരോഹിത്യത്തിന്റെ പ്രതിനിധാനമായി മാറും.

ഒരു പുരോഹിതന്റെ അതിതീവ്രമായ നിലപാടുകളെ ഒഴിവാക്കാനുള്ള ആഗ്രഹം വിഷയസ്വീകരണത്തിലും ആഖ്യാനരീതിയിലും ഒളിഞ്ഞുകിടക്കുന്നുണ്ട്.



സുനിൽ സി.ഇ.

### ദ പ്രീസ്റ്റിന്റെ മനഃശാസ്ത്രഛായ

മമ്മൂട്ടി ഒരു പുരോഹിതന്റെ വേഷത്തിലെത്തുന്ന പ്രത്യേകതകൊണ്ട് ശ്രദ്ധിക്കപ്പെട്ട ചിത്രമായിരിക്കാം ദ പ്രീസ്റ്റ്. ഒരു ഹൊറർ ത്രില്ലർ ജോണറാണ് എന്ന ഒറ്റക്കാരണത്താലാണ് പ്രേഷകർ ഇത് റിലീസായ കാലത്ത് ഈ സിനിമയെ ഉൾക്കൊണ്ടത്. കേരളത്തിലെ ശ്രദ്ധിക്കപ്പെടുന്ന ഒരു ബിസിനസ് കുടുംബമാണ് ആലാട്ട് ഫാമിലി. അവിടെ തുടർച്ചയായി ചില മരണങ്ങൾ സംഭവിക്കുന്നുണ്ട്. ഇതിൽ മമ്മൂട്ടി അവതരിപ്പിക്കുന്ന ഫാ. ബനഡിക്ട് എന്ന കഥാപാത്രം പാലകാരണങ്ങളാൽ പൗരോഹിത്യ ശുശ്രൂഷയ്ക്ക് ചില നെഗറ്റീവ് അർഥങ്ങളാണ് കല്പിച്ചുനൽകുന്നത്.

1. ദൈവീക കാര്യങ്ങൾക്കുപിന്നാലെ എന്നതിനേക്കാൾ കുറ്റന്വേഷണത്തിന് പിന്നാലെയുള്ള നെട്ടോട്ടം.
2. പാരാനോർമ്മൽ ആക്ടിവിക്റ്റികൾക്ക് പിന്നാലെയുള്ള സഞ്ചാരം.
3. സഭയുടെ ആത്മീയചിന്തകൾക്ക് വിപരീതമായി സൃഷ്ടിക്കപ്പെട്ട ചില ആത്മീയ മേമ്പൊടികളുടെ ചിത്രീകരണം.

ഇതെല്ലാം സിനിമ എന്ന ഉല്പന്നത്തെ വിറ്റഴിക്കാൻ കാട്ടിയ ആകാംക്ഷകളാണെന്നാർക്കാണ് അറിഞ്ഞുകൂടാത്തത്. ഒന്നാം ഭാഗത്തിൽ ഒരുപക്ഷേ ആത്മീയതയുടെ കരുക്കൾ കാട്ടി പ്രേഷകരെ പിടിച്ചിരുത്തുകയും രണ്ടാം പകുതിയിൽ ഒരു ഹൊറർ ചുറ്റുപാടിൽ സിനിമയെ കൊണ്ടുകെട്ടുകയും ചെയ്യുന്നു. ഒരുപക്ഷേ പൈശാചിക ബന്ധനം നടത്താൻ ശേഷിയില്ലാത്ത പുരോഹിതരെല്ലാം ആത്മീയചാരുത കുറഞ്ഞവരാണെന്ന ഒരു തെറ്റായ പാഠമാണ് 'ദ പ്രീസ്റ്റ്' കൈമാറുന്നത്. ഇതൊരു നിർമ്മിത മനഃശാസ്ത്ര ഛായ പടർത്തിയ അഥവാ നെഗറ്റീവ് അർത്ഥം സൃഷ്ടിക്കപ്പെട്ട പശ്ചാത്തല രൂപീകരണമാണ്. പൗരോഹിത്യം ഒരേ സമയം ദൈവവും മനുഷ്യരുമായുള്ള ബന്ധത്തിനിടയിലെ ഒരു തൂക്കുപാലമാണ്. അത് ഏറ്റവും ചെറിയ നന്മപ്രവർത്തിയെപ്പോലും ആത്മീയതയുടെ മുമ്പിലെത്തിക്കും. അതിന് ഒത്തുതീർപ്പിലധിഷ്ഠിതമായ ഒരു ആത്മീയ പ്രവർത്തനം സാധ്യമല്ല. ■




## വിഴിഞ്ഞം സമരം നിലനിൽപ്പിനായുള്ള പോരാട്ടം: ബിഷപ് ജോഷ്വ മാർ ഇഗ്നാത്തിയോസ്

വിഴിഞ്ഞം തുറമുഖ സമരം ഒരു പ്രദേശത്തിന്റെ നിലനിൽപ്പിനായുള്ള പോരാട്ടമാണെന്ന് സി.ബി.സി.ഐ വൈസ് പ്രസിഡന്റ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്. കാത്തലിക് ബിഷപ്പ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ ( സി ബി സി ഐ ) സംഘടിപ്പിച്ച വാർത്താസമ്മേളനത്തിലാണ് വിഴിഞ്ഞം സമരത്തെപ്പറ്റിയുള്ള തന്റെ നിലപാട് അദ്ദേഹം വ്യക്തമാക്കിയത്. ഇതിനെ കേവലം ഒരു മതത്തിന്റേത് മാത്രമാക്കി മാറ്റാനുള്ള ശ്രമം വിലപ്പോവില്ലെന്നും മത്സ്യത്തൊഴിലാളികളുടെ ജീവിതം സംരക്ഷിക്കാൻ വേണ്ടിയുള്ള സമരത്തിന് കേരളത്തിലെ എല്ലാ വിഭാഗക്കാരുടെയും പിന്തുണ ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. ബംഗളൂർ, കോറമംഗല സെന്റ് ജോൺസ് നാഷണൽ അക്കാദമി ഓഫ് ഹെൽത്ത് സയൻസിൽ നവംബർ 8 മുതൽ പതിനൊന്നാം തീയതി വരെ നടന്ന സി ബി സി ഐ സമ്മേളനത്തിൽ സീറോ മലബാർ ലത്തീൻ മലങ്കര സഭകളിൽ നിന്ന് 200 ബിഷപ്പുമാർ പങ്കെടുത്തു. ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ച് ബിഷപ്പ് ഡോ. ലിയോപോൾദോ ജിറെല്ലി സമ്മേളനം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. പുരോഹിതസഭയുടെ പ്രാധാന്യം എന്നതാണ് സിബിസിഐ സമ്മേളനത്തിന്റെ വിഷയം. കത്തോലിക്കാ സഭ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനൊപ്പം രാജ്യനിർമ്മിതിയുമായി ബന്ധപ്പെട്ട തുടർ പദ്ധതികൾക്ക് രൂപം നൽകും. സിബിസിഐ സെക്രട്ടറി ജനറൽ ആർച്ച് ബിഷപ്പ് ഡോ. ഫെലിക്സ് മച്ചാഡോ, ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. ജെർവിസ് ഡിസൂസ, ബംഗളൂരു അതിരൂപത വികാരി ജനറൽ മോൺ. ജയനാഥൻ എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

## ഫുട്ബോൾ ആരാധകർക്ക് ലോകകപ്പാവേശം പകരാൻ എബിൻ റോസ്



ഖത്തറിൽ നടക്കുന്ന ഫുട്ബോൾ ലോകകപ്പ് തൽസമയ നിമിഷങ്ങൾ പങ്കുവയ്ക്കാൻ വിഴിഞ്ഞത്തെ എബിൻ റോസും. ലോകകപ്പിൽ മലയാളത്തിൽ ഫുട്ബോൾ കമന്ററി പറയാൻ രണ്ടു സ്വകാര്യ ചാനലുകളാണ് ദേശീയ ഫുട്ബോൾ താരം കൂടിയായ വിഴിഞ്ഞം തെന്നൂർക്കോണം റോസ് നിവാസിൽ എബിൻ റോസിനെ(45) തിരഞ്ഞെടുത്തത്.

സെമി തൊട്ടുള്ള മത്സരങ്ങൾക്ക് ഖത്തറിൽ നിന്ന് നേരിട്ടും അതുവരെ മുംബൈയിലെ സ്റ്റുഡിയോയിൽ നിന്നും സ്പോർട്സ് 18, ജിയോ എന്നീ ചാനലുകളിലാണ് എബിന്റെ ശബ്ദം മുഴങ്ങുക. പതിനാറാം വയസ്സിൽ ജില്ലാ ടീമിലും പതിനെട്ടാം വയസ്സിൽ എസ്.ബി.ടി യിലും കളിച്ച എബിൻ അതിന്റെ തൊട്ടടുത്ത വർഷം തന്നെ ട്രാവൻകൂർ ടൈറ്റാനിയത്തിൽ ജോലിയിൽ പ്രവേശിച്ചു. ഇപ്പോൾ നിലവിൽ സൂപ്രണ്ടായി സേവനം ചെയ്യുന്നു. കിരീടം നേടിയപ്പോൾ ഉൾപ്പെടെ നാലുതവണ സന്തോഷ് ട്രോഫി ടീമിൽ ഉണ്ടായിരുന്നു. കേരള ടീമിൽ അഞ്ചു തവണയും ദേശീയ ഗെയിംസിൽ ഒരു തവണയും കളിച്ചു. ഐ ലീഗിൽ വിവാ കേരളയിലും അംഗമായിരുന്നു. ഫുട്ബോൾ സംബന്ധിയായ അവലോകനങ്ങൾ, പരിശീലനം എന്നിവയിലൂടെ ഫുട്ബോൾ രംഗത്ത് സജീവമാണ് എബിൻ.

# ലോഗോസ് ക്വിസ്സ് 2022
# എ വിഭാഗത്തിൽ നിന്നും സംസ്ഥാനതല പ്രതിഭ ഫൈനലിൽ റേച്ചൽ മരിയ റെജിയും




തിരുവനന്തപുരം അതിരൂപതയിലെ കുഞ്ഞുമിടുക്കി റേച്ചൽ മരിയ റെജി ലോഗോസ് ക്വിസ് 2022 പ്രതിഭ ഫൈനലിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. പി. ഒ. സി യിൽ സംഘടിപ്പിച്ച സംസ്ഥാനതല ഫൈനൽ മത്സരത്തിലാണ് റേച്ചൽ എ വിഭാഗത്തിൽ നിന്ന് ഒന്നാം സ്ഥാനം കരസ്തമാക്കിയതും പ്രതിഭ മത്സരത്തിൽ പങ്കെടുത്തതും. അതിരൂപതയിലെ മുട്ടട ഇടവകാംഗമാണ് ആറാം ക്ലാസ്സുകാരി റേച്ചൽ മരിയ റെജി. രണ്ടാം പ്രാവശ്യമാണ് ലോഗോസ് പരീക്ഷയിൽ പങ്കെടുത്തതെങ്കിലും ഇത്രയും വലിയൊരു നേട്ടം സ്വന്തമാക്കാൻ സാധിക്കുമെന്ന് കരുതിയില്ലെന്നാണ് റേച്ചൽ പറയുന്നത്.

ബി വിഭാഗത്തിൽനിന്ന് ചങ്ങനാശ്ശേരി അതിരൂപതയിൽനിന്നുള്ള അലീന ജീമോൻ, സി വിഭാഗത്തിൽനിന്ന് പാലാ രൂപതയിൽ നിന്നുള്ള അഞ്ജന, ഡി വിഭാഗത്തിൽനിന്നും നിമ ലിന്റോ, ഇ വിഭാഗത്തിൽനിന്നും തൃശ്ശൂർ രൂപതയിലെ ആനി ജോർജ്, എഫ് വിഭാഗത്തിൽ നിന്നും പാലക്കാട് രൂപതയിലെ ലൈല ജോൺ എന്നിവരാണ് മെഗാ ഫൈനലിൽ പ്രതിഭ പട്ടത്തിനായി മത്സരിക്കാനായി തിരഞ്ഞെടുക്കപ്പെട്ട വിജയികൾ.



*തൂത്തൂർ സെന്റ് ജൂഡ് കോളേജ് വസ്തു കയ്യേറ്റത്തിനെതിരെ പ്രതിഷേധിച്ച് ഫെറോന വൈദീകർ*



*കെ സി ബി സി കരിസ്മാറ്റിക് കമ്മീഷൻ 2022-2024 ലെ സതേൺ സബ് റീജന്റെ പുതിയ കൺവീനറായി ശ്രീമാൻ സ്റ്റീഫൻ റൂബൻ നിയമിതനായി. (നെയ്യാറ്റിൻകര, തിരുവനന്തപുരം, കൊല്ലം, പുനലൂർ എന്നീ നാല് രൂപതകൾ ഉൾപ്പെടുന്നതാണ് സതേൺ സബ് റീജൺ).*



*കേരള സർവകലാശാല മലയാളവിഭാഗത്തിൽ പിഎച്ച്ഡി നേടിയ ഡി. അനിൽകുമാർ. വിഴിഞ്ഞം തൂപ്പാശിക്കുടി പുരയിടത്തിൽ ലീനമ്മയുടെയും ഡേവിഡിന്റെയും മകനാണ്.*



*പാപ്പനംകോട് സിഎസ്ഐആർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജിയിൽ നിന്ന് ഫിസിക്സിൽ പിഎച്ച്ഡി നേടിയ ഐ.വിജിത. ശംഖുംമുഖം വിമല കോട്ടേജിൽ പരേതനായ ഇഗ്നേഷ്യസിന്റെയും വിമലയുടെയും മകളാമ്. ജിപ്സൺ ആൽബർട്ടാണ് ഭർത്താവ്*






*വേളി മതബോധന സമിതിയുടെ നേതൃത്വത്തിൽ മതബോധന വിദ്യാർത്ഥികൾക്കായി ലഹരിക്കെതിരെ നടത്തിയ ബോധവത്കരണ ക്ലാസിന്റെയും പ്രതിജ്ഞയുടെയും ഒപ്പ് ശേഖരണത്തിന്റെയും ദൃശ്യങ്ങൾ*

# വിഴിഞ്ഞത്ത് പോലീസിന്റെ നരനായാട്ട്; വൈദികർക്കുൾപ്പെടെ പരിക്ക്

സമരസ്ഥലത്ത് നവംബർ 26–ാം തിയ്യതി നടന്ന പ്രതിഷേധവുമായി ബന്ധപ്പെട്ട് കസ്റ്റഡിയിലെടുത്തവരെ വിട്ടയക്കണമെന്ന ആവശ്യവുമായി വിഴിഞ്ഞം സ്റ്റേഷനു മുന്നിൽ തടിച്ചുകൂടിയ വിഴിഞ്ഞം ഇടവകയിൽ പെടുന്ന സ്ത്രീകൾക്കും മുതിർന്നവരുമുൾപ്പെടെയുള്ള ആളുകൾക്കും നേരെ നടന്ന പോലീസ് ലാത്തിച്ചാർജിൽ അൻപതോളം പേർക്ക് പരിക്ക്. സ്ഥിതി ഗതികൾ ശാന്തമാക്കാനെത്തിയ വൈദികർക്കും പരുക്കേറ്റു. പരിക്കേറ്റതിലെ സ്ത്രീകളിലധികം പേരും ആശുപത്രിയിൽ ചികിത്സയ്ക്കെത്താതെ ഭവനങ്ങളിൽ തന്നെ തുടരുന്നു.

അതിന് മൂന്ന് ദിവസം മുൻപ് ബി.ജെ.പി. പ്രവർത്തകരും വിഴിഞ്ഞം പോർട്ട് അനുകൂലികളും വിഴിഞ്ഞം തുറമുഖവിരുദ്ധ സമരസമിതി പ്രവർത്തകർക്കും സമരപ്പന്തലിനും നേരെ കല്ലേറ് നടത്തുകയും സമരത്തിനെത്തിയവരെ അസഭ്യം പറഞ്ഞ് തടയുകയും ചെയ്തിരുന്നു. 130 ദിവസത്തിലേറെയായി സമാധാനപരമായി നടക്കുന്ന സമരത്തെ അപ്രസക്തമാക്കാനായി, തുറമുഖ നിർമ്മാണത്തിനായി പാറക്കല്ലുകളുമായി ഇരുപത്തേഴ് ലോറികളാണ് സമരപ്പന്തൽ പൊളിച്ച് പ്രവേശിക്കാനെത്തിയത്. നേരത്തെ തീരുമാനിച്ച പ്രകാരം തൊട്ടടുത്ത് തമ്പടിച്ചിരുന്ന തുറമുഖാനുകൂലികളും ഗുണ്ടകളും സമരക്കാർക്കെതിരെ പ്രകോപനം സൃഷ്ടിക്കുകയും കല്ലേറ് ആരംഭിക്കുകയും ചെയ്തു. സമാധാനപരമായി സമരം ചെയ്ത മത്സ്യത്തൊഴിലാളികൾ അക്രമത്തെ ശക്തമായി പ്രതിരോധിക്കുകയും ചെയ്തു.

സംഭവസമയത്ത് സ്ഥലത്തില്ലാതിരുന്ന വ്യക്തിയെയാണ് ആദ്യം കസ്റ്റഡിയിലെടുത്തത്. അത് സംസാരിക്കാനെത്തിയ വിഴിഞ്ഞം പാരിഷ് കൗൺസിൽ അംഗങ്ങളേയും പ്രശ്നമുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെ അറസ്റ്റ് ചെയ്ത് രഹസ്യമായി മറ്റൊരു സ്ഥലത്തേക്ക് മാറ്റിയതും പ്രതിഷേധത്തിന് കാരണമായി. മത്സ്യത്തൊഴിലാളികളെയും പുരോഹിതരെയും കള്ള കേസിൽ കുടുക്കാനുള്ള ഗൂഢനീക്കങ്ങളാണ് നിലവിൽ നടന്നുകൊണ്ടിരിക്കുന്നതെന്ന് സമരസമിതി ജനറൽ കൺവീനർ മോൺ. യൂജിൻ എച്ച്. പെരേര പറഞ്ഞു.

# ഇടവകകൾ സഭയുടെ ചെറിയ പതിപ്പ്: ഡോ. തോമസ് ജെ നെറ്റോ

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വെളിച്ചത്തിൽ സഭയുടെ ചെറിയ പതിപ്പാണ് ഇടവക എന്ന് അതിരൂപത അധ്യക്ഷൻ ഡോ. തോമസ് ജെ നേറ്റോ. 2023–25 വർഷങ്ങളിലേക്കുള്ള നവ നേതൃത്വ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് അതിരൂപതയിലെ ബി.സി.സി, ഇടവക, ഫെറോന അതിരൂപത പങ്കാളിത്ത ഘടനകളിലും സമിതികളിലുമുള്ള നവ നേതൃത്വത്തിന് പരിശീലനം നൽകുന്ന വർക്കായുള്ള (ടി. ഒ. ടി) പരിശീലന പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

എല്ലാത്തരം വ്യക്തികളെയും ഉൾക്കൊള്ളുന്ന ദൈവജനമാണ് സഭ. അത് ദൈവത്താൽ വിളിച്ചു കൂട്ടപ്പെട്ടവരുടെ സമൂഹമാണെന്നും രക്ഷാകരപദ്ധതി ഉൾക്കൊള്ളുന്ന പദ്ധതിയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഇടവകകൾ കൂട്ടായ്മകളുടെ കൂട്ടായ്മയാണ്. ഇടവക കൗൺസിലുകൾക്കും റിസോഴ്സ് ടീം അംഗങ്ങൾക്കും തുടർപരിശീലനം സാധ്യമാക്കണം. കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ വന്ന വഴി മറക്കരുതെന്നും, തങ്ങൾ ആരാലാണ് തിരഞ്ഞെടുക്കപ്പെട്ടതെന്നും, എന്തിനുവേണ്ടിയാണ് തിരഞ്ഞെടുത്തതെന്നും, തങ്ങളുടെ ശുശ്രൂഷാകാലഘട്ടം അവസാനിക്കുന്നതു വരെയും ബോധ്യമുണ്ടാകണമെന്നും അദ്ദേഹം ബോധ്യപ്പെടുത്തി. കൗൺസിൽ അംഗങ്ങൾ എല്ലാവരും ഒരു ഫുട്ബോൾ ടീമിലെ അംഗങ്ങളെപ്പോലെ കൂട്ടായി, സമഭാവനയോടെ ഒരുമിച്ച് പ്രവർത്തിച്ച്, പ്രാദേശിക സഭയായ ഇടവകയിൽ ദൈവരാജ്യം സംജാതമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കണമെന്നും അദ്ദേഹം ഓർമിപ്പിച്ചു. ചുറ്റുമുള്ള സഹോദരങ്ങൾക്ക് അവരുടേതായ മാനം നൽകി കൂട്ടായ്മ രൂപപ്പെടുത്തണമെങ്കിൽ കൗൺസിൽ അംഗങ്ങൾ ആത്മീയമായി വളരണമെന്ന് ആഹ്വാനം ചെയ്തുകൊണ്ട് അദ്ദേഹം പരിശീലന പരിപാടിക്ക് തിരിതെളിച്ചു.

ഇടവക കൗൺസിൽ ഇടവക ധനകാര്യ സമിതി കടമകളും ഉത്തരവാദിത്വങ്ങളുമെന്ന വിഷയത്തെ ആസ്പദമാക്കി ഡോ. ലോറൻസ് കുലാസ് ക്ലാസ് എടുത്തു. മോൺ. ജെയിംസ് കുലാസ് വിവിധ ശുശ്രൂഷ സമിതികൾ എന്ന വിഷയത്തെ സംബന്ധിച്ച വിവരങ്ങൾ പരിശീലകർക്കായി പങ്കുവെച്ചു. ബിസിസി എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. ഡാനിയേലും പരിപാടിയിൽ സന്നിഹിതനായിരുന്നു.

## 'മറക്കില്ലൊരിക്കലും' പൂർവ്വിക സ്മരണയൊരുക്കി പൂന്തുറയിലെ യുവജനങ്ങൾ

മണ്മറഞ്ഞു പോയ ജനങ്ങളുടെ പൂർവിക സ്മരണയൊരുക്കി പൂന്തുറ സെന്റ് തോമസ് ഇടവകയിലെ കെസിവൈഎം യുവതി യുവാക്കൾ. വർഷങ്ങൾക്കു മുമ്പ് പൂന്തുറ ഇടവകയിലെ സ്ഥലപരിമിതി കണക്കിലെടുത്ത് ഇടവക ശ്മശാനത്തിലെ കുഴിമാടങ്ങൾ നികത്തുവാൻ തീരുമാനമെടുത്തു. അന്ന് പൂർവികരുടെ സ്മരണ മൺമറഞ്ഞു പോകാതിരിക്കാൻ പൂന്തറ കെസിവൈഎം 'മറക്കില്ലൊരിക്കലും' എന്ന പദ്ധതിക്ക് തുടക്കം കുറിച്ചതിനെ തുടർന്ന് എല്ലാവർഷവും ആത്മാക്കളുടെ ദിനാചരണത്തിൽ മരിച്ചു പോയവരുടെ ചിത്രങ്ങൾ ഒരുമിച്ച് ചേർത്ത് ബലിപീഠ സമീപത്ത് ഒരുക്കുന്നത് പതിവായി. മാറിയിരിക്കുകയാണ്. ഇടവക ജനങ്ങൾ മനസ്സുനിറയുന്ന ഓർമ്മകളോടെ പരേതത്മാക്കളുടെ ഓർമ്മദിനത്തിൽ പങ്കെടുക്കുന്നത്.



*ഡിസംബർ 18-ാം തീയതി വൈകുന്നേരം 4 മണിക്ക് അഭിവന്ദ്യ തോമസ് നെറ്റോ പിതാവ് കൂദാശകർമ്മം നിർവഹിക്കുന്ന നവീകരിച്ച തൈക്കാട് അസ്സംപ്ഷൻ ദേവാലായം*

# രക്ഷകന്റെ വരവിനായി കാത്തിരിക്കുന്ന ആഗമനകാലം

**ആഗമനകാലം 2-ാം ഞായർ (ഡിസം. 4)** ഏശ. 11, 1-10. റോമ. 15, 4-9, മത്ത. 3, 1-12

**ഫാ. വിശാൽ വർഗീസ്**

ഇവനെപ്പറ്റിയാണ് ഏശയ്യാ പ്രവാചകൻ വഴി ഇങ്ങനെ അരുളിച്ചെയ്യപ്പെട്ടത്:
മരുഭൂമിയിൽ വിളിച്ചു
പറയുന്നവന്റെ ശബ്ദം -
കർത്താവിൻറെ വഴിയൊരുക്കുവിൻ;
അവന്റെ പാതകൾ
നേരെയാക്കുവിൻ (മത്തായി 3: 3).

രക്ഷകന്റെ ജനനത്തിനായി ഉള്ള ആത്മീയ ഒരുക്കത്തിന്റെ ഉദാത്ത മാതൃകയായി സ്നാപകനെ, ആഗമനകാലം രണ്ടാമത്തെ ഞായറാഴ്ചയിൽ സഭ ഉയർത്തിക്കാട്ടുന്നു. രക്ഷകനായ ദൈവം ഭൂമിയിൽ അവതരിക്കാനുള്ള സമയം സമീപിച്ച് കഴിഞ്ഞിരിക്കുന്നു. എന്നാൽ, ആരും അത് ശ്രദ്ധിക്കുന്നില്ല. ലോകത്തിന്റെ കാര്യങ്ങളിൽ മുഴുകി ജീവിച്ചിരുന്ന ദൈവജനത്തിന്റെ സ്മൃതികളിൽ ഇടയ്ക്ക് എപ്പോഴൊക്കെയോ ലോകത്തിന്റെ കിരീടവും, ചെങ്കോലും പേറുന്ന ഒരു രാജാവിനെക്കുറിച്ചുള്ള പ്രതീക്ഷ ഉടലെടുത്തിരുന്നു. ലോകത്തിന്റെ വിജ്ഞാനത്തെയും, ചിന്താസരണികളെയും കീറിമുറിച്ചുകൊണ്ട് രക്ഷകനായ ദൈവം ബെദ്ലഹേമിൽ ഒരു കാലിത്തൊഴുത്തിൽ പിറന്നുവെന്നും, നസ്രത്തിലെ ഒരു തച്ചന്റെ കുടുംബത്തിൽ ജീവിക്കുന്നുവെന്നും ഈ ലോകത്തോട് വിളിച്ച് പറയേണ്ടത് അനിവാര്യമായിരുന്നു. സ്നാപക യോഹന്നാൻ എന്ന പ്രവാചകന്റെ ജീവിതത്തിലെ ഏക ദൗത്യവും അതുതന്നെയായിരുന്നു. രക്ഷകനായ യേശുവിനെ സ്വീകരിക്കുന്നതിനായി ദൈവജനത്തിന്റെ ഹൃദയങ്ങളെ ഒരുക്കുക എന്ന ഭാരിച്ച ഉത്തരവാദിത്തം. കർത്താവിന് വഴിയൊരുക്കി ഈ ഭൂമിയിൽ ദൈവഹിതം നിറവേറ്റിയ സ്നാപകന്റെ ജീവിതം, രക്ഷകന്റെ വരവിനായി ഒരുങ്ങുന്ന നമുക്കെല്ലാവർക്കും ഒരു നല്ല മാതൃകയാണ്. സ്നാപകന്റെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും യേശുവിനെ അറിഞ്ഞവരും ദൈവത്തിനായി ഹൃദയങ്ങളെ തുറന്നുകൊടുത്തവരും നിരവധിയാണ്. തെറ്റായ ലക്ഷ്യങ്ങൾക്ക് ഹൃദയത്തിൽ മുൻഗണന നൽകിയതുമൂലം രക്ഷകന്റെ വരവിനായി ഒരുങ്ങാൻ കഴിയാത്ത നിരവധി പേർ ഇന്നും നമ്മുടെ ചുറ്റിലും ജീവിക്കുന്നുണ്ട്. പ്രത്യാശയോടെ രക്ഷകന്റെ വരവിനായി കാത്തിരിക്കുന്ന ആഗമന കാലത്തിൽ അവരെക്കൂടി ദൈവത്തിലേക്ക് അടുപ്പിക്കുകയും, രക്ഷയുടെ സദ്വാർത്ത പ്രഘോഷിക്കുകവാനും നമുക്ക് പരിശ്രമിക്കാം. രക്ഷകന്റെ ആഗമനത്തിന് മുന്നോടിയായിരുന്നു സ്നാപകന്റെ ജീവിതമെങ്കിൽ, പാപികളെത്തേടി ഭൂമിയിലേക്ക് വന്ന യേശുവിനു സാക്ഷ്യം നൽകുന്നതായിരിക്കണം ഓരോ ക്രൈസ്തവന്റെ ജീവിതവും.

> യേശുവിന്റെ പ്രബോധനങ്ങൾക്കനുസരിച്ച് ജീവിച്ച് അവിടുത്തെ വചനത്തിന് സാക്ഷ്യം നൽകാനും, യേശുവിന്റെ വഴിയെ നടന്നുകൊണ്ട് അവിടുത്തെ സ്നേഹം മറ്റുള്ളവർക്ക് അനുഭവവേദ്യമാക്കി കൊടുക്കാനും നമ്മൾ പരിശ്രമിക്കേണ്ടിയിരിക്കുന്നു. ശക്തമായ പ്രസംഗങ്ങളോ, കുത്തിനോവിക്കുന്ന കുറ്റപ്പെടുത്തലുകളോ അല്ല മറ്റുള്ളവരിൽ പശ്ചാത്താപവും, പാപബോധവും ജനിപ്പിക്കുന്നത്.

ദൈവരാജ്യത്തിനായി ലോകത്തെ ഒരുക്കാൻ വന്ന സ്നാപക യോഹന്നാന് ലഭിച്ചതിലും എത്രയോ അധികം സൗഭാഗ്യമാണ് യേശുവിന്റെ കുരിശിലെ ബലിയിലൂടെ ദൈവരാജ്യത്തിന്റെ അവകാശികളായ നമുക്ക് ദൈവം പകർന്നു നൽകിയിരിക്കുന്നത്.

സ്വർഗ്ഗരാജ്യത്തിലെ ഏറ്റവും ചെറിയവൻ യോഹന്നാനേക്കാൾ വലിയവനാണ് (മത്തായി11:11) എന്ന് യേശു തന്റെ വചനത്തിലൂടെ നമ്മെ ഓർമ്മപ്പെടുത്തുന്നു. എന്നാൽ, ഈ വസ്തുത മനസ്സിലാക്കി ജീവിക്കാൻ നമുക്ക് ഇന്ന് സാധിക്കുന്നുണ്ടോ? മാമ്മോദീസയിലൂടെയും സ്ഥൈര്യലേപനത്തിലൂടെയും പരിശുദ്ധാത്മാവ് നമ്മിൽ തെളിയിച്ച പ്രകാശം, ഇരുട്ടിനെ വെളിച്ചമായി തെറ്റിദ്ധരിച്ച ലോകത്തിനുമുൻപിൽ തെളിഞ്ഞു കത്തുന്നുണ്ടോ? സ്നാപകനെ വളരെ വലിയൊരു ദൗത്യം നൽകിയാണ് ദൈവം ലോകത്തിലേക്കയച്ചത്. എന്നാൽ, ഇന്നത്തെ ലോകത്തോടുള്ള നമ്മുടെ ഉത്തരവാദിത്തം അതിലും വലുതാണ്. യേശുവിന്റെ പ്രബോധനങ്ങൾക്കനുസരിച്ച് ജീവിച്ച്, അവിടുത്തെ വചനത്തിന് സാക്ഷ്യം നൽകാനും, യേശുവിന്റെ വഴിയെ നടന്നുകൊണ്ട് അവിടുത്തെ സ്നേഹം മറ്റുള്ളവർക്ക് അനുഭവവേദ്യമാക്കി കൊടുക്കാനും നമ്മൾ പരിശ്രമിക്കേണ്ടിയിരിക്കുന്നു. ശക്തമായ പ്രസംഗങ്ങളോ, കുത്തിനോവിക്കുന്ന കുറ്റപ്പെടുത്തലുകളോ അല്ല മറ്റുള്ളവരിൽ പശ്ചാത്താപവും, പാപബോധവും ജനിപ്പിക്കുന്നത്. ദൈവം തന്നോട് ആവശ്യപ്പെട്ടതിൽ കൂടുതലൊന്നും സ്നാപകയോഹന്നാൻ ആരോടും പറഞ്ഞിട്ടില്ല. 'മാനസാന്തരപ്പെടുവിൻ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു' എന്ന വാക്കുകൾക്ക് ചെവി കൊടുത്തവർക്ക് പാപങ്ങൾ ഏറ്റു പറയുവാനുള്ള ദൈവിക പ്രചോദനം നൽകിയത് സ്നാപകനിൽ പ്രവർത്തിച്ചിരുന്ന പരിശുദ്ധാത്മാവാണ്. മറ്റുള്ളവരെ ദൈവത്തിലേക്ക് അടുപ്പിക്കുവാൻ ശ്രമിക്കുന്ന വേളകളിൽ, ദൈവത്തിന്റെ കൃപയാണ് അല്ലാതെ നമ്മുടെ കഴിവോ, ശക്തിയോ, മഹത്വമോ അല്ല അവരെ മാനസാന്തരത്തിലേക്ക് നയിക്കുന്നത്. രക്ഷകനും കർത്താവുമായ യേശുവിനെക്കുറിച്ചുള്ള ജീവിതസാക്ഷ്യം ഈ ലോകത്തോട് വിളിച്ചു പറയുവാനും, അവിടുത്തെ സത്യവചനത്തിന്റെ സന്ദേശവാഹകരാകാനുമുള്ള കൃപയ്ക്കായി നമ്മെത്തന്നെ ഈ ആഗമന കാലത്തിൽ ഒരുക്കി തീർക്കാം. രണ്ട് വഴികളിലൂടെയാണ് സ്നാപകയോഹന്നാൻ തന്നെത്തന്നെയും, ഒരു രാഷ്ട്രത്തെയും രക്ഷയുടെ വരവിനായി ഒരുക്കിയത്. 1) അനുതാപത്തിന്റെ മാമ്മോദീസ പ്രഘോഷണത്തിലൂടെയും, 2) തന്റെ തന്നെ ജീവിതമാതൃകയിലൂടെയും. 1) അനുതാപത്തിന്റെ മാമ്മോദീസ പ്രഘോഷണം. യോഹന്നാന്റെ ശക്തമായ പ്രഘോഷണത്താൽ പ്രേരിതരായി ജോർദാൻ നദിയിലേക്ക് എത്തിച്ചേർന്നവർക്കായി അവൻ നൽകിയ ജലസ്നാനം അർത്ഥികൾക്കായി അവൻ നിഷ്കർഷിച്ച ആന്തരിക പരിവർത്തനത്തിന്റെ ബാഹ്യ അടയാളമായിരുന്നു. സ്വന്തം പാപങ്ങളെ കണ്ടെത്തുന്നതിലൂടെയും, അവയെക്കുറിച്ചുള്ള അനുതാപത്തിലൂടെയുമാണ് രക്ഷകന്റെ ജനത്തിനായുള്ള ആത്മീയ ഒരുക്കം നമുക്ക് സാധിക്കുക എന്ന് സ്നാപകന്റെ പ്രഘോഷണ രീതി നമ്മെ ഓർമ്മപ്പെടുത്തുന്നു.

## 2) തന്റെ തന്നെ ജീവിത മാതൃക

ഇസ്രായേലിന്റെ എല്ലാ മേഖലകളിൽ നിന്നും, കോണുകളിൽനിന്നും അനേകരെ തന്നിലേക്ക് ആകർഷിക്കാൻ തക്കവിധം അത്രമാത്രം ശക്തമായിരുന്നു സ്നാപകന്റെ ജീവിത മാതൃകയും അവന്റെ വാക്കുകളും. മൂന്ന് വഴികളിലൂടെയാണ് അവൻ തന്റെ ജീവിതസാക്ഷ്യത്തിന്റെ ശക്തി ഇസ്രയേൽ ജനത്തിന് മുൻപിൽ വെളിപ്പെടുത്തിയത്.

### A) കഠിന നിഷ്ഠയും, ആധികാരികതയും

അവന്റെ വസ്ത്രധാരണത്തിലും, ഭക്ഷണക്രമത്തിലും കഠിന നിഷ്ഠയുടെ ജീവിതശൈലി പ്രകടമായി കണ്ടിരുന്നു. 'യോഹന്നാൻ ഒട്ടക രോമം കൊണ്ടുള്ള വസ്ത്രവും, അരയിൽ തോൽവാറും ധരിച്ചിരുന്നു. വെട്ടുക്കിളിയും, കാട്ടുതേനുമായിരുന്നു അവന്റെ ഭക്ഷണം' (മത്തായി 3: 4). ലളിതവും, ഭക്തി നിറഞ്ഞതുമായ ജീവിതശൈലിയിലൂടെ രക്ഷകന്റെ വരവിനായി അവൻ എല്ലാവരെയും ഒരുക്കി.

**B) എളിമ.** തന്റെ അടുക്കലേക്ക് നടന്നടുക്കുന്ന ക്രിസ്തുവിനെ ക്കുറിച്ച് അവൻ നൽകിയ സാക്ഷ്യത്തിൽ അവന്റെ എളിമ വെളിപ്പെടുത്തുന്നുണ്ട്. 'എന്റെ പിന്നാലെ വരുന്നവൻ എന്നെക്കാൾ ശക്തൻ; അവന്റെ ചെരുപ്പ് വഹിക്കാൻ പോലും ഞാൻ യോഗ്യനല്ല; അവൻ പരിശുദ്ധാത്മാവിനാലും അഗ്നിയാലും നിങ്ങളെ സ്നാനപ്പെടുത്തും. വീശുമുറം അവന്റെ കൈയിലുണ്ട് '(മത്തായി 3:11). മഹത്വത്തിന്റെയും, പ്രശസ്തിയുടെയും കൊടുമുടിയിൽ നിൽക്കുമ്പോഴും ജനം യോഹന്നാൻ തന്നെയാണ് ക്രിസ്തു എന്ന് തെറ്റിദ്ധരിക്കുമ്പോഴും തന്നെത്തന്നെ എളിമപെടുത്തി അവൻ രക്ഷകന്റെ വരവിനായി വഴിമാറി കൊടുക്കുന്നത് എളിമ എന്ന പുണ്യത്തെ എത്രത്തോളം സ്നാപകൻ തന്റെ ജീവിതത്തിൽ അഭ്യസിച്ചു എന്നതിന്റെ അടയാളം തന്നെയാണ്.

**C) ഏലിയായുടെ തീക്ഷണത**. 'പിതാക്കന്മാരുടെ ഹൃദയങ്ങളെ മക്കളിലേക്കും അനുസരണമില്ലാത്തവരെ നീതിമാന്മാരുടെ വിവേകത്തിലേക്കും തിരിച്ചുവിടാനും സജ്ജീകൃതമായ ഒരു ജനത്തെ കർത്താവിനുവേണ്ടി ഒരുക്കാനും ഏലിയായുടെ ചൈതന്യത്തോടും ശക്തിയോടുംകൂടെ അവൻ കർത്താവിന്റെ മുൻപേ പോകും' (ലൂക്കാ1:17) എന്ന് സ്നാപകയോഹന്നാന്റെ ജനനത്തെക്കുറിച്ച് കർത്താവിന്റെ ദൂതൻ സഖറിയായോട് പറഞ്ഞുവച്ചത് അക്ഷരാർത്ഥത്തിൽ അവന്റെ ജീവിതത്തിൽ നിറവേറ്റപ്പെടുകയായിരുന്നു.

തന്നെ ദൈവം ഭരമേല്പിച്ച ദൗത്യം പൂർത്തീകരിക്കുകയും 'അവൻ വളരുകയും ഞാൻ കുറയുകയും വേണം എന്ന് പറഞ്ഞു തിരശ്ശീലയ്ക്കു പിന്നിലേക്ക് പോകുന്ന യോഹന്നാൻ ഈ ആഗമന കാലത്ത് നമുക്കൊരു വഴികാട്ടിയായി മാറുകയാണ്.

ഇന്ന് വഴിയൊരുക്കുന്നവരെക്കാൾ കൂടുതൽ, പലരുടെയും വഴിമുടക്കുന്നവരായി നാമും മാറുന്നില്ലേ? ആർക്കും വഴിമാറി കൊടുക്കാതെ നേതൃസ്ഥാനങ്ങളിലും, അധികാരങ്ങളിലും വിരാജിക്കുവാൻ നാം ആഗ്രഹിക്കുന്നുണ്ടെങ്കിൽ അത്തരത്തിലുള്ള ചിന്തകളും, പ്രവർത്തികളും, ക്രൈസ്തവ ധർമ്മത്തിനുതന്നെ വിരുദ്ധമാണെന്ന് സുവിശേഷം ചൂണ്ടിക്കാണിക്കുന്നു. മറ്റുള്ളവരുടെ കഴിവുകളെ അംഗീകരിച്ച് സ്നാപകയോഹന്നാന്റെ ജീവിത അവബോധത്തോടെ മറ്റുള്ളവർക്ക് വഴിയൊരുക്കുന്നവരാകുവാൻ വേണ്ട ദൈവകൃപ എല്ലാവരിലും പ്രവർത്തിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ആഗമനകാലത്തെ ആഘോഷങ്ങളേക്കാൾ അനുരഞ്ജനത്തിനു പ്രാധാന്യം നൽകുകയും ആർഭാടങ്ങളെക്കാൾ ജീവിത ലാളിത്യം അഭ്യസിക്കുന്നതിനും ഈ ആഗമനകാലം ആത്മാവിൽ ഉണരുന്നതിനായി സ്നാപകയോഹന്നാന്റെ ജീവിതം നമുക്ക് പ്രചോദനമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ■

# ദൈവത്താൽ ഉയർത്തപ്പെട്ടവൻ

**ആണ്ടുവട്ടം 3-ാം ഞായർ (ഡസം. 11)**

ഏശ 35, 3-6 a, യാക്കോ 5, 7-10, മത്ത. 11, 2-11

**ഫാ. ഡൈസൻ**

പ്രഗല്ഭരും പ്രശസ്തരും ഉന്നതരുമുള്ളപ്പോൾ ദൈവം തന്റെ ദൗത്യത്തിനുവേണ്ടി തിരഞ്ഞെടുത്തത് ഏറ്റവും നിസാരനായ യോഹന്നാനെയാണ്. തിരഞ്ഞെടുത്ത അവനെ ദൈവം ഒരുക്കി വിശുദ്ധികരിച്ചു. വിശുദ്ധികരിച്ച അവനെ സ്ത്രീകളിൽനിന്നും ജനിച്ചവരിൽ വലിയവനായി ദൈവം ഉയർത്തി ! യോഹന്നാനെപ്പോലെ നമ്മെ പരിപൂർണ്ണമായി ദൈവത്തിന് വിട്ടുകൊടുത്തുകൊണ്ട് ദൈവത്തിന്റെ ശബ്ദമാകാൻ പരിശ്രമിക്കാം!

> ദൈവവും കർത്താവുമായ യേശുക്രിസ്തു ആരാണെന്നും, അവന്റെ മുമ്പിൽ തന്റെ അവസ്ഥ എന്താണെന്നുമുളള ഉറച്ച ബോധ്യം യോഹന്നാനുണ്ടായിരുന്നു. താൻ വെറും ജലം കൊണ്ട് മാനസാന്തരത്തിന്റെ സ്നാനം നല്കുമ്പോൾ യേശു ജലം കൊണ്ടും, അഗ്നികൊണ്ടും, ആത്മാവുകൊണ്ടും നിത്യജീവൻ പ്രദാനം ചെയ്യുന്ന സ്നാനം നല്കുന്നു.

## 1. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവൻ

ദൈവത്തിന്റെ തിരഞ്ഞെടുപ്പ് മനുഷ്യബുദ്ധിക്ക് എപ്പോഴും അഗ്രാഹ്യമാണ്. വിശുദ്ധനാട്ടിൽ ബേത്‌ലഹേമിനെക്കാൾ എത്രയോ നല്ല സ്ഥലങ്ങളുണ്ടായിരുന്നു. എങ്കിലും ദൈവം തിരഞ്ഞെടുത്തത് അധികം അറിയപ്പെടാത്ത ബേത്‌ലഹേമിനെയായിരുന്നു. മഹാപ്രളയത്തെ അതിജീവിക്കാൻ സൃഷ്ടിജാലങ്ങൾക്ക് രക്ഷയുടെ പേടകമൊരുക്കാൻ ദൈവം തിരഞ്ഞെടുത്തത് മദ്യപാനിയായ നോഹയെയാണ്. ഇസ്രായേലിന്റെ ആദ്യരാജാവാകാൻ എത്രയോ ശക്തരും കുലീനരും ഉണ്ടായിരിന്നിട്ടും ദൈവം തിരഞ്ഞെടുത്തത് കഴുതകളെ മേയിച്ചു നടന്ന സാവൂളിനെയാണ്! ഇസ്രായേൽ ജനത്തെ മുഴുവനും വെല്ലുവിളിച്ച ഗോലിയാത്തിനെ നേരിടാൻ ദൈവം തിരഞ്ഞെടുത്തത് വെറുമൊരു ഇടയബാലനായ ദാവീദിനെയാണ്. ദൈവത്തിന്റെ തിരഞ്ഞെടുപ്പ് അതിശയകരവും അത്ഭുതാവഹവുമാണ്!

തിബേരിയൂസ് സീസർ റോമ സാമ്രാജ്യം ഭരിക്കുമ്പോൾ പീലാത്തോസ് യൂദയായുടെ ദേശാധിപതിയായിരുന്നു. ഹേറോദേസ് ഗലീലിയുടെയും അവന്റെ സഹോദരൻ പീലിപ്പോസ് ഇത്തൂറിയ, ത്രാക്കോണിത്തിസിന്റെയും, ലിസാനിയോസ് അബിലേനെയുടെയും ഭരണാധിപന്മാരായിരിക്കുമ്പോൾ അന്നാസും കയ്യാഫാസും പ്രധാന പുരോഹിതന്മാരായി വിരാചിക്കുന്ന കാലത്ത് യേശുവിന്റെ മുന്നോടിയായി വഴിയൊരുക്കുവാൻ ദൈവം തിരഞ്ഞെടുത്തത് വ്യക്തിപ്രഭാവവും, സ്വാധീനവും, അധികാരവുമുള്ള ചക്രവർത്തിയെയോ, ദേശിധിപതിയെയോ, ഭരണാധിപന്മാരെയോ, മഹാപുരോഹിതരെയോ അല്ല. ദൈവം തിരഞ്ഞെടുത്തത് ഒട്ടകരോമമുള്ള വസ്ത്രവും അരയിൽ തോൽവാറും ധരിച്ച, വെട്ടുകിളിയും കാട്ടുതേനും ആഹാരമാക്കിയ, നിസാരനും എളിയവനുമായ സഖറിയാസിന്റെയും എലിസബത്തിന്റെയും മകനായ സ്നാപകയോഹന്നാനെയാണ്.

യോഹന്നാന്റെ തിരഞ്ഞെടുപ്പ് അസന്ദിഗ്ദ്ധമായി പറയുന്നു: ദൈവം നിസാരരെയും, എളിയവരെയും, അവഗണിക്കപ്പെട്ടവരെയും ഉയർത്തുന്നവനാണ്. കുനിഞ്ഞ് ദൈവത്തിന്റെ ചെരുപ്പിന്റെ വാർ അഴിക്കാൻ പോലും യോഗ്യതയില്ലാത്ത നമ്മെ ഈ ലോകത്തെ മാനസാന്തരത്തിലൂടെ പറുദീസായാക്കാൻ ദൈവം വിളിക്കുന്നു. അതിനുവേണ്ടി ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരാണ് നമ്മൾ. ദൈവീക തിരഞ്ഞെടുപ്പിന്റെ മാനദണ്ഡം എളിമയും അർഹതയില്ലായ്മയുമാണ്!

## 2. ദൈവത്താൽ ഒരുക്കപ്പെട്ടവൻ

കുശവന്റെ കൈയ്യിലെ കളിമണ്ണുപോലെ നമ്മെ ദൈവകരങ്ങളിൽ സ്വയം വിട്ടു കൊടുക്കുമ്പോൾ, ദൈവം തനിക്ക് ഇഷ്ടമുള്ളതു പോലെ നമ്മെ മെനഞ്ഞെടുക്കുന്നു. അങ്ങനെ ദൈവത്തിന്റെ കരമുദ്രയുള്ളവരായി നമ്മൾ മാറുന്നു. അശുദ്ധമായ അധരങ്ങളുണ്ടായിരുന്ന ഏശയ്യ തന്നെത്തന്നെ ദൈവത്താൽ ഒരുക്കാൻ വിട്ടുകൊടുത്തപ്പോൾ സെറാഫുകളിലൊന്ന് ബലിപീഠത്തിൽ നിന്നും കൊടിൽ കൊണ്ട് എടുത്ത തീക്കനലുമായി അവന്റെ അധരത്തെ സ്പർശിച്ചപ്പോൾ അവന്റെ മാലിന്യം നീക്കപ്പെടുകയും, അവന്റെ പാപങ്ങൾ ക്ഷമിക്കപ്പെടുകയും അങ്ങനെ അവൻ വിശുദ്ധനാകുകയും ചെയ്യുന്നു (ഏശയ്യ 6:7-8). ജറെമിയാ പ്രവാചകനെ മാതാവിന്റെ ഉദരത്തിൽ രൂപം നല്കുന്നതിനു മുമ്പേ ദൈവം അറിഞ്ഞു. അവന്റെ മാതാവിന്റെ ഉദരത്തിൽ വച്ച് തന്നെ അവനെ വിശുദ്ധീകരിച്ചു (ജറെമിയ 1:5). മോശയെ ദൈവം ഒരുക്കിയത് ഹെറേബു മലയിൽ കത്തിജ്വലിച്ച മുൾപടർപ്പിനു സമീപമാണ്. പാപം കൊണ്ട് നിറഞ്ഞ ചെരിപ്പിന്റെ വാർ ജീവിതത്തിൽ നിന്നും അഴിച്ചു മാറ്റുന്നതിലൂടെ

മോശയെ ദൈവം തന്റെ ദൗത്യത്തിനായി ഒരുക്കി. ശിഷ്യന്മാർക്ക് പരിശുദ്ധാത്മാവിനെ നല്കി അവരെ ശക്തിപ്പെടുത്തി. അവരെ തന്റെ ദൗത്യത്തിനായി ദൈവം ഒരുക്കി. അമ്മയുടെ ഉദരത്തിൽ വച്ചു പരിശുദ്ധാത്മാവിന്റെ അഭിഷേകം നല്കി യോഹന്നാനെയും ദൈവം ഒരുക്കി; അഭിഷേകം ലഭിച്ച യോഹന്നാൻ ആനന്ദത്താൽ ഉദരത്തിൽ വച്ച് തന്നെ കുതിച്ചു ചാടി!

ദൈവത്താൽ ഒരുക്കിയ യോഹന്നാന്റെ ജനനത്തിൽ അത്ഭുതങ്ങൾ സംഭവിക്കുകയാണ്. സ്വന്തം പിതാവായ സഖറിയാസിന്റെ മൂകത മാറുന്നു, മാതാവിന്റെ നീണ്ടകാലത്തെ വന്ധ്യത മാറുന്നു. ദൈവത്താൽ ഒരുക്കപ്പെട്ട വ്യക്തികളുടെ ജനവും ജീവിതവും അനേകർക്ക് ഉപകാരമുണ്ടാക്കുന്നു. എന്റെ ജനനവും ജീവിതവും മറ്റുള്ളവർക്ക് ഉപകാരമാകുന്നുണ്ടോ? ദൈവം എന്നെ സൃഷ്ടിച്ചത് എനിക്കു വേണ്ടി മാത്രം ജീവിച്ചു തീർക്കാനല്ല. എന്റെ ജീവിതം മറ്റുള്ളവർക്ക് സന്തോഷത്തിന്റെയും സ്നേഹത്തിന്റെയും പുഞ്ചിരിപ്പൂക്കൾ സമ്മാനിക്കാനുള്ളതാണ്. രക്ഷകനു വഴിയൊരുക്കുവാൻ വേണ്ടി യോഹന്നാൻ തന്റെ ജീവിതം ജനങ്ങളുടെ മാനസാന്തരത്തിനുള്ള അനുതാപത്തിന്റെ ജ്ഞാനസ്നാനത്തിനായി ഉപയോഗിച്ചു. ദൈവത്തെ കണ്ടെത്താനായി മാനസാന്തരത്തിന്റെ പാതകൾ നമ്മുടെ ജീവിതം കൊണ്ട് തുറക്കാം.

### 3. ദൈവത്താൽ ഉയർത്തപ്പെട്ടവൻ

ദൈവത്തിന്റെ മുമ്പിൽ നില്ക്കുമ്പോഴാണ് മനുഷ്യൻ തന്റെ നിസ്സാരത മനസ്സിലാക്കുന്നത്. ഉന്നതമായ സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്ന കർത്താവിന്റെ മഹത്വം ദർശിച്ച ഏശയ്യ തന്നിലേക്ക് നോക്കിയപ്പോൾ തന്റെ ബലഹീനതയും നിസാരതയും മനസ്സിലാക്കി പറഞ്ഞു: "എനിക്ക് ദുരിതം! ഞാൻ നശിച്ചു. എന്തെന്നാൽ അശുദ്ധമായ അധരങ്ങളുള്ളവനും അശുദ്ധമായ അധരങ്ങളുള്ളവരുടെ മധ്യേ വസിക്കുന്നവനുമാണ്" (ഏശയ്യ 6:5). ദൈവവും കർത്താവുമായ യേശുക്രിസ്തു ആരാണെന്നും, അവന്റെ മുമ്പിൽ തന്റെ അവസ്ഥ എന്താണെന്നുമുള്ള ഉറച്ച ബോധ്യം യോഹന്നാനുണ്ടായിരുന്നു. താൻ വെറും ജലം കൊണ്ട് മാനസാന്തരത്തിന്റെ സ്നാനം നല്കുമ്പോൾ യേശു ജലം കൊണ്ടും, അഗ്നികൊണ്ടും, ആത്മാവുകൊണ്ടും നിത്യജീവൻ പ്രദാനം ചെയ്യുന്ന സ്നാനം നല്കുന്നു. യോഹന്നാന്റെ സ്നാനത്തിന് നിത്യജീവൻ നല്കാനുള്ള ശക്തിയില്ല. കാരണം യോഹന്നാൻ ദൈവമല്ല വെറും മനുഷ്യൻ മാത്രമാണ്.

യേശുവിനോട് തുലനം ചെയ്യുവാൻപോലും താൻ യോഗ്യനല്ലെന്നുള്ള തിരിച്ചറിവാണ് യോഹന്നാനെ ഇങ്ങനെ പറയുവാൻ പ്രേരിപ്പിക്കുന്നത്: എന്റെ പിന്നാലെ വരുന്നവൻ എന്നെക്കാൾ ശക്തൻ; അവന്റെ ചെരിപ്പു വഹിക്കാൻ പോലും ഞാൻ യോഗ്യനല്ല. സ്വന്തം ശക്തിയാലല്ല, ദൈവത്തിന്റെ കർത്താലാണ് താൻ നന്മകൾ ചെയ്യുന്നുവെന്നുള്ള ബോധ്യം യോഹന്നാനുണ്ടായിരുന്നു. ഇവൻ തന്നെയാണോ ക്രിസ്തുവെന്ന് യോഹന്നാനെപ്പറ്റി ജനം ചിന്തിക്കാൻ തുടങ്ങിയപ്പോൾ (ലൂക്ക 3:15) അവന് വേണമെങ്കിൽ മിശിഹായെന്ന് തെവുദാസിനെപ്പോലെ, യൂദാസിനെപ്പോലെ പറയാമായിരുന്നു (അപ്പ 5:36-37). തെവുദാസ് താൻ മിശിഹായെന്ന ഭാവത്തിൽ രംഗപ്രവേശം ചെയ്തു. ഏകദേശം നാനൂറുപേർ അവന്റെ കൂടെ ചേർന്നു. എന്നാൽ അവൻ വധിക്കപ്പെട്ടു. അനുയായികൾ ചിതറുകയും നാമാവശേഷമാവുകയും ചെയ്തു. അതുപോലെ ഗലീലിയനായ യൂദാസ് താനാണ് മിശിഹായെന്ന് പറഞ്ഞ് പലരേയും ആകർഷിച്ചു. അവനും നശിച്ചുപോയി. യോഹന്നാനാവട്ടെ മിശിഹാ തന്റെ പിന്നാലെ വരുന്നവനാണെന്നും, അവന് വഴിയൊരുക്കാൻ വന്നവനാണെന്നും എളിമയോടെ പറഞ്ഞു.

യോഹന്നാന്റെ എളിമയ്ക്കും സത്യസന്ധതയ്ക്കും യേശുവിന്റെ വാഴ്ത്ത് ഇങ്ങനെയാണ്: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: സ്ത്രീകളിൽ നിന്ന് ജനിച്ചവരിൽ സ്നാപകയോഹന്നാനെക്കാൾ വലിയവൻ ഇല്ല (മത്താ 11:11). വീണ്ടും യേശു പറയുന്നു: കത്തി ജ്വലിക്കുന്ന ഒരു വിളക്കായിരുന്നു അവൻ (യോഹ 5:35). എളിയരെ ഉയർത്തുന്നവനാണ് നമ്മുടെ ദൈവം. മറിയത്തിന്റെ എളിമയെ തൃക്കൺപാർത്തുകൊണ്ട് അവളെ ദൈവത്തിന്റെ അമ്മയായി ഉയർത്തി. യൗസേപ്പിന്റെ എളിമയെ കണക്കിലെടുത്തുകൊണ്ട് യേശുവിന്റെ വളർത്തു പിതാവായി ഉയർത്തി. യോഹന്നാന്റെ എളിമയ്ക്ക് ദൈവം യോഹന്നാനെ സ്ത്രീകളിൽ നിന്ന് ജനിച്ചവരിൽ വലിയവനാക്കി ഉയർത്തി. ഒരു മനുഷ്യനും ലഭിക്കാത്ത ഏറ്റവും വലിയ അംഗീകാരമാണ് യേശു യോഹന്നാനു നല്കിയത്. എളിമപ്പെട്ടാൽ ദൈവം നമ്മെയും ഉയർത്തും.

യോഹന്നാന്റെ ജീവിതം നല്കുന്ന ചില തിരിച്ചറിവുകൾ ഉണ്ട്. ബലിപീഠത്തോടുള്ള ദേവാലയത്തോടുള്ള മാതാപിതാക്കളുടെ അടുപ്പം ദൈവകരം കൂടെയുള്ള കുഞ്ഞുങ്ങൾക്ക് ജന്മം നൽകാൻ അവരെ പ്രാപ്തരാക്കുന്നു. വന്ധ്യതയും രോഗങ്ങളും ദൈവശിക്ഷയോ ദൈവകോപമോ അല്ല. ദൈവത്തിന്റെ കാരുണ്യം വെളിപ്പെടുത്തുന്ന അടയാളങ്ങളാണ്. മാനുഷിക ചിന്ത ദൈവിക ചിന്തപോലെയല്ല. എലിബസത്തിന്റെ വന്ധ്യതയും പ്രായാധിക്യവും മാനുഷികമായ രീതിയിൽ ഒരു കുഞ്ഞിന് ദൈവം നൽകുന്ന ചിന്തപോലും അസാധ്യമാകുന്നു. എന്നാൽ ദൈവിക ഇടപെടലിന് അസാധ്യമായതിനെ സാധ്യമാക്കുവാൻ സാധിക്കും. വന്ധ്യ എന്നറിയപ്പെട്ട എലിസബത്ത് യോഹന്നാന് ജന്മം നൽകിയതിലൂടെ ദൈവം ഈ ലോകത്തെ അതിശയിപ്പിച്ചു. ഓരോ ശിശുവും ജന്മംകൊള്ളുന്നത് ക്രിസ്തുവാകാനുള്ള അനന്തമായ സാധ്യതയാണ്. ■

# കൂടെയുണ്ട്

**ആഗമനകാലം 4-ാം ഞായർ (ഡിസം. 18)** ഏശ. 7, 10-14, റോമ 1, 1-7, മത്ത. 1, 18-24

**ഫാ. എബിൻ സ്റ്റാൻലി**

ആഹാസ് രാജാവിന്റെ ഭരണകാലത്ത് യഹൂദരും ഇസ്രായേലും തമ്മിൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടു. ഇസ്രായേൽ രാജാവായ പെക്കാ സിറിയൻ രാജാവുമായി സഖ്യത്തിലേർപ്പെട്ടു. ഇവർ രണ്ടുപേരും ജറുസലേമിനെ ഉപരോധിക്കാൻ തയ്യാറെടുത്തു.

യൂദായിലെ രാജാവായ ആഹാസ് തനിക്കെതിരെയുള്ള കൂട്ടുകെട്ടിനെക്കുറിച്ച് അറിഞ്ഞപ്പോൾ അവന്റെ ഹൃദയം അവന്റെ ജനത്തോടൊപ്പം വല്ലാതെ തളർന്നു. എങ്കിലും, ദൈവം ഭൂമിയിൽ ഇടപെടുമെന്നും അത്ഭുതം പ്രവർത്തിക്കുമെന്നും അവൻ വിശ്വസിച്ചില്ല. എന്നാൽ ദൈവം യൂദാ ദേശത്തെ കൈവിട്ടില്ല. യൂദായ്ക്ക് ശാശ്വതമായ വാഗ്ദത്തം നൽകാൻ ദൈവം ഏശയ്യാ പ്രവാചകനെ ആഹാസിന്റെ അടുക്കൽ അയച്ചു.

ഏശയ്യായിൽ നിന്നുള്ള സന്ദേശം ആശ്വാസകരമായിരുന്നു. ഇസ്രായേലിലെയും സിറിയയിലെയും രാജാക്കന്മാർ അവനെതിരെ ഒരു രാഷ്ട്രസഖ്യം രൂപീകരിച്ചെങ്കിലും ദൈവം ഇടപെട്ടു. ദൈവത്തിൽ നിന്നുള്ള വാഗ്ദത്തം ആധികാരികമാക്കാൻ ഒരു അടയാളം ചോദിക്കാൻ ഏശയ്യാ ആഹാസിനോട് പറഞ്ഞു. അവൻ വിസമ്മതിച്ചു. അതുകൊണ്ട് ഏശയ്യാ ദൈവത്തിൽ നിന്ന് ഒരു അടയാളം നൽകി, 'യുവതി ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാനുവേൽ എന്നു വിളിക്കപ്പെടും.' ഏശയ്യാ 7:14 'ഇമ്മാനുവൽ'. ദൈവം കൂടെയുണ്ട്. കൂടെയുണ്ട് നമ്മുടെ ദൈവം. അവിടുത്തെ പുത്രനെ ഈ ലോകത്തിലേക്ക് നൽകാൻ ഒരായുസ്സിന്റെ നൊമ്പരം പേറിയത് മറിയവും ജോസഫും ആയിരുന്നു. പരമ്പരാഗതമായി, ആഗമനകാലത്തു നമ്മുടെ ചിന്താധാര പോകുക യേശുവിന്റെ അമ്മയായ മറിയത്തിലേക്കാണ്. എന്നാൽ, ഈ ഞായറാഴ്ച, നമ്മുടെ ധ്യാനം ജോസഫിനെക്കുറിച്ചാണ്. ഉണ്ണിയെയും ഉദരത്തിൽ വഹിച്ച് ദീർഘദൂരം മറിയം ചെയ്ത യാത്ര നമുക്ക് സങ്കൽപ്പിക്കാൻ കഴിയും. കുഞ്ഞ് ജനിച്ചപ്പോൾ, പ്രവാസിയായും അഭയാർത്ഥിയായും സ്വന്തം രാജ്യം വിടാൻ അവൾ നിർബന്ധിതയായി. അപകടകരമായ ഈ യാത്രയുടെ ഓരോ ചുവടുവയ്പിലും അവളുടെ ഭർത്താവ് ജോസഫ് അവളെ പിന്തുണച്ചു. മേരിയെപ്പോലെ ജോസഫിനും ഈ യാത്ര ദുഷ്കരമായിരുന്നു.

മറിയത്തിന് ദൈവത്തിൽ നിന്ന് സന്ദേശം ലഭിച്ചു, അതുപോലെയൊരു സന്ദേശം ജോസഫിനും എത്തി. 'ഭയപ്പെടേണ്ട' എന്ന ആർദ്രമായ ദൈവീക സ്വരം അവൾ കേട്ടു. ജോസഫിനോട് ദൈവം പറഞ്ഞു, 'ദാവീദിന്റെ പുത്രനായ ജോസഫ്, മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ടാ. അവൾ ഗർഭംധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽനിന്നാണ്.'

(മത്തായി 1:20)

മറിയത്തെയും ജോസഫിനെയും ദൈവം വിളിക്കുകയും മനുഷ്യർക്ക് അസാധ്യമെന്ന് തോന്നുന്ന വലിയ പദ്ധതി ഏറ്റെടുക്കാൻ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ദൈവത്തിന് ഒന്നും അസാധ്യമല്ല. മറിയത്തെയും ജോസഫിനെയും വിളിച്ച ദൈവം ഇന്നും നമ്മെ ഓരോരുത്തരെയും വിളിക്കുന്നു. ചിന്തയിലും വാക്കിലും പ്രവൃത്തിയിലും നമ്മുടെ ദൈനംദിന ജീവിതത്തിൽ യേശുവിനു ജനനം നൽകാൻ നാമും വിളിക്കപ്പെട്ടിരിക്കുന്നു. ദുഷ്കരമാണത്. വെല്ലുവിളി നിറഞ്ഞതാണ്. എന്നാൽ നമ്മൾ ഒറ്റയ്ക്കല്ല. ദൈവം നമ്മോട് അരുൾ ചെയ്യുന്നു, 'ഭയപ്പെടേണ്ട, ഞാൻ നിങ്ങളോടുകൂടെയുണ്ട്'. ■

> പരമ്പരാഗതമായി, ആഗമന കാലത്തു നമ്മുടെ ചിന്താധാര പോകുക യേശുവിന്റെ അമ്മയായ മറിയത്തിലേക്കാണ്. എന്നാൽ, ഈ ഞായറാഴ്ച, നമ്മുടെ ധ്യാനം ജോസഫിനെക്കുറിച്ചാണ്. ഉണ്ണിയെയും ഉദരത്തിൽ വഹിച്ച് ദീർഘദൂരം മറിയം ചെയ്ത യാത്ര നമുക്ക് സങ്കൽപ്പിക്കാൻ കഴിയും. കുഞ്ഞ് ജനിച്ചപ്പോൾ, പ്രവാസിയായും അഭയാർത്ഥിയായും സ്വന്തം രാജ്യം വിടാൻ അവൾ നിർബന്ധിതയായി.

# ക്രിസ്തുമസ്

**ആഗമനകാലം 5-ാം ഞായർ (ഡിസം. 25)** ഏശ. 9, 2-4, 6-7. 2 തിമോ. 11-14. ലൂക്ക. 2,1-14

**ഫാ. ലോറൻസ് കുലാസ്**

ഉജ്ജ്വലമായ ഒരു ചരിത്ര പശ്ചാത്തലത്തിലാണ് ലൂക്കാ സുവിശേഷകൻ യേശുവിന്റെ ജനനസംഭവം വിവരിക്കുന്നത്. അഗസ്റ്റസ് സീസർ റോമാസാമ്രാജ്യത്തിന്റെ അധിപനായിരുന്ന കാലഘട്ടത്തിലാണ് (ബിസി 27 മുതൽ എ.ഡി. 14 വരെ) യേശുവിന്റെ ജനനം. റോമാ ഭരണത്തിന്റെ കീഴിലായിരുന്നു അന്ന് പാലസ്തീൻ ദേശം ഉൾപ്പെട്ടിരുന്നത്. അഗസ്റ്റസ് സീസറിന്റെ ഭരണകാലം റോമാസാമ്രാജ്യത്തിൽ സമാധാനത്തിന്റെ ഒരു പുതുയുഗത്തിന് ആരംഭം കുറിക്കപ്പെട്ടതായി ചരിത്രരേഖകളുണ്ട്. റോമിൽ പടുത്തുയർത്തപ്പെട്ട "സമാധാനത്തിന്റെ അൾത്താര" ("അഗസ്റ്റസിന്റെ സമാധാനം") അഗസ്റ്റസ് സീസറിന്റെ കാലഘട്ടത്തിൽ റോമൻ സാമ്രാജ്യത്തിൽ സംജ്ഞാതമായ സമാധാനത്തിന് സാക്ഷ്യം വഹിക്കുന്നു. അപ്രകാരം അഗ

സ്റ്റസ് സീസർ "സർവലോകരക്ഷനായും ദൈവമായും" ആദരിക്കപ്പെട്ടകാര്യം ചില ഗ്രീക്കുഗ്രന്ഥങ്ങളിൽ ലഭ്യമാണ്. അതുപോലെതന്നെ, അഗസ്റ്റസിന്റെ ജന്മദിനാഘോഷത്തെക്കുറിച്ചു ഒരു ശിലാലിഖിതത്തിൽ ഇപ്രകാരം രേഖപ്പെടുത്തിരിക്കുന്നു: 'സമസ്തലോകത്തിനും വേണ്ടിയുള്ള സദ്വാർത്തയുടെ ആരംഭം കുറിച്ചത് ദൈവത്തിന്റെ (അഗസ്റ്റസ് സീസറിന്റെ) ജന്മദിനത്തോടുകൂടിയായിരുന്നു.' ഈ ചരിത്രപശ്ചാത്തലത്തിൽ യേശുവിന്റെ ജനനം അവതരിപ്പിക്കപ്പെടുമ്പോൾ രാഷ്ട്രീയ-മതാത്മക വൈരുദ്ധ്യങ്ങൾ ലൂക്കാ സ്പഷ്ടമാക്കുന്നു. ലൂക്കായെ സംബന്ധിച്ചിടത്തോളം ലോകരക്ഷകനും സമാധാനത്തിന്റെ യഥാർത്ഥ സംവാഹകനും യേശുവാണ്; അഗസ്റ്റസ് സീസറല്ല എന്ന രാഷ്ട്രീയ വീക്ഷണമാണ് വ്യക്തമാക്കപ്പെടുന്നത്. മതാത്മകമായി വിലയിരുത്തിയാൽ, യഥാർഥ ദൈവം യേശുവാണ്; അഗസ്റ്റസ് സീസറല്ല.

ലളിതവും സുന്ദരവുമായ ഒരാവിഷ്ക്കാരമാണ് ലൂക്കാ യേശുവിന്റെ ജനനത്തിന് നല്കുന്നത്. മൂന്ന് സംഭവങ്ങൾക്കു ഊന്നൽ കൊടുത്തുകൊണ്ടാണ് ലൂക്കാ യേശുവിന്റെ ജനനം വിവരിക്കുന്നത്: ഒന്ന്, മറിയം കടിഞ്ഞൂൽ പുത്രനെ പ്രസവിച്ചു; രണ്ട്, അവനെ പിള്ളക്കച്ചകൊണ്ടുപൊതിഞ്ഞു; മൂന്ന്, പുൽത്തൊട്ടിയിൽ കിടത്തി. 'കടിഞ്ഞൂൽപുത്രൻ' (ഗ്രീക്കിൽ Prototokos) എന്നാൽ 'ആദ്യത്തെയാൾ' എന്ന് അർത്ഥമില്ല. 'ദൈവത്തിന് സമർപ്പിക്കപ്പെട്ടവൻ' എന്ന് അർത്ഥം വരുന്ന ആദ്യജാതന്റെ പദവിയുള്ള (പുറ 13:2; 34:19) ആളാണ് യേശു എന്നു സമർദ്ധിക്കുവാനാണ് "കടിഞ്ഞൂൽപുത്രൻ' എന്ന പദം ലൂക്കാ ഉപയോഗിക്കുന്നത്. "പിള്ളക്കച്ചകൊണ്ടു പൊതിഞ്ഞു" എന്ന രേഖപ്പെടുത്തലിലൂടെ ലൂക്കാ ഉദ്ദേശിക്കുന്നത് ഒരു ശിശു രാജാവായി ജനിച്ചാലും സാധാരണ മനുഷ്യനായി ജനിച്ചാലും ലഭിക്കുന്ന ആദ്യദിന പരിചരണമാണ്. കന്നുകാലികൾക്ക് തീറ്റി ലഭിക്കുന്ന ഒരിടമാണ് പുൽത്തൊട്ടി. ഈ പുൽത്തൊട്ടിയിലാണ് കാളയും കഴുതയും തങ്ങളുടെ അഭയകേന്ദ്രമായ യജമാനന്റെ സാന്നിധ്യം കണ്ടെത്തുന്നത്. മേൽ ഉദ്ധരിക്കപ്പെട്ട മൂന്ന് വിവരണങ്ങളിലൂടെ യേശുവിന്റെ ജനനവുമായി ബന്ധപ്പെട്ട ഒരു സാധാരണത്വം നല്കുന്നതോടൊപ്പം അനിതര സാധാരണമായ ദൈവശാസ്ത്രഘടകവും ലൂക്കാ വിവരിക്കുന്നു. ചരിത്രത്തിൽ യേശുവിന്റെ ജനനം ഒരു സാധാരണ ജനമാണ്. അപ്പോഴും, ദൈവശാസ്ത്രപരമായി യേശു ദൈവത്തിന് സമർപ്പിക്കപ്പെട്ട ആദ്യജാതനും അജഗണത്തിന്റെ ഉടമസ്ഥാവകാശം ഉള്ളവനുമാണ്.

കടിഞ്ഞൂൽപുത്രനായി, പിള്ളക്കച്ചയിൽ പൊതിയപ്പെട്ട്, പുൽതൊട്ടിയിൽ കിടത്തിയ യേശുവിനെ തങ്ങളുടെ യജമാനനായി അംഗീകരിച്ചത് ആട്ടിയരാണെന്ന് ലൂക്കാ തുടർന്ന് വിവരിക്കുന്നു. മാലാഖയുടെ സന്ദേശത്തിലൂടെയാണ് ആട്ടിടയർ യേശുവിന്റെ ജനനവാർത്ത ശ്രവിക്കുന്നത് (2:10-12). മാലാഖ കൈമാറുന്ന സന്ദേശത്തിലൂടെ മൂന്ന് സ്ഥാനമാനങ്ങൾ യേശുവിന് നല്കപ്പെടുന്നു: രക്ഷകൻ, കർത്താവ്, ക്രിസ്തു. സമാന്തരസുവിശേഷകരിൽ ലൂക്കാ മാത്രമാണ് യേശുവിന് 'രക്ഷകൻ' എന്ന സ്ഥാനം നല്കുന്നത്. ഈ പദം ലൂക്കാ സുവിശേഷകന് ഏറെ പ്രിയമുള്ളതാണ്. ലൂക്കാ സുവിശേഷത്തിന്റെ കാതലായ പ്രമേയവും രക്ഷയെന്നതിൽ അടങ്ങിയിരിക്കുന്നു. ദരിദ്രരും സാധാരണക്കാരുമായ മനുഷ്യരെ സംബന്ധിച്ചിടത്തോളം യേശു തങ്ങളുടെ രക്ഷകനാണെന്നുള്ളത് അവരുടെ ആശ്രയവും സമഗ്രതയും ഉയർത്തിക്കാട്ടുന്നു. രക്ഷയ്ക്ക് പ്രാധാന്യം നല്കുന്ന ഈ പശ്ചാത്തലത്തിൽ, ദരിദ്രരുടെ പ്രതീകമായിട്ടാണ് ആട്ടിടയരെ ലൂക്കാ സദ്വാർത്തയുടെ ആദ്യ സ്വീകർത്താക്കളായി പ്രതിഷ്ഠിക്കുന്നത്. തുടർന്ന്, മാലാഖമാരുടെ സ്തുതിഗീതത്തോടെ യേശുവിന്റെ ജനനവിവരണം ലൂക്കാ ചുരുക്കുന്നു: "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം! ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം!" യേശുവിന്റെ ജനനത്തോടെ ലോകമാസകലമുള്ള ജനതയ്ക്ക് ദൈവത്തിന്റെ സമാധാനം ("ശാലോം") കൈവരുന്നുവെന്നു മാലാഖമാരുടെ കീർത്തനം വ്യക്തമാക്കുന്നു. യേശുവിന്റെ ജനത്തിലൂടെ ദൈവം തന്റെ ജനത്തിന് നല്കുന്ന സമാധാനം ദൈവം തന്നെ സ്നേഹിക്കുന്നവർക്കുവേണ്ടി ഒരുക്കിയിക്കുന്ന സമഗ്രക്ഷേമമായ ദാനമാണ്; ഇതാവട്ടെ ദൈവസ്നേഹത്തിന്റെ ഉദാരതയും.

സാധാരണ ചുറ്റുപാടുകളിൽ ജന്മമെടുക്കുന്ന യേശുവിന്റെ പിന്നിടുള്ള ജീവിതം ദരിദ്രരുടെ മോചനം ലക്ഷ്യം വച്ചിട്ടുള്ള പ്രവർത്തനങ്ങൾ നിറഞ്ഞതായിരുന്നു (4:18-20). ഇന്നത്തെ ശ്രോതാക്കളായ നാം ക്ഷണിക്കപ്പെടുന്നതും ദരിദ്രപക്ഷം ചേർന്നുനിന്നുകൊണ്ട് പ്രവർത്തിക്കുവാനും അവരുടെ സമഗ്രക്ഷേമം ഉറപ്പുവരുത്താനുമാണ്. അധികാരവർഗത്തിന്റെയും സ്വാധീനമുള്ളവരുടെയും ചൂഷണത്തിൽനിന്ന് അടിച്ചമർത്തപ്പെട്ടവരെ മോചിപ്പിക്കുവാൻ നമുക്കും ഉത്തരവാദിത്തമുണ്ട്. ■

മാലാഖ കൈമാറുന്ന സന്ദേശത്തിലൂടെ മൂന്ന് സ്ഥാനമാനങ്ങൾ യേശുവിന് നല്കപ്പെടുന്നു: രക്ഷകൻ, കർത്താവ്, ക്രിസ്തു. സമാന്തരസുവിശേഷകരിൽ ലൂക്കാ മാത്രമാണ് യേശുവിന് 'രക്ഷകൻ' എന്ന സ്ഥാനം നല്കുന്നത്. ഈ പദം ലൂക്കാ സുവിശേഷകന് ഏറെ പ്രിയമുള്ളതാണ്. ലൂക്കാ സുവിശേഷത്തിന്റെ കാതലായ പ്രമേയവും രക്ഷയെന്നതിൽ അടങ്ങിയിരിക്കുന്നു.

# വചനജ്വാല

2023 ജനുവരി മാസത്തെ ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്



# 'കുടുംബകേന്ദ്രീകൃത അജപാലനവും കുടുംബ യൂണിറ്റും'

**ഫാ.ഡാനിയേൽ ആർ.**
ബി.സി.സി. എക്സിക്യൂട്ടീവ് സെക്രട്ടറി

**ആമുഖം**

ഒരു ഹൃദയവും ഒരു ആത്മാവുമായി (അപ്പ. 4.32) ജീവിച്ച ആദിമ ക്രൈസ്തവ സമൂഹത്തിന്റെ ചൈതന്യം ഉൾക്കൊണ്ട് ദൈവവചന പാരായണത്തിലും പ്രാർഥനയിലും പങ്കുവയ്ക്കലിലും കൂട്ടായ്മയിലും വിശ്വാസജീവിതം നയിക്കുന്ന ചെറുസമൂഹങ്ങളാണല്ലോ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ. രണ്ടാം വത്തിക്കാൻ കൗൺസിൽ മുന്നോട്ട് വയ്ക്കുന്ന അൽമായ പ്രേഷിതത്വം ഉറപ്പിക്കുന്നതിനും അതിരൂപത വിഭാവനം ചെയ്യുന്ന പങ്കാളിത്ത സഭയ്ക്ക് രൂപം കൊടുക്കുന്നതിനും അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ രൂപീകരണം വഴി നമുക്ക് സാധിച്ചിട്ടുണ്ട് എന്നത് അഭിനന്ദനാർഹമാണ്. എങ്കിലും ഈ മേഖലയിൽ അതിരൂപത ഇനിയും ബഹുദൂരം മുന്നോട്ട് പോകേണ്ടതായിട്ടുണ്ട്. പലപ്പോഴും മുന്നോട്ടുള്ള ഈ യാത്രയെ പിന്നോട്ട് വലിക്കുന്നത് കഴിവും വിഭവശേഷിയും വിജ്ഞാനവും ഉള്ളവർ ഒഴിഞ്ഞുമാറുന്നതും മുന്നോട്ട് വരുന്നവർ ബോധപൂർവ്വം തഴയപ്പെടുന്നതുമാണ്. ഈ പുതുവർഷത്തിൽ ക്രിസ്തുവാകുന്ന നല്ലിടയൻ നൽകുന്ന നേതൃത്വപാഠങ്ങൾ ഉൾക്കൊണ്ട് കൂട്ടായ്മയിൽ ഒന്നിച്ച് മുന്നേറുവാൻ നമുക്ക് പരിശ്രമിക്കാം.

**ദൈവ വചന പാരായണം:- അപ്പ. 2:37-47**

**വചന വിചിന്തനം**

ആദിമ ക്രൈസ്തവ സഭയുടെ മാതൃകയിൽ, സഭയുടെ ഏകദൗത്യമായ സുവിശേഷവല്ക്കരണ പ്രക്രിയ സാധ്യമാക്കുവാനായി രൂപപ്പെടുത്തിയിരിക്കുന്ന ക്രിസ്തുവിശ്വാസികളുടെ ചെറുസമൂഹമാണ് അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ. ബി.സി.സി.യുടെ പ്രവർത്തനങ്ങൾക്കും രൂപീകരണത്തിനും മാതൃകയായി നിൽക്കുന്ന തിരുവചന ഭാഗമാണല്ലോ നാം ഇന്ന് വായിച്ചുകേട്ടത്.

ഈ വചനത്തിന്റെ പശ്ചാത്തല

ത്തിൽ ആദിമ ക്രൈസ്തവ സമൂഹത്തിലുണ്ടായിരുന്ന പരസ്പര പൂരകങ്ങളായ നാല് സവിശേഷതകളെ നമുക്ക് കണ്ടെത്തുവാൻ സാധിക്കും. അവ പ്രധാനമായും, വിശ്വാസത്തിലുള്ള ഐക്യം, കൂദാശകളിലെ ഐക്യം, ഉപവി പ്രവർത്തനങ്ങളിലെ ഐക്യം, വരദാനങ്ങളിലെ ഐക്യം എന്നിവയാണ്. ഈ ഐക്യം സാധ്യമാക്കിത്തീർക്കുന്ന പ്രധാന ഉപകരണം ദൈവവചനമാണ്. ഇവയ്ക്കൊപ്പം അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ രൂപീകരണത്തിനും പ്രവർത്തനങ്ങൾക്കും പ്രേരകമായ ആദിമ ക്രൈസ്തവ സമൂഹത്തിൽ നിലനിന്നിരുന്ന നാല് പ്രധാന സ്വഭാവ സവിശേഷതകളും ശ്രദ്ധേയമാണ്.

1. **വിശ്വാസികളുടെ സമൂഹം:-** ഇവിടെ ശ്രദ്ധേയമാകുന്ന ഒരു വസ്തുത, ജനത്തെ വിശ്വാസികളുടെ സമൂഹമായി രൂപപ്പെടുത്തുന്നതിൽ ദൈവം മുൻകൈ എടുക്കുന്നു എന്നതാണ്. ദൈവം തന്റെ സർവശക്തവും നിത്യം ചലനാത്മകവുമായ വചനത്തെ ഭൂമിയിലേയ്ക്ക് അയയ്ക്കുക വഴി, ആ വചനത്തിന് അനുതാപത്തോടും വിശ്വാസത്തോടും കൂടി പ്രത്യുത്തരിക്കുന്ന വിശ്വാസികളുടെ (ക്രിസ്തുശിഷ്യരുടെ) സമൂഹത്തിന് രൂപം കൊടുക്കുന്നു.

പത്രോസ് അവരോട് പറഞ്ഞു, "നിങ്ങൾ പശ്ചാത്തപിക്കുവിൻ, പാപമോചനത്തിനായി എല്ലാവരും യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം സ്വീകരിക്കുവിൻ. പരിശുദ്ധാത്മാവിന്റെ ദാനം നിങ്ങൾക്ക് ലഭിക്കും" (അപ്പ. 2: 38). അപ്പസ്തോലന്മാർ പഠിപ്പിച്ച ദൈവവചനത്തിന് പ്രത്യുത്തരം നൽകിയതിലൂടെ ഒരു വിശ്വാസസമൂഹം ജന്മമെടുത്തു. അവന്റെ വചനം ശ്രവിച്ചവർ സ്നാനം സ്വീകരിച്ചു. അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർഥന എന്നിവയിൽ സദാ താല്പര്യപൂർവം പങ്കുചേർന്നു. (അപ്പോ. 2: 41- 42). ഈ വിശ്വാസം പരസ്പരം പങ്കുവയ്ക്കുമ്പോഴാണ് ആഴപ്പെടുന്നതും അനുഭവമായി തീരുന്നതും.

2. **ആരാധിക്കുന്ന, പ്രാർഥിക്കുന്ന സമൂഹം:-** വചനം സ്വീകരിക്കുന്നതിലൂടെ വിശ്വാസികളുടെ ഹൃദയത്തിൽ ജനിക്കുന്ന സ്തുതിയും ആനന്ദവും അവരെ ആരാധിക്കുന്ന, പ്രാർഥിക്കുന്ന ഒരു സമൂഹമാക്കിത്തീർക്കുന്നു. "അവർ ഏകമനസ്സോടെ താല്പര്യപൂർവം അനുദിനം ദേവാലയത്തിൽ ഒന്നിച്ചുകൂടുകയും, ഭവനം തോറും അപ്പം മുറിക്കുകയും, ഹൃദയലാളിത്യത്തോടും ആഹ്ലാദത്തോടും കൂടി ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തിരുന്നു. അവർ ദൈവത്തെ സ്തുതിക്കുകയും എല്ലാ മനുഷ്യരുടേയും സംപ്രീതിയ്ക്ക് പാത്രമാവുകയും ചെയ്തു" (അപ്പ. 2: 46- 47).

"കത്തോലിക്കാസഭയുടെ സാർവത്രിക മതബോധനഗ്രന്ഥം പഠിപ്പിക്കുന്നതനുസരിച്ച് വിശ്വാസസമൂഹത്തിന്റെ പ്രാർഥനയും ആരാധനയുമാണ് സഭയെ കൂദാശകളുടെ കൂട്ടായ്മയാക്കിത്തീർക്കുന്നത്. എല്ലാ കൂദാശകളുടെയും വരപ്രസാദവും ഫലവും എല്ലാ വിശ്വാസികൾക്കുമുള്ളതാണ്. കൂദാശകളെല്ലാം തന്നെ വിശ്വാസികളെ പരസ്പരം ബന്ധിപ്പിക്കുകയും ക്രിസ്തുവുമായുള്ള ഐക്യത്തിൽ വളർത്തുകയും ചെയ്യുന്നു" (ഇഇഇ 950).

3. **പങ്കുവയ്ക്കുന്ന, ശുശ്രൂഷിക്കുന്ന സമൂഹം:-** വിശ്വാസികളുടെ ഹൃദയത്തിൽ പ്രാർഥനയുടെയും ആരാധനയുടെയും വികാരം ജനിപ്പിക്കുന്ന അതേ വചനം ആത്മപൂരിതമായ ഉപവിയുടെ പ്രവർത്തനങ്ങളിലേയ്ക്ക് നയിക്കുന്നു. അങ്ങനെ വിശ്വാസികളുടെ സമൂഹം പരസ്പരം ശുശ്രൂഷിക്കുന്ന, പങ്കുവയ്ക്കുന്ന സമൂഹമായിത്തീരുന്നു.

"വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹമാവുകയും തങ്ങൾക്കുണ്ടായിരുന്നവയെല്ലാം പൊതുവായി കരുതുകയും ചെയ്തു. അവർ തങ്ങളുടെ സ്വത്തുക്കളും വസ്തുവകകളും വിറ്റ് ആവശ്യാനുസരണം എല്ലാവർക്കുമായി വീതിച്ചു" (അപ്പ. 2: 44-45).

ഇതിനാലാണ് സാർവത്രിക മതബോധന ഗ്രന്ഥം നമ്മെ ഇപ്രകാരം പഠിപ്പിക്കുന്നത്: "ഒരു യഥാർഥ ക്രിസ്ത്യാനിക്കുള്ളതെല്ലാം എല്ലാവരുടേതുമാണെന്ന ചിന്തയുണ്ടാകണം. എല്ലാ ക്രൈസ്തവരും സഹോദരങ്ങളുടെ ആവശ്യനേരത്ത് അവരെ സഹായിക്കുവാനും, ശുശ്രൂഷിക്കുവാനും പങ്കുവയ്ക്കുവാനും സദാ സന്നദ്ധരായിരിക്കണം" (CCC 952). സഭയിലെ ഒരംഗത്തിന്റെ വേദന എല്ലാവരുടേതുമാണ്. ഒരംഗം ആദരിക്കപ്പെടുമ്പോൾ സഭ മുഴുവനും ആദരിക്കപ്പെടുന്നു എന്ന പൗലോസ് അപ്പസ്തോലന്റെ പ്രബോധനവും (1 കോറി. 12: 26- 27) ഇവിടെ ഏറെ പ്രസക്തമാണ്.

4. **സാക്ഷ്യം വഹിക്കുന്ന സമൂഹം:-** വിശ്വസിക്കുന്ന, പ്രാർഥിക്കുന്ന, പങ്കുവയ്ക്കുന്ന സമൂഹം സ്വാഭാവികമായും സാക്ഷ്യം വഹിക്കുന്ന സമൂഹമായിത്തീരുന്നു. വിശ്വാസികളുടെ വചനത്തിലും പ്രാർഥനയിലും ശുശ്രൂഷയിലും അധിഷ്ഠിതമായ ജീവിതം തന്നെ യഥാർഥ സുവിശേഷ സാക്ഷ്യമായി മാറുന്നു.

"രക്ഷപ്രാപിക്കുന്നവരെ കർത്താവ് അവരുടെ ഗണത്തിൽ പ്രതിദിനം ചേർത്തുകൊണ്ടിരുന്നു" (അപ്പ. 2: 47). വിശ്വാസ സമൂഹത്തിന്റെ സാക്ഷ്യം സാധ്യമായിത്തീരുന്നത് വരദാനങ്ങളിലുള്ള അവരുടെ ഐക്യത്തിലൂടെയാണ്. "ഓരോരുത്തരിലും ആത്മാവ് വെളിപ്പെടുത്തുന്നത് പൊതുനന്മക്ക് വേണ്ടിയാണ്" (1 കോറി. 12: 7). അങ്ങനെ വിശ്വാസികളുടെ സമൂഹം ഓരോരുത്തരുടേയും വിളിക്കനുസൃതമായി, തങ്ങൾക്ക് ലഭിച്ചിരിക്കുന്ന കൃപാവരങ്ങൾക്കനുസൃതമായി യേശുവിന് സാക്ഷ്യം നൽകുന്നു.

ആദിമ ക്രൈസ്തവ സമൂഹത്തിനുണ്ടായിരുന്ന നാല് സവിശേഷതകൾക്ക് പുറമേ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾക്കുണ്ടായിരിക്കണമെന്ന് സഭ ആഗ്രഹിക്കുന്ന മറ്റൊരു സവിശേഷതയാണ് "പ്രാദേശിക സമൂഹം" എന്ന ചിന്ത. ഇതുകൊണ്ട് അർഥമാക്കുന്നത് ഒരു ഇടവകയിലെ ഒരു പ്രദേശത്തു വരുന്ന കുടുംബങ്ങൾ ഒരുമിച്ച് കൂടിയാണ് ഒരു കൂട്ടായ്മാസമൂഹമായി പ്രവർത്തിക്കുന്നത്. സ്വന്തം ഇഷ്ടാനുസരണമുള്ള ഒരു സമൂഹമല്ല ഇത്. ഒരു പ്രദേശത്തെ കുടുംബാംഗങ്ങൾ തമ്മിൽ യാതൊരു ഭിന്നതയും കൂടാതെ പരസ്പരം അംഗീകരിച്ച് കൂട്ടായി പ്രവർത്തിക്കുമ്പോഴാണ് യഥാർഥ ക്രിസ്തീയ അരൂപി പ്രകടമാകുന്നത്. ഈ അരൂപി നമ്മുടെ കൂട്ടായ്മയിൽ സംജാതമാകാൻ ഇന്നത്തെ പ്രാർഥനാകൂട്ടായ്മയിൽ നമുക്ക് പ്രാർഥിക്കാം. പുതിയ നേതൃത്വത്തോട് ചേർന്ന് പ്രവർത്തിക്കാം.

**ചർച്ച**

1. ഇടവകയിൽ പരസ്പരമുള്ള സഹകരണം കുടുംബകൂട്ടായ്മകളിലൂടെ ഏതെല്ലാം രീതിയിൽ വളർത്തിയെടുക്കുവാൻ സാധിക്കും? ■

ജെ.സി.

# സാമ്പത്തിക സംവരണം സാമൂഹിക നീതിക്കെതിര്

മുന്നോക്കവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് (EWS) സർക്കാർ ഉദ്യോഗത്തിനും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനത്തിനും 10 ശതമാനം സംവരണം അനുവദിച്ചുകൊണ്ടുള്ള ഭരണഘടനാഭേദഗതി സുപ്രീംകോടതി ഭൂരിപക്ഷ വിധിതീർപ്പിലൂടെ ശരിവച്ചത് ഗുജറാത്തിലെയും ഹിമാചൽ പ്രദേശിലെയും നിയമസഭാ തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ വലിയ മുതൽക്കൂട്ടാകും. 2019 ൽ കേന്ദ്രത്തിൽ മോദിയുടെ രണ്ടാമൂഴത്തിനായുള്ള പൊതുതിരഞ്ഞെടുപ്പിനുതൊട്ടു മുൻപാണ് കേവലം മൂന്നുദിവസം കൊണ്ട് പാർലമെന്റിൽ ഇഡബ്ല്യുഎസ് സംവരണത്തിനായുള്ള 103-ാം ഭരണഘടനാ ഭേദഗതിബില്ല് അവതരിപ്പിച്ചുപാസാക്കി രാഷ്ട്രപതിയുടെ അംഗീകാരം വാങ്ങി നിയമമാക്കി വിജ്ഞാപനമിറക്കിയത്. 2019 ജനുവരിയിൽ പാർലമെന്റിൽ ഭരണഘടനാഭേദഗതി ബില്ല് അവതരിപ്പിച്ചപ്പോൾ ഡിഎംകെയും ആർജെഡിയും മുസ്ലീം ലീഗും ഉവൈസിയുടെ എഐഎംഐഎം പാർട്ടിയും ഒഴികെ പ്രതിപക്ഷത്തെ മിക്കകക്ഷികളും അതിനെ പിൻതാങ്ങിയത് മാറുന്ന ദേശീയ രാഷ്ട്രീയ സാഹചര്യത്തിൽ ലോക്സഭാ തിരഞ്ഞെടുപ്പിന്റെകൂടെ പശ്ചാത്തലത്തിലാകണം. സാമ്പത്തിക സംവരണത്തിനെതിരെ 39 ഹർജികളാണ് ഭരണഘടനാ ബഞ്ച് പരിഗണിച്ചത്. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കും ഇതര പിന്നാക്ക വിഭാഗങ്ങൾക്കും നിലവിലുള്ള സംവരണത്തിൽ കുറവ് വരുന്നില്ല. എന്നതിനാൽ സാമ്പത്തിക സംവരണത്തിനായുള്ള ഭരണഘടനാ ഭേദഗതി ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾക്കും വിരുദ്ധമല്ലെന്നാണ് ഭൂരിപക്ഷ വിധിതീർപ്പ്. ദരിദ്രരിൽ ദരിദ്രരായവർ എന്ന പരിഗണനയിൽ സംവരണ പരിധിയിലേക്ക് കൂടിച്ചേരലുകൾ ഉണ്ടാകുമ്പോൾ എല്ലാ ജനവിഭാഗത്തിലെയും ദരിദ്രരിൽ ദരിദ്രരെ ഉൾപ്പെടുത്തേണ്ടതാണ്. ഇഡബ്ല്യുഎസ് ക്വാട്ടയിൽ നിന്ന് എസ്സി, എസ്ടി, എസ്ഇബിസി, ഒബിസി വിഭാഗങ്ങളെ ഒഴിവാക്കുന്നത്, ശത്രുതാപരമായ വിവേചനവും അപരവൽക്കരണവുമാണ് എന്ന് വിധിന്യായത്തിൽ പറയുന്നു. സാമ്പത്തിക പിന്നാക്കാവസ്ഥയിൽ കഴിയുന്നവർ കൂടുതലായുള്ളത് സാമുദായിക സംവരണവിഭാഗത്തിലുള്ളവരാണ്.



മണ്ഡൽ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ പിന്നാക്ക സംവരണവുമായി ബന്ധപ്പെട്ട 1992 ലെ ഇന്ദ്രസാഹ്നി കേസിൽ ഒമ്പതംഗ ഭരണഘടനാബഞ്ച് സംവരണത്തിൽ 50 ശതമാനം എന്ന പരിധി നിശ്ചയിച്ചിരുന്നു. കേരളത്തിൽ ആദ്യമായി മുന്നോക്ക സാമ്പത്തിക സംവരണം നടപ്പാക്കിയ ഇടതുമുന്നണി സർക്കാർ ഇപ്പോൾ സംസ്ഥാനത്തിലെ പ്രബല സവർണവിഭാഗങ്ങളുടെ പ്രീതി നേടിയിരിക്കുകയാണ്. യാതൊരു പഠനവും ഇതേപ്പറ്റി നടത്താതെയാണ് ഈ തീരുമാനം എടുത്തത്. പ്ലസ്-ടു പ്രവേശനത്തിൽ നിന്ന് തുടങ്ങി പി.ജി. അഡ്മിഷനിൽ വരെ മൊത്തം സീറ്റിന്റെ 10 ശതമാനം വിഹിതമാണ് മുന്നോക്ക വിഭാഗങ്ങൾക്ക് അലോട്ട് ചെയ്തത്. ജനറൽ കാറ്റഗറിയിലെ സീറ്റുകളുടെ 10 ശതമാനത്തിന് പകരം സംവരണ വിഭാഗത്തിലെ സീറ്റുകൾകൂടി ഉൾപ്പെടുത്തി നിശ്ചിത ക്വോട്ടയുടെ നേരെ ഇരട്ടി, 20 ശതമാനം സീറ്റുകൾ വരെ മുന്നോക്കവിഭാഗത്തിന് ലഭിക്കുന്ന, കടുത്ത സാമൂഹ്യ അനീതിയാണ് പ്രയോഗത്തിൽ കണ്ടത്. യുപിഎസ്സി എൻജിനീയറിംഗ് പ്രവേശനത്തിനായുള്ള ജോയിന്റ് എൻട്രൻസ് എക്സാമിനേഷൻ തുടങ്ങിയ പ്രവേശന പരീക്ഷകളിൽ ഒബിസിയേക്കാൾ താഴെയാണ് ഇഡബ്ല്യുഎസ് ക്വാട്ടയിലെ കട്ട് ഓഫ് മാർക്ക്.

ദാരിദ്ര്യം മാറ്റാനുള്ള പോംവഴി സംവരണമല്ല. സാമ്പത്തിക സംവരണം ഏർപ്പെടുത്തിയാൽ തന്നെ അതിൽനിന്ന് പിന്നാക്ക വിഭാഗങ്ങളെ മാറ്റിനിറുത്തുന്നത് ഭരണഘടന വിഭാവനം ചെയ്യുന്ന സാമൂഹ്യ നീതിക്കും സമത്വത്തിനും കടകവിരുദ്ധമാണ്. ഈ സാഹചര്യത്തിൽ മുന്നോക്ക സംവരണവിധിക്കെതിരെ പുനഃപരിശോധന ഹർജി നൽകാനുള്ള നീക്കത്തിലാണ് പിന്നാക്ക പട്ടികവിഭാഗ സംഘടനകൾ. സംവരണം ഒരു ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയല്ല. സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് പിന്നാക്കവിഭാഗങ്ങളെ കൊണ്ടുവരുന്നതിനുള്ള ഭരണഘടന നൽകുന്ന ഒരവകാശമാണ്. സാമ്പത്തികസംവരണം സാമൂഹ്യനീതിക്ക് എതിരാണെന്ന് മനസ്സിലാക്കിയുള്ള പോരാട്ടത്തിന് നാം സന്നദ്ധരാവണം. ■


നവീകരിച്ച
തൈക്കാട് അസ്സംപ്ഷൻ ദൈവാലയ
ആശീർവാദ കർമ്മം
18
ഡിസംബർ 2022, ഞായർ വൈകുന്നേരം 4 ന്
മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ
മെത്രാപോലിത്ത ദൈവജനത്തിനായി
സമർപ്പിക്കുന്നു.
ഏവർക്കും
സ്വാഗതം

Total Page 44
Pub. Date : 01.12.2022
RNI Registered NO. 36056/81 REG NO. KL/TV(S)266/2021-2023. WPP NO. KL/TV(S)WPP/171/2021-2023 JEEVANUM VELICHAVUM Rs. 25.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press,
Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Deepak Anto